# സെന്റ് അഗസ്റ്റിൻസ് ഹൈസ്കൂൾ നെല്ലിക്കുറ്റി

## സ്കൂൾ മാഗസിൻ 2024

# നീലാംബരി






ഒരു ലിറ്റിൽ കൈറ്റ്സ് പ്രസിദ്ധീകരണം

https://sahsnellikutty.blogspot.com Sahsnellikutty.facebook.com

# എഡിറ്റോറിയൽ





ഡിജിറ്റൽ മാധ്യമങ്ങൾ നമ്മുടെ ജീവിതത്തിന്റെ അവിഭാജ്യ ഘടകമായി മാറിയിരിക്കുന്ന ഈ കാലഘട്ടത്തിൽ ഈ സ്ക്രൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ നേതൃത്വത്തിൽ "നീലാംബരി "എന്ന പേരിൽ ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നുവെന്നത് ഒത്തിരി സന്തോഷം നൽകുന്നതാണ്. ഏത് രംഗത്തും നിർമ്മിത ബുദ്ധിയുടെ അനന്ത സാദ്ധ്യതകൾ അനിവാര്യമായിരിക്കുന്ന ഈ കാലഘട്ടത്തിൽ നമ്മുടെ മക്കൾ പ്രസിദ്ധീകരണ രംഗത്തും കഴിവ് തെളിയിച്ചിരിക്കുന്നു എന്നത് അഭിമാനകരമാണ്. കുട്ടികളുടെ പാഠ്യ പാഠ്യേതര പ്രവർത്തനങ്ങൾ ഡിജിറ്റൽ മാധ്യമങ്ങളിലൂടെ മുന്നേറുന്ന ഈ സമയത്ത് നമ്മുടെ കൊച്ചു കൂട്ടുകാർ അവരുടെ സർഗവാസനകൾ കോർത്തിണക്കിയാണ് 'നീലാംബരി' തയ്യാറാക്കിയിരിക്കുന്നത് ഇതിൻ്റെ പിന്നിൽ പ്രവർത്തിച്ച എല്ലാ കുട്ടികൾക്കും, അവർക്ക് കരുത്തായി അവരെ നയിച്ച ലിറ്റിൽ കൈറ്റ്സ് മാസ്റ്റർമാരെയും അഭിനന്ദിക്കുന്നു. ഈ സംരഭത്തിന് എല്ലാ വിജയാശംസകളുംനേരുന്നു.

സിബി ഫ്രാൻസിസ്
ഹെഡ്മാസ്റ്റർ
സെന്റ്. അഗസ്റ്റിൻസ് ഹൈസ്ക്കൂൾ നെല്ലിക്കുറ്റി



# എഡിറ്റോറിയൽ ബോർഡ്

## ചീഫ് എഡിറ്റർ

സിബി ഫ്രാൻസിസ്
ഹെഡ്മാസ്റ്റർ
സെന്റ്.അഗസ്റ്റിൻസ് ഹൈസ്കൂൾ നെല്ലിക്കുറ്റി
ഫോൺ: 9446651988
E-mail: nellikuttyhs@gmail.com

## സബ് എഡിറ്റേർസ്

ജോയ്സ് സഖറിയാസ്
HST Mathematics
St. Augustine HS Nellikutty
Ph :9656519645



മജി മാത്യു
HST Physical Science
St. Augustine HS Nellikutty
Ph.8547595748



## സ്റ്റുഡൻന്റ് എഡിറ്റേഴ്സ്

മാസ്റ്റർ അലൻ ബാബു ജോൺ
മാസ്റ്റർ അമൽ എസ് ടോം
കുമാരി അലീന റോസ്
കുമാരി ദിയ ഡി
മാസ്റ്റർ അവിധാൻ നിഷാന്ത്
മാസ്റ്റർ ആൽബിൻ ജോ മാത്യു
മാസ്റ്റർ അമിത് കെ

## ഡിസൈൻ &ലേ ഔട്ട്

ആൽവിൻ ആന്റണി

# താളുകൾ മറിക്കുമ്പോൾ


| | | |
|---|---|---|
| ചരിത്രം | പിന്നിട്ട വഴികളിലൂടെ | പേജ് 1 |
| ലേഖനം | കോവിഡ് മഹാമാരിയും അധ്യയനവും | പേജ് 2 |
| | പ്രവർത്തന റിപ്പോർട്ട് | പേജ് 8 |
| കവിത | മഞ്ഞഴക് | പേജ് 16 |
| കവിത | എന്റെ മലയാളം | പേജ് 17 |
| ചിത്രം | ജ്യോമെടി ചാർട്ട് | പേജ് 18 |
| ചിത്രം | ദി ബേർഡ് | പേജ് 19 |
| കഥ | ഓണാഘോഷം | പേജ് 20 |
| ലേഖനം | സമയത്തിന്റെ പ്രാധാന്യം | പേജ് 21 |
| ലേഖനം | നഷ്ടങ്ങൾ ബാക്കിയാക്കുന്ന ലഹരി | പേജ് 22 |
| കവിത | I will fly | പേജ് 23 |
| ലേഖനം | ലഹരി | പേജ് 24 |
| കഥ | സ്കൂൾ | പേജ് 25 |
| കഥ | ഓണക്കോടി | പേജ് 26 |
| കഥ | വിശക്കുന്നവന്റെ മണിക്ക്യം | പേജ് 27 |
| കഥ | ഒരു ഉത്സവ കാഴ്ച | പേജ് 28 |
| കഥ | അവധിക്കാലം | പേജ് 29 |
| കഥ | ഓണാഘോഷം | പേജ് 30 |
| ലേഖനം | നഷ്ടങ്ങൾ ബാക്കിയാകുന്ന ലഹരി | പേജ് 31 |
| ലേഖനം | വിദ്യാർത്ഥികളിലുണ്ടാകേണ്ട അച്ചടക്കം | പേജ് 32 |
| കഥ | Challenges of life | പേജ് 33 |
| കവിത | ഗ്രേസ് | പേജ് 34 |
| കവിത | മൈ കുക്കു | പേജ് 35 |
| ലേഖനം | മാതൃത്വം അവഗണിക്കപ്പെടുമ്പോൾ | പേജ് 36 |
| സ്ഥിതിവിവരക്കണക്ക് | മികവിന്റെ വഴികളിൽ | പേജ്37 |




# പിന്നിട്ട വഴികളിലൂടെ

കണ്ണൂർ ജില്ലയിലെ പ്രകൃതിരമണീയ മലയോര ഗ്രാമമായ നെല്ലിക്കുറ്റിയുടെ ഹൃദയഭാഗത്തായി സ്ഥിതി ചെയ്യുന്ന ഒരു എയ്ഡഡ് വിദ്യാലയമാണ് സെന്റ് അഗസ്റ്റിൻസ് ഹൈസ്കൂൾ നെല്ലിക്കുറ്റി. ലോകമഹായുദ്ധം ലോകമെങ്ങും ദുരന്തങ്ങൾ വിതറിയതിന്റെ ഫലമായി മധ്യതിരുവിതാംകൂറിലെ സാമൂഹിക സാമ്പത്തിക രാഷ്ട്രീയരംഗങ്ങളിൽ വന്ന മാറ്റം ജന ജീവിതം ദുസ്സഹമാക്കിയപ്പോൾ ഇനിയെന്തെന്ന് ചോദ്യത്തിന്റെഉത്തരം തേടി മധ്യ തിരു-വിതാംകൂറിൽ നിന്ന് മലബാർ എന്ന കാനാൻ ദേശത്തേക്ക്പ്രയാണം ചെയ്ത ഒരുപറ്റം ജനങ്ങളുടെ ആവാസ കേന്ദ്രമായി പശ്ചിമഘട്ട മലനിരകളുടെ താഴ്വാരത്ത് മധ്യതിരുവിതാംകൂറിൽനിന്ന് ജീവിതം തേടിവന്ന കുടിയേറ്റജനത കാട് നാടാക്കി കനകം വിളയിക്കുമ്പോഴും തങ്ങളുടെ പിഞ്ചോമനകളുടെ ഭാവിയെക്കുറിച്ചുള്ള ഉത്ക്കണ്ഠ നിറഞ്ഞുനിന്നു. ജന്മനാളിൽ തേനും വയമ്പും നല്കിയ പൊന്നോമനകൾക്ക് അറിവിന്റെ തിരിനാളം തെളിയിക്കാനായി ഒരുജനതയുടെ കൂട്ടായ അധ്വാനവും സംഘബലവും, വി. അഗസ്തിനോസിന്റെ അനുഗ്രഹവർഷവും വിദ്യാദേവതയുടെ കടാക്ഷവും ആയപ്പോൾ ഔപചാരിക വിദ്യാഭ്യാസത്തിന് തിരിതെളിഞ്ഞു. റവ. ഫ. ജോർജജ് തടത്തിൽ ആയിരുന്നു ആദ്യ മാനേജർ . ജോൺസൺ മാത്യൂ ആയിരുന്നു ആദ്യ പ്രധാന അദ്ധ്യാപകൻ.വിജ്ഞാനദാഹികളായ മണ്ണിന്റെ മക്കളുടെ സ്വപ്നസാക്ഷാത്ക്കാരമായി നെല്ലിക്കുറ്റി ഇടവകയുടെ സ്വന്തം മാനേജുമെന്റിന്റെ കീഴിൽ 1983-ജൂൺ 15-ന് സെന്റ് അഗസ്ററിൻസ് ഹൈസ്കൂളിന്റെ ശ്രീകോവിലിൽ അക്ഷര ദീപം തെളിഞ്ഞത് ചരിത്ര മുഹൂർത്തമായി.



മലയേരമേഖലയിലെ പിന്നോക്കം നില്ക്കുന്ന പ്രദേശമാണ് നെല്ലിക്കുറ്റി. കോട്ടക്കുന്ന്,ഏറ്റുപാറ, അരീക്കാമല, മിഡിലാക്കയ, പൂപ്പറമ്പ, വെമ്പുവ പ്രദേശങ്ങൾ വിദ്യനേടാനായി നെല്ലിക്കുറ്റിയെയാണ് ആശ്രയിച്ചത്. സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന കുട്ടികൾ പഠിക്കുന്ന സ്ഥാപനമാണിത്. അച്ചടക്കത്തിനും,മൂല്യബോധത്തിനും,സാംസ്കാരികവളർച്ചക്കും, സർഗാത്മകതക്കും ഉന്നതപരീക്ഷാവിജയത്തിനും, കലാകായിക നേട്ടങ്ങൾക്കും പ്രധാന്യം നല്കുന്ന ബോധനരീതികളും പഠനപാഠ്യേതര പ്രവർത്തനങ്ങളുമാണ് നാളിതുവരെ സ്വീകരിച്ചുപോന്നത് .കമ്പ്യൂട്ടർ ലാബിൽ 32 കമ്പ്യൂട്ടറുകൾ, ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യം എന്നിവ ലഭ്യമാണ്. ആധുനികമായ സയൻസ് ലാബും റീഡിംഗ് റൂമുമുണ്ട്. അതിവിശാലമായ ഒരു കളിസ്ഥലം വിദ്യാലയത്തിനുണ്ട്. തലശ്ശേരി അതിരൂപത വിദ്യാഭ്യാസ ഏജൻസിയുടെ കീഴിൽ ഈ വി ദ്യാ ലയം പ്രവർത്തിക്കുന്നു. നിലവിൽ റവ.ഫാ. മാത്യു ഒലിക്കൽ മാനേജരും, ശ്രീ സിബി ഫ്രാൻസിസ് ഹെഡ്മാസ്റ്ററുമാണ്..



# കോവിഡ് കാല വിദ്യാഭ്യാസവും അധ്യാപകരും



Joice Zacharias

"It is easier to build strong children than to repair broken adults"

Dr. A P J Abdul Kalam

.

ഉറച്ച മനസ്സും ശരീരവുമുള്ള ബുദ്ധിശാലികളും പ്രതിഭാധനരുമായ പൗരന്മാരെ വാർത്തെടുക്കുക എന്നതാണ് വിദ്യാഭ്യാസത്തിന്റെ ആത്യന്തികമായ ലക്ഷ്യം. ഉയർന്ന മാനവികതയും, ഉന്നത ചിന്തയും, നീതിബോധവും, സമഭാവനയും, കറയില്ലാത്ത സാമൂഹിക ബോധവും, കലർപ്പില്ലാത്ത മതേതര കാഴ്ചപ്പാടും ഒരാൾ സ്വായത്തമാക്കുന്നത് അവന്റെ വിദ്യാഭ്യാസ കാലഘട്ടത്തിലാണ്. അതുകൊണ്ട് തന്നെ പരിഷ്കൃത സമൂഹങ്ങളുടെയെല്ലാം പുരോഗതിയുടെ അളവുകോലായി കണക്കാക്കപ്പെടുന്നത് അവിടങ്ങളിലെ വിദ്യാഭ്യാസ സമ്പ്രദായങ്ങളുമാണ്.

ലോകം നേട്ടങ്ങളുടെ നെറുകയിൽ വിരാജിക്കുന്ന 2020 യിൽ നമ്മെ വരവേറ്റത് തികച്ചും അപ്രതീക്ഷിതവും അസാധാരണവുമായ ഒരു സാഹചര്യമാണ്. 200 രാജ്യങ്ങളിലായി 1 .6 ബില്യൺ വിദ്യാർത്ഥികളെ ബാധിച്ച ഒരു മഹാമാരിയുടെ നടുവിലാണ് നാം. സകല മേഖലകളെയും ബാധിച്ച കോവിഡ് 19 മഹാവ്യാധി ഒരു പക്ഷെ മറ്റ് രാജ്യങ്ങളുടെ വിദ്യാഭാസ മേഖലയിൽ അത്രത്തോളം ആഘാതം ഏൽപ്പിച്ചു എന്ന് പറയാൻ കഴിയില്ല; ഇന്ത്യയിൽ - പ്രത്യേകിച്ച് കേരളത്തിൽ ഇതിന്റെ പ്രഹരം അത്ര വലുതാണ് എന്ന് പറയേണ്ടി വരും. വികസിത രജ്യങ്ങളൊക്കെത്തന്നെ ഡിജിറ്റൽ വിദ്യാഭ്യാസത്തിന് മുന്നേ തന്നെ ഏറെ പ്രാധാന്യം നൽകുകയും അത്തരത്തിലുള്ള പഠന വിലയിരുത്തൽ തന്ത്രങ്ങൾ ആവിഷ്ക്കരിക്കുകയും ചെയ്തിട്ടുണ്ടായിരുന്നു എന്ന് വേണം പറയാൻ. ഡിജിറ്റൽ ബോർഡുകളും, വീഡിയോ കോൺഫെറെൻസുകളും, ലൈവ് സ്ട്രീമിങ്ങും റിമോട്ട് ഷെയറിങ്ങും തുടങ്ങിയ ആധുനിക സാധ്യതകൾ ഇന്ത്യയെക്കാളും അവികസിതമായ, പരിമിത സൗകര്യങ്ങളുള്ള മാലിദ്വീപിലൊക്കെ 10 വർഷം മുമ്പേ ആരായുകയും ഉപയോഗപ്പെടുത്തുകയും ചെയ്തിരുന്നു. എന്നാൽ ഗൂഗിൾ മീറ്റിന്റെയും, സൂമിന്റെയും, ടീച്മിന്റിന്റെയും ഉപയോഗമൊക്കെ നമ്മൾ അറിഞ്ഞു വരുന്നതേയുള്ളൂ എന്നതാണ് വാസ്തവം. ഡിജിറ്റൽ സാദ്ധ്യതകൾ ഇനിയും നമ്മുടെ പാഠ്യപദ്ധതിയുടെ ഭാഗമായിട്ടില്ല എന്നതാണ് യാഥാർഥ്യം! എന്നാൽ സാങ്കേതിക വിദ്യയുടെ അഭാവമോ, ഡിജിറ്റൽ പഠനോപകാരണങ്ങളുടെ ലഭ്യതക്കുറവോ മാത്രമാണോ ഈ മഹാമാരിയുടെ കാലത്തു നമ്മുടെ




വിദ്യാഭ്യാസ മേഖലയുടെ പ്രശ്നങ്ങൾ? അത്യാവശ്യം ഡിജിറ്റൽ ഉപകരണങ്ങൾ ഓരോ കുട്ടിക്കും ലഭ്യമാക്കി നമ്മൾ പഠന പ്രക്രിയ തുടരുന്നു. പക്ഷെ അസ്വസ്ഥത എവിടെയൊക്കെയോ ഉണ്ട് - രക്ഷിതാക്കൾക്കും, കുട്ടികൾക്കും അധ്യാപകർക്കും!

വിക്ടേഴ്‌സ് ചാനലിലൂടെയുള്ള ക്ലാസ്സുകളും

അധ്യാപകർ നൽകുന്ന വാട്സ് ആപ്പ് പിന്തുണയും , വീഡിയോ ട്യൂട്ടോറിയലുകളും ഗൂഗിൾ മീറ്റുമൊക്കെ അക്കാഡമിക് മികവ് നേടാൻ കുട്ടികളെ സഹായിക്കുന്നില്ല എന്നതാണ് സത്യം. 'കോവിഡ് 19 മഹാമാരിയും വിദ്യാഭ്യാസവും' എന്ന യുനെസ്കൊ റിപ്പോർട്ടിൽ പറയുന്നത് "അക്കാഡമിക് മികവിലും നൈപുണിയിലും കുട്ടികൾ ഏറെ പിന്നോക്കം പോയിരിക്കുന്നു" എന്നാണ്. "മാനസികവും സാമൂഹികവും വൈകാരികവുമായ ആഘാതം ഈ നൂറ്റാണ്ടിലെ ഏറ്റവും വലുതാണ്" എന്നും റിപ്പോർട്ട് പറഞ്ഞു വക്കുന്നു. “Education in a pandemic” അമേരിക്കയിലെ "Office for Civil rights" നടത്തിയ പഠനത്തിൽ പറയുന്നത് " Disparities in every field" എന്നാണ്. വിദ്യാഭാസ മേഖലയിൽ അക്കാഡമിക് , ക്വാളിറ്റി ,ശാരീരിക, മാനസിക വൈകാരിക, ആൺ- പെൺ , മേഖലകളിലെല്ലാം അസമത്വം വന്നുഭവിച്ചിരിക്കുന്നു എന്ന് സൂചിപ്പിക്കുന്നു. ഇവിടെയാണ് മറ്റ് സംസ്കാരങ്ങളിലേതിൽ നിന്ന് വിഭിന്നമായി ഇന്ത്യൻ സംസ്കാരമുള്ള വിദ്യാർത്ഥികളുടെ ഈ മഹാമാരിക്കാലത്തെ വിദ്യാഭ്യാസത്തെ വിലയിരുത്തേണ്ടത്.

മൊബൈൽ ഫോണുമായി അധ്യാപകരും കുട്ടികളും സ്കൂളിൽ വരാൻ പാടില്ല, വീട്ടിൽ കുട്ടികൾ മൊബൈൽ ഉപയോഗിക്കാൻ പാടില്ല , ഇന്റർനെറ്റ് ഒരു കെണിയാണ് എന്ന് തുടങ്ങി വാട്സ് ആപ്പ്, ഫേസ്ബുക്ക് തുടങ്ങിയവയൊക്കെ പടിക്ക് പുറത്തു നിർത്തേണ്ടവയാണ് എന്ന് വരെ ചിന്തിച്ചിരുന്ന ഒരു കാലത്തിന് മാസങ്ങളുടെ പഴക്കമേയുള്ളൂ. "ഒന്ന് വാട്സ് ആപ്പ് എടുത്തു നോക്കു കുട്ടീ,എത്ര തവണ ഞാൻ പറഞ്ഞു "എന്ന് അച്ഛനമ്മമാരും അധ്യാപകരും ഇന്ന് പരിതപിക്കുന്ന കേൾക്കാം , 16 മാസങ്ങൾക്കിപ്പുറം! അവിടെയൊരു ചോദ്യമുണ്ട്; മൊബൈൽ, ഇന്റർനെറ്റ് വാട്സ് ആപ്പ് ഒക്കെ നല്ലതാണോ, മോശമാണോ അതോ അവ നിയന്ത്രിക്കേണ്ടതുണ്ടോ കുട്ടികൾക്ക് എന്ന്. ശരിയേത് തെറ്റേത് എന്നതല്ല, മഹാമാരിക്കാലത്തെ ഡിജിറ്റൽ പഠനം കൊണ്ട് ഏതെങ്കിലും മേഖലയിൽ നേട്ടമുണ്ടാക്കാൻ കുട്ടികൾക്ക് കഴിയുന്നുണ്ടോ? ഏതൊക്കെ മേഖലകളിലാണ് കുറവുകളുള്ളത്, എന്തൊക്കെ തിരുത്തലുകളാണ് വരുത്തേണ്ടത്, എന്നൊക്കെയുള്ള ഒരു പഠനം പോലും നമ്മുടെ നാട്ടിൽ നടന്നിട്ടുണ്ടോ എന്ന് സംശയമാണ്. സത്യസന്ധമായി വിലയിരുത്തുമ്പോൾ കൊറോണ മാറ്റിമറിച്ച ലോകം എന്ന് പരിതപിക്കുന്നതിനോടൊപ്പം, ഈ മഹാമാരി നമുക്ക് കൊണ്ടുവന്നതന്ന നേട്ടങ്ങൾ കൂടി കണ്ടെത്തേണ്ടതും അത്യാവശ്യമാണ്.

## കൂടുമ്പോൾ ഇമ്പമുള്ള കുടുംബം - കൊറോണ കൊണ്ടുത്തന്ന "അവസരം"

"Creativity leads to thinking, Thinking provides knowledge knowledge makes you great" Dr. APJ

കോവിഡ് 19 ന് മുമ്പും പിൻപും എന്ന് ചരിത്രത്തെ വിലയിരുത്തിയാൽ നമുക്ക് കണ്ടെത്താനാവുന്ന ഏറ്റവും വലിയ മാറ്റം കുടുംബങ്ങളിലാണ്; കുടുംബാംഗങ്ങൾ എല്ലാവരും വീട്ടിനുള്ളിൽ ഒരുമിച്ചുകൂടാനുള്ള മഹാഭാഗ്യം ഉണ്ടായി എന്നതാണ്.അച്ഛനുമമ്മയും മക്കളും , മുത്തച്ഛനും മുത്തശ്ശിയും മറ്റ് ബന്ധുജനങ്ങളുമൊക്ക ഒരു കൂരക്ക് കീഴിൽ എത്തപ്പെട്ടു, ദിവസങ്ങളോളം, അല്ല മാസങ്ങളായി! ഒരാളുടെ ജീവിതത്തിൽ ഏറെ പ്രിയപ്പെട്ട നിമിഷങ്ങൾ എന്ന് പറയുന്നത് കുടുംബത്തോടൊപ്പം ചിലവഴിക്കാൻ കിട്ടുന്ന നിമിഷങ്ങളാണ്. അധ്യാപകർ മുമ്പ് വിളിക്കുമ്പോൾ രക്ഷിതാക്കളുടെ പരാതി 'കുട്ടികളെ ശ്രദ്ധിക്കാൻ, പിടിഎ മീറ്റിങ്ങിനു വരാൻ , ഹോം വർക്ക് സഹായിക്കാൻ , എന്തിനേറെ മക്കളുടെ ദൈനംദിന കാര്യങ്ങൾ ശ്രദ്ധിക്കാൻ പോലും സമയമില്ല' എന്നതായിരുന്നു. ഇത് ഒരു അവസരമായിക്കണ്ട് കുടുംബത്തിൽ സ്നേഹം വാരിവിതറിയ, പരസ്പരം താങ്ങായി മാറിയ, സമയം ഫലപ്രദമായി വിനിയോഗിച്ച , നേട്ടങ്ങൾ കൊയ്ത എത്രയോ കുടുംബങ്ങളെ കാണാൻ സാധിച്ചു. ഒരു അധ്യാപകനെന്ന രീതിയിൽ ചാരിതാർഥ്യം തോന്നുന്നത് തന്റെ ശിഷ്യരുടെ വളർച്ച നേരിട്ട്

കാണുമ്പോഴാണ്. ഇത്തരത്തിൽ കുടുംബഗാഥകൾ രചിച്ച ഒരുപാട് ശിഷ്യഗണങ്ങളെ കിട്ടിയത് ഭാഗ്യമായിത്തന്നെ കരുതുന്നു.

സാധ്യതകളെ അവസരമായിക്കണ്ട കൊച്ചുക്കൂട്ടുകാർ ബോട്ടിൽ പെയിന്റിങ്ങും , ക്രാഫ്റ്റ് വർക്കും, ചിത്രരചനയും, പാട്ടും , ഡാൻസും, ടിക്ക് ടോക്കും , യു ട്യൂബ് ചാനലുമൊക്കെയായി നമ്മുടെ മനസ്സിലേക്ക് കടന്നു കയറിയത് എത്ര വേഗമാണ്. ഇന്റർനെറ്റിന്റെ അപാര സാധ്യതകളെ ഇത്ര കുറച്ചുകാലം കൊണ്ട് ഫലപ്രദമായി ചൂഷണം ചെയ്ത വേറൊരു തലമുറയുണ്ടോ? ഒരു പാട്ടുകാരനാവാൻ, മ്യൂസിഷ്യൻ ആവാൻ, കൊമേഡിയൻ ആവാൻ വർഷങ്ങളുടെ കാത്തിരിപ്പുകളും തയ്യാറെടുപ്പുകളും




വേണ്ടിയിരുന്ന പഴയ തലമുറയുടെ മുമ്പിൽ ഏതാനും നിമിഷങ്ങൾ കൊണ്ട് 'വൈറൽ' ആയി ജനമനസ്സുകളിൽ ഇടംപിടിച്ച എത്രയോ കൊച്ചു മിടുക്കൻമാരും മിടുക്കികളുമുണ്ട്.ആ വിജയങ്ങൾക്കൊക്കെ പിന്നിൽ കുടുംബത്തിന്റെ പിന്തുണയുണ്ട്, അധ്യാപകരുടെ പ്രോത്സാഹനമുണ്ട്. ഒരു മൊബൈൽ കൈകാര്യം ചെയ്യാൻ പോലുമറിയാതെ നമ്മളിൽ പലരും വിഷമിക്കുമ്പോൾ ഇലക്ട്രോണിക് - ഡിജിറ്റൽ ഉപകരണങ്ങളെ , അവയുടെ സാധ്യതകളെ അനായാസം കൈകാര്യം ചെയ്യുന്ന ഇന്നത്തെ തലമുറ നമ്മുടെ അധ്യാപകരായി മാറിക്കൊണ്ടിരിക്കുന്നു, പല കാര്യങ്ങളിലും!

'കൊറോണയും' പഠനവും ഒരു നേർക്കാഴ്ച

മക്കൾക്ക് വേണ്ടി ചിലവഴിക്കാൻ 'സമയമില്ലാ' എന്ന് പരിതപിച്ചിരുന്ന ഭൂരിഭാഗം രക്ഷിതാക്കളും ഈ 16 മാസങ്ങൾക്ക് ശേഷം ഇപ്പോൾ പറയുന്നത് സമയം ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുന്നില്ല, അല്ലെങ്കിൽ മക്കൾ അങ്ങനെ ചെയ്യുന്നില്ല എന്ന പരാതിയാണ്.ഏറെ സമയം കിട്ടിയപ്പോൾ അത് ഇന്റർനെറ്റ് ദുരുപയോഗത്തിലേക്ക് നയിച്ചു എന്ന് പല രക്ഷിതാക്കളും പരാതിപ്പെടുന്നു.അക്കാഡമിക് മികവ് എന്നത് തുലോം കുറയുകയും ഇന്റർനെറ്റ്/ ഡിജിറ്റൽ സാധ്യതകളുടെ കൈകാര്യം ചെയ്യാനുള്ള മികവ് കൂടുകയും ചെയ്തു. ഇന്റർനെറ്റ് വിദ്യാഭ്യാസം താരതമ്യേന കുറവുള്ള ഭൂരിഭാഗം രക്ഷിതാക്കൾക്കും ഇത്ഒരു തലവേദനയായി മാറിക്കൊണ്ടിരിക്കുന്നു എന്നതാണ് വാസ്തവം. സമയമില്ല എന്നതല്ല, സമയം അധികമുണ്ട് അത് നേർവഴിക്ക് വിനിയോഗിക്കപ്പെടുന്നില്ല എന്നതാണ് പ്രശ്നം. അക്കാഡമിക് മികവ് പൂർണ്ണമായും നേടാൻ കഴിയില്ല എന്നത് ശരിതന്നെ , പക്ഷെ അടിസ്ഥാന വസ്തുതകൾ ഓരോ കുട്ടിയും മനസ്സിലാക്കിയിട്ടുണ്ട് എന്ന് ഉറപ്പു വരുത്താൻ അധ്യാപകർക്ക് കഴിയണം. എന്തൊക്കെയോ പഠിപ്പിക്കുക അല്ല, കാലഘട്ടത്തിന്റെ ചുവരെഴുത്തുകൾ വായിച്ചുകൊണ്ട് 'മിനിമം ലെവൽ ഓഫ് ലേർണിംഗ് 'ഓരോ കുട്ടിക്കും ലഭിക്കുന്നുണ്ട് എന്നുറപ്പാക്കുകയാണ് ആവശ്യം. രക്ഷിതാക്കളുടെ ആശങ്കകൾ ദൂരീകരിച്ചു കൊണ്ട് അവരോടൊപ്പം നിന്ന് കുട്ടികൾക്കാവശ്യമായ പഠന പിന്തുണ ഉറപ്പാക്കാൻ ഓരോ അധ്യാപകനും കഴിയണം.

രക്ഷിതാക്കൾക്ക് പുതിയ സമീപനങ്ങളെ മനസ്സിലാക്കിക്കൊടുക്കാനുള്ള ശാക്തീകരണ പരിപാടികളും, ഇന്റർനെറ്റ് ട്രെയിനിങ് ക്ലാസ്സുകളും, മൊബൈൽ ഗാഡ്ഗെറ്റ്സ് പരിചയപ്പെടുത്തലും

വളരെ കാര്യക്ഷമമായി സ്കൂളുകളിൽ നടന്നു വരുന്നുണ്ട്.




എന്നാൽ മൊബൈൽ ഗെയിം ഇന്ന് മറ്റൊരു മഹാവ്യാധിയായി മാറിക്കൊണ്ടിരിക്കുന്നു. രക്ഷിതാക്കൾ പലരും ഇക്കാര്യത്തിൽ അജ്ഞരാണ് എന്നതാണ് വസ്തുത. അധ്യാപകരുടെ കൃത്യമായ ഇടപെടലും, നിർദേശവും,തിരുത്തലുകളും ഇക്കാര്യത്തിൽ ഉണ്ടാവുന്നുണ്ട്.

ഭൂരിഭാഗം രക്ഷിതാക്കളും ഇക്കാര്യത്തിൽ നിസ്സഹായരാണ്. ഗെയിമുകൾക്കടിപ്പെട്ട് ജീവിതം തന്നെ തകർന്ന എത്രയോ കുടുംബങ്ങൾ നമുക്ക് മുന്നിലുണ്ട്. മാറിയ സാഹചര്യത്തിൽ വിദ്യാഭാസ വകുപ്പ് തന്നെ ഒരു പഠനം നടത്തുകയും മൊബൈൽ ഗെയിമുകൾ തന്നെ കുട്ടികൾക്ക് ലഭ്യമാകാത്ത തരത്തിൽ നിയമനിർമ്മാണത്തിലൂടെ അത് തടയുകയും വേണം. രക്ഷിതാക്കൾ കുറച്ചുകൂടി മെച്ചപ്പെട്ട ഡിജിറ്റൽ വിദ്യാഭ്യാസം നേടാതെ മുന്നോട്ട് പോവുക എന്നത് ഒഴിവാക്കാനാവാത്ത ഒരു കാര്യമായിത്തീർന്നിരിക്കുന്നു.

## മാനസികവും ശാരീരികവുമായ പ്രത്യാഘാതങ്ങൾ

ഒന്നര വർഷത്തോളമായി വീടുകളിൽത്തന്നെ കഴിയുന്ന കുട്ടികൾക്ക് ശാരീരികവും മാനസികവുമായി ഒരുപാട് പ്രശ്നങ്ങൾ അഭിമുഖീകരിക്കേണ്ടി വരുന്നുണ്ട്. രക്ഷിതാക്കളിൽ നിന്നും മറ്റ് കുടുംബാംഗങ്ങളിൽ നിന്നുമുള്ള സമ്മർദ്ദം, മാനസിക പിരിമുറുക്കം, ഗാർഹിക പീഡനങ്ങൾ, ഇന്റർനെറ്റ് അഡിക്ഷൻ, മൊബൈൽ ഗെയിം അഡിക്ഷൻ തുടങ്ങിയ മാനസിക പ്രശ്നങ്ങളും, അമിത വണ്ണം,കണ്ണിന്റെ കാഴ്ച്ചക്കുറവ് , കൊളസ്ട്രോൾ പോലെയുള്ള അസുഖങ്ങൾ തുടങ്ങി വ്യായാമക്കുറവ് മൂലം ഉണ്ടാകുന്ന ശാരീരിക പ്രശ്നങ്ങളും സമീപഭാവിയിൽ ഒരു വെല്ലുവിളിയായി വരും. താമസിച്ചുണർന്ന് താമസിച്ചുറങ്ങുന്ന ഒരു സംസ്കാരത്തിലേക്ക് നാം എത്തിപ്പെട്ടപ്പോൾ 'ഉറക്കക്കുറവും' അതുമൂലമുണ്ടാകുന്ന ശാരീരിക മാനസിക പ്രശ്നങ്ങളും വളരെ ഏറെയാണ്.സ്വന്തം പ്രശ്നങ്ങളും ആകുലതകളും പങ്കു വാക്കാണ് ആരുമില്ലാത്ത അവസ്ഥയിലേക്ക് പല കുട്ടികളും മാറിയിട്ടുണ്ട്. കുടുംബത്തോടൊന്നിച്ചുള്ള സമയം കൊറോണ കൊണ്ടുതന്നതാണെങ്കിൽ ആ കുടുംബാങ്ങങ്ങൾക്ക് ഒന്നും മിണ്ടാനും

പറയാനും പരസ്പരം കേൾക്കാനും അറിയാനും ഒന്നും സമയമില്ലാത്ത അവസ്ഥയിലേക്ക് " എല്ലാ കുട്ടികൾക്കും മൊബൈൽ' എന്ന നമ്മുടെ സങ്കല്പം എത്തിപ്പെടുത്തപ്പെട്ടു എന്ന് പറയാം. ഇവിടെയാണ് അധ്യാപകരുടെ റോൾ. ഓരോ കുട്ടിക്കും മാനസിക പിന്തുണയുമായി നിങ്ങളുണ്ടാവണം.സ്ക്രൂളുകളിൽനിന്ന് എങ്ങനെ കുട്ടികളുടെ സ്വഭാവ വൈകല്യങ്ങൾ കൈകാര്യം ചെയ്തോ അതെ രീതിയിൽ ഫോൺ വിളിച്ചും, സംസാരിച്ചും, ഓൺലൈൻ കൗൺസിലിംഗ് നൽകിയും ആവശ്യമായ പിന്തുണയുമായി അധ്യാപകർ ഉണ്ടാവണം. രക്ഷിതാക്കളുമായി നിരന്തരം സമ്പർക്കം പുലർത്തിയും ഓരോ കുട്ടിയേയും വിളിച്ചും അവരുടെ പഠനപ്രക്രിയ വിലയിരുത്തുന്നതുപോലെ തന്നെയോ അതിലേറെ കരുതലോ നൽകി ഓരോ കുട്ടിയുടെയും ആവശ്യങ്ങളിൽ കൂടെയുണ്ടാവുന്ന അധ്യാപകരാണ് ഈ കൊറോണക്കാലത്ത് ആവശ്യം. ഡോ .എ പി ജെ അബ്ദുൾ കലാം പറഞ്ഞതുപോലെ ആരോഗ്യമുള്ള തലമുറയെ സൃഷ്ടിക്കുക, മുതിർന്നിട്ട് റിപ്പെയർ ചെയ്യുന്നത് കൊണ്ട് കാര്യമില്ല.നല്ല മാനസികാരോഗ്യമുള്ള ഒരു തലമുറയെ വാർത്തെടുക്കാൻ രക്ഷിതാക്കൾക്ക് പ്രചോദനവും താങ്ങുമായി അധ്യാപക സമൂഹം കൂടെ നിൽക്കണം.അതുപോലെ ഓൺലൈൻ ആയി വ്യായാമമുറകൾ കുട്ടികൾക്ക് പറഞ്ഞു കൊടുക്കുകയും ചെയ്യിപ്പിക്കുകയും വേണം. ശക്തമായ മനസ്സും ഉറച്ച ശരീരവുമുള്ള ഒരു തലമുറ വളർന്നു വരട്ടെ . സാമൂഹികമായ പ്രത്യാഘാതങ്ങൾ ഒരുമയുടെ, പങ്കുവക്കലിന്റെ, സാഹോദര്യത്തിന്റെ, സമഭാവനയുടെ, മതേതരത്വത്തിന്റെ, സമൂഹിക പ്രതിബദ്ധതയുടെ ഒക്കെ പാഠങ്ങൾ പഠിക്കുന്നിടമാണ് വിദ്യാലയങ്ങൾ. വിദ്യാലയങ്ങൾ അടഞ്ഞു കിടക്കുകയും കുട്ടികൾ വീടിനുള്ളിൽ തളക്കപ്പെടുകയും ചെയ്തപ്പോൾ സമൂഹവുമായി ഒരു ബന്ധവുമില്ലാത്തവരായി കുട്ടികൾ മാറിക്കഴിഞ്ഞു. സഹോദരസ്നേഹവും, അയൽപക്ക സ്നേഹവും, രാജ്യസ്നേഹവുമൊക്കെ ഇന്റെർനെറ്റ് പകർന്നുകൊടുക്കുന്ന ചില രീതികളിൽ മാത്രം കുട്ടികൾ മനസ്സിലാക്കുന്ന അവസ്ഥയിലെത്തി. ഇന്റർനെറ്റിലൂടെ ലഭിക്കുന്ന വിവരങ്ങൾ _ അത് സത്യമോ മിഥ്യയോ എന്തായാലും വിശ്വസിക്കാൻ അവർ നിർബന്ധിതരാവുന്നു. കണ്ണും കാതും തുറന്ന് ജാഗരൂകരായി ഇരിക്കേണ്ട കാലമാണിത് .ഓരോ കുട്ടിയും നമ്മുടെ നാളെയുടെ സമ്പത്താണ്. 'നാളെയെ ' നയിക്കേണ്ട അവരെ ട്രെയിൻ' ചെയ്യുക എന്ന അതിഗൗരവമുള്ള ഉത്തരവാദിത്വം ആരാണ് നിർവ്വഹിക്കുക.?രാജ്യ താല്പര്യത്തിനും, സമൂഹ താല്പര്യത്തിനും, ജനനന്മക്കും , വ്യക്തിസ്വാതന്ത്ര്യത്തിനും , സാഹോദര്യത്തിനും പ്രാധാന്യം നൽകുന്ന വിഭവങ്ങൾ ഇന്റർനെറ്റിൽ നിന്നും ഉപയോഗിക്കാൻ കുട്ടികളെ പ്രാപ്തരാക്കേണ്ടതുണ്ട്.ഏതു ശരി ഏതു തെറ്റ് എന്ന തിരിച്ചറിവും, സമഭാവനയുടെ , പങ്കുവക്കലിന്റെ സന്ദേശമാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യമെന്നും പറഞ്ഞു കൊടുക്കാനും ആവശ്യമായ ഇടപെടലുകൾ നടത്താനും അധ്യാപകർ മാത്രമേ ഉള്ളൂ. ക്ലാസ്സുകളിലൂടെയും , വീഡിയോ സന്ദേശങ്ങൾ ഷെയർ ചെയ്തും തങ്ങളുടെ കുട്ടികളെ ഒരു പൗരനായി വാർത്തെടുക്കാൻ കൂടി ഈ ഓൺലൈൻ വിദ്യാഭ്യാസ കാലത്തു അധ്യാപകർ ശ്രമിക്കേണ്ടതുണ്ട്. വെറുപ്പിന്റെയും വിദ്വേഷത്തിന്റെയും കണികകൾ കാണുമ്പോൾതന്നെ ഇടപെടാനും,തിരുത്താനും, അവയെ സ്നേഹം കൊണ്ടും സമഭാവന കൊണ്ടും സാഹോദര്യം കൊണ്ടും നേരിടാനുള്ള ആർജ്ജവം കുട്ടികൾക്ക് പകർന്നു നൽകേണ്ടതും അധ്യാപകർ അല്ലാതെ മറ്റാരാണ്?മറ്റാര് ചെയ്യും ഈ കർമ്മം? ഈ മഹാമാരിയുടെ കാലഘട്ടത്തിൽ അധ്യാപരുടെ സാമൂഹിക പ്രതിബദ്ധതയിൽ ഒന്നാം സ്ഥാനം നൽകേണ്ടത് വിദ്യാർത്ഥികളുടെ മാനസികവും ശാരീരികവും സാമൂഹികവുമായ വളർച്ചക്ക് പിന്തുണ നൽകുക എന്നതാണ്. പ്രശ്നങ്ങൾ മുൻകൂട്ടിക്കണ്ട് നിർദേശങ്ങൾ നൽകാനും ,ആകസ്മികമായ പ്രതിസന്ധികളെ ചാതുര്യത്തോടെ കൈകാര്യം ചെയ്യാനും , രക്ഷിതാക്കളുടെ ആശങ്കകളെദൂരീകരിക്കാനും കൂടെ നിൽക്കുക എന്നതാണ് അധ്യാപകരുടെ കടമ.

## വെല്ലുവിളികൾ

"In the present context, the education system has to be designed in a way that produces large number of employment generators and not just employment seekers."

Indian Council of Social Science Research (ICSSR)

പൂനെ ഐഐടി മായിച്ചേർന്ന് കൊറോണക്കാലത്തെ വിദ്യാഭ്യാസത്തെക്കുറിച്ചു നടത്തിയ ഒരു പഠനത്തിന്റെ റിപ്പോർട്ടിൽ ആദ്യം ചേർത്തിരിക്കുന്നത് നമ്മുടെ മുൻ രാഷ്ട്രപതി ഡോ. അബ്ദുൾ കലാമിന്റെ ഈ വാക്കുകളാണ്. തൊഴിൽ രഹിതരെ സൃഷ്ട്ടിക്കലല്ല, തൊഴിൽ നൈപുണിയുള്ള ആളുകളെ സൃഷ്ടിച്ച് അവരിലൂടെ തൊഴിലുകൾ സൃഷ്ട്ടിക്കലാണ് വിദ്യാഭാസത്തിന്റെ ലക്ഷ്യം. സ്റ്റാർട്ട് അപ്പ് കളുട് കാലമാണിത്. ഓൺലൈൻ പഠനത്തിന്റെ അനന്ത സാദ്ധ്യതകൾ മുന്നിൽക്കണ്ട് ട്യൂഷൻ എന്ന ആശയത്തെ 'ബൈജൂസ് ആപ്പ്' ആക്കി മാറ്റിയ കണ്ണൂരുകാരനായ ബൈജു രവീന്ദ്രനും , വെറുമൊരു ഹോട്ടെലിൽ നിന്ന് 'ഓയോ ഹോംസ് ' എന്ന ബ്രാൻഡായി മാറിയ റിതേഷ് അഗർവാളും പുതുതലമുറയുടെ വിജയത്തിന്റെ പ്രതീകങ്ങളാണ്. യു ട്യൂബിൽ വൈറലായ , ഓരോ മാസവും ലക്ഷങ്ങൾ സമ്പാദിക്കുന്ന, ഒപ്പം സാമൂഹിക പ്രതിബദ്ധതയുള്ള ഒരു പറ്റം യുവാക്കളെ നമുക്ക് കാണാൻ കഴിയും. ഇത്തരം 'മുത്തുകളെ' കണ്ടെത്തുക , പ്രോത്സാഹിപ്പിക്കുക, വഴിതെളിക്കുക എന്നതാണ് അധ്യാപകരുടെ കടമ. വിശ്വപ്രസിദ്ധ എഴുത്തുകാരൻ പൗലോ കൊയ്‌ലോയുടെ ദി ആൽക്കമിസ്റ്റ് ' എന്ന പുസ്തകത്തിൽ അദ്ദേഹം പറഞ്ഞു വക്കുന്നത് നിധി തേടിപ്പോയി അവസാനം തന്റെയുള്ളിലെ 'നിധി' കണ്ടെത്താൻ സാധിക്കാതെപോയ സാന്റിയാഗോ എന്ന ഇടയബാലന്റെ കഥയാണ്. നമ്മുടെ വിദ്യാർത്ഥികളിൽ ഒളിഞ്ഞിരിക്കുന്ന ഇത്തരം നിധികളെ കണ്ടെത്തി ഊതിക്കാച്ചി രത്നങ്ങളാക്കി സമൂഹത്തിന് സമർപ്പിക്കുക എന്ന ഉത്തരവാദിത്വം നിറവേറ്റേണ്ടത് അധ്യാപകരാണ്.

### സാധ്യതകളെ അവസരങ്ങളാക്കാം

അനന്തസാധ്യതകളുടെ വിശാലലോകം തങ്ങളുടെ മുന്നിലുള്ള വിദ്യാർത്ഥികൾക്ക് കാണിച്ചുകൊടുക്കേണ്ടത് അധ്യാപകരാണ്. വീടിനുപുറത്തും, നമ്മുടെ നാടിനു പുറത്തും ഒരു ലോകമുണ്ടെന്നും അവിടെയൊക്കെ നിങ്ങളെത്തേടി അനന്ത സാധ്യതകളുടെ നിധി ഒളിഞ്ഞിരിപ്പുണ്ടെന്നും പറഞ്ഞു കൊടുക്കേണ്ടത് അധ്യാപകരാണ്.അറിവിന്റെ വാതായനങ്ങൾ തുറന്നു കൊടുക്കാനായി ഇരിക്കൂർ എം എൽ എ അഡ്വ. സജീവ് ജോസഫ് തുടങ്ങി വച്ച 'ദിശാ ദർശൻ' പരിപാടി ഏറെ ശ്ലാഘിക്കപ്പെടേണ്ടതാണ്. പ്രഗത്ഭരായ വ്യക്തികളെ പരിചയപ്പെടാനും, അറിയാനും , അവരുടെ വിജയഗാഥകൾ മനസ്സിലാക്കാനും, നൂതന തൊഴിൽ സാദ്ധ്യതകൾ തിരിച്ചറിയാനും ഈ പരിപാടി ഒരുപാട് സഹായകരമാണ്. തുറന്ന മനസ്സോടെ ഉത്തരം പരിപാടികളെ സമീപിക്കുകയും പ്രോത്സാഹിപ്പിക്കുകയും , പ്രൊമോട്ട് ചെയ്യുകയും ചെയ്യേണ്ടത് അധ്യാപകരായ നാം ഓരോരുത്തരുമാണ്. 'കതിരിൽ വളം വച്ചിട്ട് കാര്യമില്ല' എന്ന് നമ്മൾ പറയാറുണ്ട്. വളരെ ദൂരക്കാഴ്ച്ചയോടെ മണ്ഡലത്തിന്റെ വികസനം വിദ്യാഭ്യാസത്തിലൂടെ മാത്രമേ സാധിക്കു എന്ന് ആദ്യമേ തിരിച്ചറിഞ്ഞ അദ്ദേഹം വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് മാത്രമല്ല തുടർന്ന് ജോലി സാധ്യതകളെയും അവസരങ്ങളെയും നമ്മുടെ യുവാക്കൾക്ക് ലഭ്യമാക്കാൻ വേണ്ടിയാണ് 'ദിശാ ദർശന്റെ ' ഓരോ പരിപാടിയും ആസൂത്രണം ചെയ്തു വരുന്നത്. 'ബെറ്റർ ലേറ്റ് ദാൻ നെവർ.' എം എൽ എ തുടങ്ങി വച്ച ഈ പരിപാടി ഇനിയുള്ള കുഞ്ഞുങ്ങൾക്കെങ്കിലും ഉപകാരപ്രദമാകത്തക്കവിധത്തിൽ നമ്മുടെ വിദ്യാർത്ഥി കളിലേക്കെത്തിക്കുക എന്ന ദൗത്യം നാം നിർവ്വഹിച്ചേ തീരൂ. "ഇതും കടന്നുപോകും" മഹാമാരിക്കാലം കഴിയുമ്പോൾ ഇരിക്കൂറിന്റെ വിദ്യാഭ്യാസ ഭൂപടത്തിൽ വിജയത്തിന്റെ, മികവിന്റെ പുതുചരിത്രം രചിക്കാൻ നമുക്ക് ഒന്നിച്ചു നിൽക്കാം.................. ജയ്ഹിന്ദ്

ജോയ്സ് സഖറിയാസ്
സെന്റ് അഗസ്റ്റിൻസ് ഹൈസ്കൂൾ നെല്ലിക്കുറ്റി
9656519645

2023-24

# പ്രവേശനോത്സവം

നെല്ലിക്കുറ്റി സെന്റ് അഗസ്റ്റിൻസ് ഹൈസ്കൂൾ പ്രവേശനോത്സവം ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ശ്രീ സോജൻ കാരാമയിൽ ഉദ്ഘാടനം ചെയ്തു.സ്കൂൾ മാനേജർ റവ ഫാ മാത്യു ഓലിക്കൽ അധ്യക്ഷനായിരുന്നു. എരുവേശ്ശി പഞ്ചായത്ത് ആരോഗ്യ, വിദ്യാഭ്യാസ Adarsh സമിതി അധ്യക്ഷ ശ്രീമതി മിനി ഷൈബി മുഖ്യപ്രഭാഷണം നടത്തി. ഗാന്ധി മെമ്മോറിയൽ യു പി സ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ ബിജു കുറുമുട്ടം, മുൻ ഹെഡ്മിസ്ട്രസ് ശ്രീമതി മേഴ്സി തോമസ്, ശ്രീ ടോമി ചാമക്കാലാ, ശ്രീ മാത്തുകുട്ടി, പി ടി എ പ്രസിഡന്റ് ശ്രീ സൈജു ഇലവുങ്കൽ, വെൽഫയർ കമ്മിറ്റി പ്രസിഡണ്ട് ശ്രീ ജോസ് അഗസ്റ്റിൻ തുടങ്ങിയവർ സംസാരിച്ചു. ചെമ്പേരി ജേസീസ് കുട്ടികളുമായി സംഭാവന ചെയ്ത പഠന ഉപകരണങ്ങൾ ജേസീസ് പ്രസിഡണ്ട് ശ്രീ സുനിൽ കെ പീറ്റർ വിദ്യാർത്ഥി പ്രതിനിധി മാസ്റ്റർ അഗസ്റ്റിൻ സൈജുവിന് കൈമാറി. നേരത്തെ സ്കൂൾ വെഞ്ചിരിപ്പ് കർമ്മങ്ങൾക്ക് റവ ഫാ മാത്യു ഓലിക്കൽനേതൃത്വംനൽകി.




# കിച്ചൻ കം സ്റ്റോർ ഉദ്ഘാടനം



നെല്ലിക്കുറ്റി സെന്റ് അഗസ്റ്റിൻസ് ഹൈസ്ക്കുളിൽ കേന്ദ്ര സംസ്ഥാന ഫണ്ട് ഉപയോഗിച്ച് പുതുതായി നിർമ്മിച്ച കിച്ചൻ കം സ്റ്റോറിന്റെ ഉദ്ഘാടനം സജീവ് ജോസഫ് എം എൽ എ നിർവ്വഹിച്ചു. എരുവേശ്ശി ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് ടെസ്സി ഇമ്മാനുവൽ അധ്യക്ഷത വഹിച്ചു. ഇരിക്കൂർ എ ഇ ഒ ഗിരീഷ് മോഹൻ കെ, നൂൺ മീൽ ഓഫീസർ രാജേഷ് ബാബു, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ സോജൻ കാരാമയിൽ, സ്കൂൾ മാനേജർ ഫാ മാത്യു ഓലിക്കൽ, എരുവേശ്ശി പഞ്ചായത്ത് ആരോഗ്യ, വിദ്യാഭ്യാസ സമിതി അധ്യക്ഷ മിനി ഷൈബി, ഗാന്ധി മെമ്മോറിയൽ യു പി സ്കൂൾ ഹെഡ്മാസ്റ്റർ ബിജു കുറുമുട്ടം, മുൻ ഹെഡ്മിസ്ട്രസ് മേഴ്സി തോമസ്, പി ടി എ പ്രസിഡന്റ് സൈജു ഇലവുങ്കൽ,നിർമ്മാണ കമ്മിറ്റി പ്രസിഡണ്ട് ജോസ് അഗസ്റ്റിൻ തുടങ്ങിയവർ സംസാരിച്ചു.

# പരിസ്ഥിതി ദിനാചാരണം

നെല്ലിക്കുറ്റി സെന്റ് അഗസ്റ്റിൻസ് ഹൈസ്കൂളിൽ പരിസ്ഥിതി ദിനാചാരണം സമുചിതമായി ആചരിച്ചു. പോസ്റ്റർ പ്രകാശനം, പരിസ്ഥിതി ദിന ക്വിസ്, പരിസ്ഥിതി ദിന സന്ദേശം, പ്രതിജ്ഞ, കോളാഷ് നിർമ്മാണം തുടങ്ങിയവ സംഘടിപ്പിച്ചു. ഹെഡ്മാസ്റ്റർ സിബി ഫ്രാൻസിസ് സ്വാഗതം ആശംസിച്ചു. സ്കൂൾ മാനേജർ ഫാ മാത്യു ഓലിക്കൽ സ്കൂൾ അങ്കണത്തിൽ മാവിൻ തൈ നട്ട് പരിസ്ഥിതി ദിന സന്ദേശം നൽകി. എരുവേശ്ശി പഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസ സ്ഥിരം സമിതി അധ്യക്ഷ മിനി ഷൈബി 50 ഫല വൃക്ഷതൈകൾ കുട്ടികൾക്ക് വിതരണം ചെയ്ത് പരിസ്ഥിതി ദിനാചാരണം ഉദ്ഘാടനം ചെയ്തു. ലിയ മരിയ സണ്ണി പരിസ്ഥിതി ദിന പ്രതിജ്ഞ ചൊല്ലി സന്ദേശം നൽകി.പേപ്പർ ബാഗ് നിർമ്മാണം, പേപ്പർ പേന നിർമ്മാണം തുടങ്ങിയ മത്സരങ്ങളിൽ കുട്ടികൾ ആവേശം പൂർവ്വം പങ്കെടുത്തു. ഉൽപ്പന്നങ്ങളുടെ പ്രദർശനം സ്കൂൾ ഓഡിറ്റോറിയത്തിൽ നടന്നു.പരിപാടി പി ടി എ പ്രസിഡണ്ട് സൈജു ഇലവുങ്കൽ ഉദ്ഘാടനം ചെയ്തു.സയൻസ് ക്ലബ് കൺവീനർ സനീഷ് ജോസഫ് , മജി മാത്യു സോഷ്യൽ സയൻസ് കൺവീനർ ഗിരീഷ് കെ, സ്റ്റാഫ് സെക്രട്ടറി ജോയ്സ് സഖറിയാസ് തുടങ്ങിയവർ നേതൃത്വം നൽകി. കുട്ടികൾക്ക് വൃക്ഷതൈകൾ വിതരണം ചെയ്തു.



## 05/06/2023 പരിസ്ഥിതി ദിനാചാരണം

നെല്ലിക്കുറ്റി : സെന്റ് അഗസ്റ്റിൻസ് ഹൈസ്കൂളിൽ പരിസ്ഥിതി ദിനാചാരണം സമുചിതമായി ആചരിച്ചു. പോസ്റ്റർ പ്രകാശനം, പരിസ്ഥിതി ദിന ക്വിസ്, പരിസ്ഥിതി ദിന സന്ദേശം, പ്രതിജ്ഞ, കോളാഷ് നിർമ്മാണം തുടങ്ങിയവ സംഘടിപ്പിച്ചു. ഹെഡ്മാസ്റ്റർ സിബി ഫ്രാൻസിസ് സ്വാഗതം ആശംസിച്ചു. സ്കൂൾ മാനേജർ ഫാ മാത്യു ഓലിക്കൽ സ്കൂൾ അങ്കണത്തിൽ മാവിൻ തൈ നട്ട് പരിസ്ഥിതി ദിന സന്ദേശം നൽകി. എരുവേശ്ശി പഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസ സ്ഥിരം സമിതി അധ്യക്ഷ മിനി ഷൈബി 50 ഫല വൃക്ഷതൈകൾ കുട്ടികൾക്ക് വിതരണം ചെയ്ത് പരിസ്ഥിതി ദിനാചാരണം ഉദ്ഘാടനം ചെയ്തു. ലിയ മരിയ സണ്ണി പരിസ്ഥിതി ദിന പ്രതിജ്ഞ ചൊല്ലി സന്ദേശം നൽകി.പേപ്പർ ബാഗ് നിർമ്മാണം, പേപ്പർ പേന നിർമ്മാണം തുടങ്ങിയ മത്സരങ്ങളിൽ കുട്ടികൾ ആവേശം പൂർവ്വം പങ്കെടുത്തു. ഉൽപ്പന്നങ്ങളുടെ പ്രദർശനം സ്കൂൾ ഓഡിറ്റോറിയത്തിൽ നടന്നു.പരിപാടി പി ടി എ പ്രസിഡണ്ട് സൈജു ഇലവുങ്കൽ ഉദ്ഘാടനം ചെയ്തു.സയൻസ് ക്ലബ് കൺവീനർ സനീഷ് ജോസഫ് , മജി മാത്യു സോഷ്യൽ സയൻസ് കൺവീനർ ഗിരീഷ് കെ, സ്റ്റാഫ് സെക്രട്ടറി




ജോയ്സ് സഖറിയാസ് തുടങ്ങിയവർ നേതൃത്വം നൽകി. കുട്ടികൾക്ക് വൃക്ഷതൈകൾ വിതരണം ചെയ്തു.




19/06/2023

## വായനാദിനം

നെല്ലിക്കുറ്റി : സെന്റ് അഗസ്റ്റിൻസ് ഹൈസ്കൂളിൽ വായനാദിനം വിപുലമായി ആചരിച്ചു. എല്ലാ കുട്ടികൾക്കും പുസ്തകങ്ങൾ കൈമാറി ഹെഡ്മാസ്റ്റർ സിബി ഫ്രാൻസിസ് വായനാ മാസാചാരണം ഉദ്ഘാടനം ചെയ്തു.




എല്ലാ കുട്ടികളും വായന ദിന പ്രതിജ്ഞ ഏറ്റുചൊല്ലി. തുടർന്ന് അർപ്പിത അൽഫോൻസാ വായനാദിന സന്ദേശം നൽകി. ആർദ്ര മരിയ ഡാനിഷ് ബെന്യാമിന്റെ ആടു ജീവിതത്തിന്റെ പുസ്തക നിരൂപണം നടത്തി. കുമാരി ലിയ റോയിയുടെ വായനാദിന കവിത, അലൻ ബാബുവിന്റെ വായനാദിന പോസ്റ്റർ പ്രകാശനം തുടങ്ങിയവ നടന്നു. മാസം മുഴുവൻ നീണ്ടു നിൽക്കുന്ന വിവിധ പരിപാടികളും, സാഹിത്യ ക്വിസ്, പുസ്തക നിരൂപണം തുടങ്ങിയവയും ഉദ്ഘാടനം ചെയ്യപ്പെട്ടു. ഹെഡ്മാസ്റ്റർ സിബി ഫ്രാൻസിസ് "വായനയുടെ വഴികളിൽ" എന്ന വായാനാ കൂട്ടായ്മ ഉദ്ഘാടനം ചെയ്തു. സുമിത മാത്യു, ലിസ്സി കെ സി തുടങ്ങിയവർ നേതൃത്വംനൽകി.

26/062023

## ലഹരി വിരുദ്ധ ദിനാചാരണവും വിദ്യാരംഗം ക്ലബ്ബുകളുടെ ഉദ്ഘാടനവും

നെല്ലിക്കുറ്റി സെന്റ് അഗസ്റ്റിൻസ് ഹൈസ്കൂളിൽ ലഹരി വിരുദ്ധ ദിനവും വിവിധ ക്ലബ്ബുകളുടെ ഉദ്ഘാടനവും നടന്നു പ്രധാനാധ്യാപകൻ സിബി ഫ്രാൻസിസ് അധ്യക്ഷത വഹിച്ച ചടങ്ങ് എരുവേശ്ശി പഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസ സ്ഥിരം സമിതി അധ്യക്ഷ മിനി ഷൈബി ഉദ്ഘാടനം ചെയ്തു ശ്രീകണ്ഠപുരം എക്സൈസ് റേഞ്ച് ഓഫീസർ രഞ്ജിത് കുമാർ മുഖ്യ പ്രഭാഷണം നടത്തി പ്രശസ്ത ചിത്രകലാ അധ്യാപകനായ തോമസ് കാളിയാനി വിദ്യാരംഗത്തിന്റെയും വിവിധ ക്ലബ്ബുകളുടെയും ഉദ്ഘാടനം നിർവ്വഹിച്ചു തോമസ് കാളിയാനിയുടെ പെയിന്റിംഗുകളുടെ പ്രദർശനവും നടന്നു പി ടി എ പ്രസിഡന്റ് സൈജു ഇലവുങ്കൽ ലഹരിവിരുദ്ധ ദിന പോസ്റ്റർ പ്രകാശനം ചെയ്തു ശ്രീകണ്ഠപുരം എക്സൈസ് റേഞ്ച് ഓഫീസർ രഞ്ജിത് കുമാർ കുട്ടികൾക്ക് ലഹരി വിരുദ്ധ ക്ലബ് ബാഡ്ജുകൾ കൈമാറി എല്ലാവരും ലഹരി വിരുദ്ധ പ്രതിജ്ഞയെടുത്തു കുമാരി അർപ്പിത അൽഫോൻസയുടെ ലഹരി വിരുദ്ധ കവിത കുമാരി ലിയ മരിയ സണ്ണിയുടെ ലഹരി വിരുദ്ധ സന്ദേശം ആർദ്ര മരിയ ഡാനിഷിന്റെ ലഹരി വിരുദ്ധ കാവ്യശിൽപ്പം ലഹരി വിരുദ്ധ മുദ്രാവാക്യ രചനാ മത്സരം ലഹരി വിരുദ്ധ റാലി തുടങ്ങിയവ നടന്നു ലിസ്സി കെ സി സുമിത മാത്യു ബിജു എം ദേവസ്യ ജോയ്സ് സഖറിയാസ് തുടങ്ങിയവർ സംസാരിച്ചു






**30/06/2023**

## **രക്ഷാകർത്തൃശാക്തീകരണ ക്ലാസും പി ടി എ ജനറൽ ബോഡി യോഗവും**

**നെല്ലിക്കുറ്റി : സെന്റ് അഗസ്റ്റിൻസ് ഹൈസ്കൂളിലെ 2023-24 വർഷത്തെ പി ടി എ ജനറൽ ബോഡി യോഗവും രക്ഷാകർത്താക്കൾക്കുള്ള ബോധവൽക്കരണ ക്ലാസ്സും സ്കൂൾ മാനേജർ ഫാ മാത്യു ഓലിക്കൽ ഉദ്ഘാടനം ചെയ്തു. പി ടി എ പ്രസിഡന്റ് സൈജു ഇലവുങ്കൽ അധ്യക്ഷനായിരുന്നു. പ്രശസ്ത ട്രെയിനറും അധ്യാപകനുമായ ആയ ജോജോ മൈലാടൂർ ക്ലാസുകൾ കൈകാര്യം ചെയ്തു. പ്രധാനാധ്യാപകൻ സിബി ഫ്രാൻസിസ് പ്രവർത്തന പദ്ധതി വിശദീകരിച്ചു. പുതിയ പി ടി എ എക്സിക്യൂട്ടീവ് അംഗങ്ങളെ തെരഞ്ഞെടുത്തു.പുതിയ പി ടി എ പ്രസിഡന്റ് ആയി സൈജു ഇലവുങ്കലനെയും മദർ പി ടി എ പ്രസിഡണ്ട് ആയി സാലി ജോർജ് മാണിക്യത്തിനെയും തെരഞ്ഞെടുത്തു.**



**രക്ഷാകർത്തൃ ശാക്തീകരണ ക്ലാസ്സിൽ നൂറോളം രക്ഷിതാക്കൾ പങ്കെടുത്തു. മജി മാത്യു, ജോയ്സ് സഖറിയാസ് തുടങ്ങിയവർ സംസാരിച്ചു.**





# നെല്ലിക്കുറ്റി സെയ്ന്റ് അഗസ്റ്റിൻസ് സ്കൂളിൽ മധുരം മലയാളം

നെല്ലിക്കുറ്റി സെയ്ന്റ് അഗസ്റ്റിൻസ് ഹൈസ്കൂളിലെ മാതൃഭൂമി മധുരം മലയാളം പദ്ധതി ചെമ്പേരി ന്യൂ സ്റ്റൈൽ ബിൽഡേഴ്സ് ഉടമ ബിജോ കോയിക്കൽ പ്രധമാധ്യാപകൻ സിബി ഫ്രാൻസിസിന് നൽകി ഉദ്ഘാടനംചെയ്യുന്നു. ചെമ്പേരി ന്യൂ സ്റ്റൈൽ ബിൽഡേഴ്സുമായി സഹകരിച്ചാണ് പദ്ധതി നടപ്പാക്കുന്നത്. പി.ടി.എ. പ്രസിഡൻറ് സൈജു ഇലവുങ്കൽ, മജി മാത്യു, സന്നിഷ് ജോസഫ്, കെ.സി. ലിസ്സി, ജോയ് സക്കറിയാസ് എന്നിവർ സംസാരിച്ചു

മധുരം മലയാളം




ദിശാദർശൻ സ്കൂൾ അവാർഡ്. അഡ്വ. സജീവ് ജോസഫ് എം എൽ എ യോടൊപ്പം



കോർപ്പറേറ്റ് വിജയോത്സവം അവാർഡ് ഏറ്റുവാങ്ങുന്നു

## ബഷീർ അനുസ്മരണം
## തിങ്കളാഴ്ച, ജൂലൈ 10, 2023

നെല്ലിക്കുറ്റി സെന്റ് അഗസ്റ്റിൻസ് ഹൈസ്കൂളിൽ ബഷീർ അനുസ്മരണം നടത്തി. ബഷീർ കൃതികളുടെ പ്രദർശനം, ബഷീർ ദിന സന്ദേശം, പോസ്റ്റർ പ്രകാശനം, ബഷീർദിന ക്വിസ് മത്സരം, പുസ്തക നിരൂപണം തുടങ്ങിയവ സംഘടിപ്പിച്ചു. ത്യദിന ബഷീർ ആഘോഷ പരിപാടികൾ പ്രധാനാധ്യാപകൻ ശ്രീ സിബി ഫ്രാൻസിസ് ഉദ്ഘാടനം ചെയ്തു.

കുമാരി അർപ്പിത അൽഫോൻസ 'പാത്തുമ്മയുടെ ആട്' കാവ്യശിൽപ്പമായി അവതരിപ്പിച്ചു. മാസ്റ്റർ അലൻ ബാബുവിന്റെ ബഷീർ കാരിക്കേച്ചർ പ്രദർശിപ്പിച്ചു.ബഷീറിന്റെ കൃതികൾ വായിച്ചു ആസ്വാദന കുറിപ്പ് തയ്യാറാക്കൽ, 'ബാല്യകാലസഖി'യുടെ നാടകാവിഷ്കാരം തുടങ്ങിയവ ഈ മൂന്ന് ദിനങ്ങളിലായി നടക്കും. പരിപാടികൾക്ക് ശ്രീമതി സുമിത മാത്യു, ശ്രീമതി ലിസ്സി കെ സി തുടങ്ങിയവർ നേതൃത്വം നൽകി.





## പ്രതിഷേധ ജ്വാല
## ബുധനാഴ്ച, ജൂലൈ 26, 2023

മണിപ്പുരിലെ വേദനയനുഭവിക്കുന്ന മനുഷ്യർക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് നെല്ലിക്കുറ്റി സെന്റ് അഗസ്റ്റിൻസ് ഹൈസ്കൂളിൽ പ്രതിഷേധ ജ്വാല സംഘടിപ്പിച്ചു. എല്ലാ ഇന്ത്യക്കാരും ഏകോദര സഹോദരന്മാരാണ് എന്ന് പ്രഖ്യാപിച്ചുകൊണ്ട് വിദ്യാർത്ഥികൾ പ്രതിജ്ഞ പുതുക്കി. മണിപ്പൂരിലെ മനുഷ്യാവകാശ ലംഘനങ്ങൾക്കെതിരെ തിരി തെളിച്ചു പ്രതിഷേധ ജ്വാല തെളിച്ചു. പ്രധാനാധ്യാപകൻ സിബി ഫ്രാൻസീസ് പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. പി ടി എ പ്രസിഡണ്ട് സൈജു ഇലവുങ്കൽ അധ്യക്ഷത വഹിച്ചു. സ്കൂൾ മാനേജർ ഫാ മാത്യു ഓലിക്കൽ തിരി തെളിച്ചു പ്രതിഷേധ ജ്വാല ഉദ്ഘാടനം ചെയ്തു. മജി മാത്യു, ജോയ്സ് സഖറിയാസ് തുടങ്ങിയവർ സംസാരിച്ചു.




## വാങ്മയം ഭാഷാ പ്രതിഭ
## (ജൂലൈ 27)

വിദ്യാരംഗം കലാസാഹിത്യവേദിയുടെ ആഭിമുഖ്യത്തിൽ സെന്റ് അഗസ്റ്റിൻ ഹൈസ്കൂൾ നെല്ലി ക്കുറ്റിയിൽ വാങ്മയം ഭാഷാ പ്രതിഭ നിർണ്ണയ പരീക്ഷ ജൂലൈ 27 ന് ഉച്ചക്ക് രണ്ട് മണിക്ക് നടത്തി. കുട്ടികളിൽ മലയാള ഭാഷാ അഭിരുചിയും പ്രയോഗ ശേഷിയും പദസമ്പത്തും വളർത്തുക എന്ന ഉദ്ദേശ്യത്തോടെ സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങളിൽ നടപ്പിലാക്കി വരുന്ന മത്സര പരീക്ഷയാണ് വാങ്മയം ഭാഷാ പ്രതിഭ. സെൻറ് അഗസ്റ്റിൻ ഹൈസ്കൂളിൽ നിന്ന് പ്രതിഭകളായി തിരഞ്ഞെടുത്തത് അർപ്പിത അൽഫോൻസ 9 A, അനുകൃഷ്ണ എസ് 10 A. ഇവർ ഉപജില്ലാ മൽസരത്തിൽ പങ്കെടുക്കാൻ യോഗ്യത നേടി.

# Programmes August

## ഡി സി എൽ /Little Kites ക്ലബ്ബിന്റെ ന്റെ സംയുക്താഭിമുഖ്യത്തിൽ 'കളർ ഇന്ത്യ 'ഡിസ്പ്ലേ സംഘടിപ്പിച്ചു.

തിങ്കളാഴ്ച, ഓഗസ്റ്റ് 07, 2023



നെല്ലിക്കുറ്റി :സെന്റ് അഗസ്റ്റിൻസ് ഹൈസ്കൂളിൽ 'വി ആർ വൺ' ഡി സി എൽ കളർ ഇന്ത്യ ഡിസ്പ്ലേ നടത്തി. പ്രധാനാധ്യാപകൻ  സിബി ഫ്രാൻസിസ് ഫ്ലാഗ് ഓഫ് ചെയ്തു. ത്രിവർണ്ണ ബലൂണുകൾ ഏന്തി കുട്ടികൾ അണിനിരന്നു. ത്രിവർണ്ണ പി റ്റി ഡിസ്പ്ലേയും നടന്നു.  ത്രിവർണ്ണ ബലൂണുകൾ വീശി നമ്മൾ ഒന്നാണ് എന്ന സന്ദേശം കുട്ടികൾ ഡിസ്പ്ലേ രൂപത്തിൽ അവതരിപ്പിച്ചു. ലിറ്റിൽ കൈറ്റ്സ്ന്റെ ആഭിമുഖ്യത്തിൽ ഒരാഴ്ച നീണ്ടു നിൽക്കുന്ന ഫ്രീഡം ഫെസ്റ്റ് പരിപാടികളും ഉദ്ഘാടനം ചെയ്തു. ദീപിക കോർഡിനേറ്റർ  സുനിൽ പീറ്റർ, ജോയ്സ് സഖറിയാസ് ഡി. സി. എൽ ആനിമേറ്റർ രമ്യ ജോർജ് ഡി സി എൽ ഭാരവാഹികളായഅർപ്പിത അൽഫോൻസ, ആർദ്ര മരിയ ഡാനിഷ്, ശ്രീനന്ദ സന്തോഷ്, ഗൗതം കൃഷ്ണ, അശ്വിൻ എം എസ്, അനുകൃഷ്ണ തുടങ്ങിയവർ നേതൃത്വം നൽകി.

==========================================================================

# ഹിരോഷിമ നാഗസാക്കി ദിനാചരണം.

ബുധനാഴ്ച, ഓഗസ്റ്റ് 09, 2023




നെല്ലിക്കുറ്റി : സെന്റ് അഗസ്റ്റിൻസ് ഹൈസ്കൂളിൽ സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ഹിരോഷിമ നാഗസാക്കി ദിനാനുസ്മരണം നടത്തി. ക്ലാസ്സ്തല യുദ്ധവിരുദ്ധ പോസ്റ്റർ പ്രദർശനം , യുദ്ധവിരുദ്ധ മുദ്രാവാക്യ രചനാമത്സരം , യുദ്ധവിരുദ്ധ കൊളാഷ് നിർമ്മാണമത്സരം , ഹിരോഷിമദിന ക്വിസ് തുടങ്ങിയവ സംഘടിപ്പിച്ചു. ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ശ്രീ സോജൻ കാരാമയിൽ യുദ്ധവിരുദ്ധ പോസ്റ്റർ പ്രകാശനം ചെയ്ത് പരിപാടികൾ ഉദ്ഘാടനം ചെയ്തു.



പ്രധാനാധ്യാപകൻ ശ്രീ സിബി ഫ്രാൻസിസ് അധ്യക്ഷനായിരുന്നു.കുമാരി ലിയാ മരിയ സണ്ണി യുദ്ധവിരുദ്ധ സന്ദേശം നൽകി.കുമാരി ആർദ്ര മരിയ ഡാനിഷ് യുദ്ധവിരുദ്ധ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു.ശിവാനി അനീഷിന്റെ നേതൃത്വത്തിൽ യുദ്ധവിരുദ്ധ കാവ്യ ശിൽപ്പം അവതരിപ്പിച്ചു.കുമാരി റോസ്മേരി സന്തോഷ് ഹിബാക്കുഷകളുടെ ഓർമ്മക്കുറിപ്പായി സഡാക്കോ കൊക്കുകളുടെ ചരിത്രം വാങ്മയ ചിത്രമായി അവതരിപ്പിച്ചു. ഓഗസ്റ്റ് 5 മുതൽ ഒരാഴ്ചക്കാലം ആചരിക്കുന്ന ലിറ്റിൽ കൈറ്റ്സ് ഫ്രീഡം ഫെസ്റ്റ് സ്വതന്ത്ര വിജ്ഞാനോത്സവത്തിന്റെ സന്ദേശം ശ്രീമതി മജി മാത്യു നൽകി. ജില്ലാ അക്വാട്ടിക് അസോസിയേഷൻ സംഘടിപ്പിച്ച നീന്തൽ മത്സരത്തിൽ വിജയികളായ റോസ് മരിയ, ദിയ റോബി, വിനിൽ വിനു, ലിയോൺ തുടങ്ങിയവരെ ചടങ്ങിൽ ആദരിച്ചു.ശ്രീ ജോയ്സ് സഖറിയാസ് ,ശ്രീമതി ലിസ്സി കെ സി , ശ്രീ തോമസ് കെ ജെ ,ശ്രീ ജൂബിൽ ബോസ് തുടങ്ങിയവർ സംസാരിച്ചു.

==========================================================================

## ലിറ്റിൽ കൈറ്റ്സ് റോബോട്ടിക്സ് എക്സിബിഷൻ.

- ഓഗസ്റ്റ് 11, 2023



നെല്ലിക്കുറ്റി: സെന്റ് അഗസ്റ്റിൻസ് ഹൈസ്കൂളിൽ ഐ ടി ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ നിർമിത ബുദ്ധി എക്സിബിഷൻ നടന്നു. ഒരാഴ്ചയായി നടന്നുവരുന്ന ഫ്രീഡം ഫെസ്റ്റിന്റെ ഭാഗമായാണ് എക്സിബിഷൻ സംഘടിപ്പിച്ചത്. ലിറ്റിൽ കൈറ്റ്സ് കുട്ടികൾ പ്രോഗ്രാം ചെയ്ത എട്ടോളം നിർമിത ബുദ്ധി ഉപകരണങ്ങൾ പ്രദർശിപ്പിച്ചു.



ഡാൻസിങ് എൽ ഇ ഡി, റോബോട്ടിക് ഹെൻ, ഓട്ടോമാറ്റിക് ട്രാഫിക് സിഗ്നൽ, ടിങ്കർ കാർഡ് സർക്യൂട്ട്, ചാറ്റ് ജി പി ടി, ഇലക്ട്രോണിക് ഡൈസ്, ലെമൺ സ്പൂൺ ഗെയിം, ഫേസ് ഡിറ്റെക്റ്റിങ് ഹാറ്റ് തുടങ്ങിയവ കുട്ടികൾ പ്രദർശനത്തിനെത്തിയവർക്ക് വിശദീകരിച്ചു. എരുവേശ്ശി ഗ്രാമ  പഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസ സ്ഥിരം സമിതി അധ്യക്ഷ മിനി ഷൈബി റോബോട്ടിക് എക്സിബിഷൻ ഉദ്ഘാടനം ചെയ്തു. പ്രധാനാധ്യാപകൻ  സിബി മാത്യു ചടങ്ങിൽ അധ്യക്ഷനായിരുന്നു.സ്കൂൾ മാനേജർ ഫാ മാത്യു ഓലിക്കൽ പ്രോഗ്രാമിങ് ലാബിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് മെമ്പർ സോജൻ കാരാമയിൽ, ഗാന്ധി മെമ്മോറിയൽ യു പി സ്കൂൾ പ്രധാനാധ്യാപകൻ ബിജു കുരുമുട്ടം, പി ടി എ പ്രസിഡന്റ്  സൈജു ഇലവുങ്കൽ എന്നിവർ പ്രസംഗിച്ചു.  ഗാന്ധി മെമ്മോറിയൽ യു പി സ്കൂളിലെ കുട്ടികൾ പ്രദർശനം കാണാനെത്തി. രക്ഷിതാക്കൾക്കുള്ള സ്വാതന്ത്ര്യ വിജ്ഞാനോത്സവ സെമിനാർ പി ടി എ പ്രസിഡന്റ്  സൈജു ഇലവുങ്കൽ ഉദ്ഘാടനം ചെയ്തു. ആർദ്ര മരിയ ഡാനിഷ് ,ആൻ റിനു ഷാജി എന്നിവർ ക്ലാസുകൾ കൈകാര്യം ചെയ്തു.  അലൻ ബാബു, റിഥ്വിക്, റോയ്സ് സന്തോഷ്, ലിയാ മരിയ, അവിധാൻ, അമൽ ടോം, അർപ്പിത, ആൻലിയ ഡെന്നി, ജോസ്ന ഡോമിനിക്, അനുകൃഷ്ണ, റോസ്മേരി, ശ്രീനന്ദ, അലൻ ജോജോ, അശ്വിൻ, ഗൗതം തുടങ്ങിയ കുട്ടികളാണ് പ്രൊജക്ടുകൾ തയ്യാറാക്കിയത്. മജി മാത്യു,  ജോയ്സ് സഖറിയാസ്, ആൽബിൻ സ്കറിയ തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി. മികച്ച സൃഷ്ടികൾ ആഗസ്റ്റ് **15** ന് തിരുവനന്തപുരത്ത് വച്ച് നടക്കുന്ന ഫ്രീഡം ഫെസ്റ്റ് സമാപനത്തിൽ അവതരിപ്പിക്കും.

# കവിത

## ' മഞ്ഞഴക് '

കരിമേഘപാളികൾ ചിറകൊതുക്കി
നീലവാനം വർണ്ണക്കളമെഴുതി...
മഞ്ഞിൻ പുടവയണിഞ്ഞൊരുങ്ങി
കുന്നിൻ ചെരുവുകൾ ചിരിയുണർത്തി
മഞ്ഞണിഞ്ഞ മാമരച്ചില്ലയിൽ
സൂര്യോദയത്തിന്റെ പൊൻവെളിച്ചം
എങ്ങോ മറഞ്ഞ കിളി നാദവും ചെറു -
കാട്ടാറിനീണവും തിരികെയെത്തി.
പൂന്തേനൊരുക്കി ക്കാത്തിരുന്നീടുന്ന
പുഞ്ചിരിപ്പൂവുകൾക്കെ ന്തു ഭംഗി



പാതി വിടർന്ന ചെറുപുൽനാമ്പുകൾ പുത്തൻ കനവുകൾ കണ്ടുണർന്നു..
നിറയും പ്രതീക്ഷ തൻ പൂങ്കാവനങ്ങളിൽ
കുഞ്ഞിളം തെന്നൽ തലോടി നിന്നു



ഒരു ദിവ്യ പിറവിതൻകുളിരേകുമോർമ്മകൾ
ഹിമ കണങ്ങളായ് പെയ്തിറങ്ങി..
ശിശിര നിലാവിൽ കുളിച്ചൊരുങ്ങി
പച്ചിലച്ചാർത്തുക്കൾ കുളിരണിഞ്ഞു..
പുൽക്കുട്ടിലുണ്ണിയും, താരക ദീപ്തിയും
വിണ്ണുമീ മണ്ണും പൊതിഞ്ഞു നിന്നു.....


ഗ്ലാഡിൻ
9A

# എന്റെ മലയാളം

മലയാളമേ എൻ മലയാളമേ
കേരള നാടിൻ അഭിമാനമേ
മലയാളമേ എൻ മലയാളമേ
എൻ മാതൃഭാഷയാം മലയാളമേ
മലയാളമേ എൻ മലയാളമേ
എൻ അമ്മയുടെ ഉദരത്തിൽ
ഉത്ഭവിച്ച നാൾ മുതൽ
ഞാൻ ശ്രവിക്കുന്ന മലയാളമേ
മലയാളമേ എൻ മലയാളമേ
കേരള നാടിൻ അഭിമാനമേ



# [illegible]



C
Q
I
W
P
H
J
R
D
K
S
E
T
L
N
F
U
M
O
G
V
2
4
6
-2
-4
-6

# THE BIRD

-



# ഓണാഘോഷം.



ഓണത്തിന് സ്കൂളിൽ  നാളെയാണ് ഓണാഘോഷം. ചിന്നു നാളത്തെ സ്കൂളിലെ ഓണാഘോഷത്തിനായി കാത്തിരിക്കുകയാണ്. നാളെ സ്കൂളിൽ പല പല മത്സരങ്ങൾ ഉണ്ട്. പൂക്കളമത്സരം, വടം വലി, കുപ്പിയിൽ വെള്ളം നിറക്കൽ, ഉറി ഉടയ്ക്കൽ, സൈക്കിൾ സ്ലോ റേസ്. അങ്ങനെ പല പല മത്സരങ്ങൾ.പിന്നെ പല പല പരിപാടികൾ ഉണ്ടായിരുന്നു.അമ്മമാരുടെ മെഗാ തിരുവാതിര അങ്ങനെ വളരെ ഏറെ പരിപാടികൾ.ചിന്നു പൂക്കളത്തിനായി പൂവ് പറിക്കുകയാണ്.ചിന്നു നാളത്തെ ദിവസത്തിനായി കാത്തിരിക്കുകയാണ്.

അങ്ങനെ രാവിലെയായി.ചിന്നു അന്ന് രാവിലെ നേരത്തെ ഉണർന്നു. ചിന്നുവിന് പുതിയ ഉടുപ്പ് അച്ഛൻ വാങ്ങി കൊടുത്തിരുന്നു. ചിന്നു പുതിയ ഉടുപ്പാണ് ഇടുന്നത്.

ചിന്നു സ്കൂളിലേക്ക് യാത്രയായി. അങ്ങനെ അവൾ സ്കൂളിൽ എത്തി. അവൾ തന്റെ കൂട്ടുകാരോടുകൂടെ പൂക്കളം തയ്യാറാക്കുവാൻ തുടങ്ങി. സ്കൂളിലെ പല മത്സരങ്ങൾക്കും അവൾ പങ്കെടുത്തു.ഉച്ചയായപ്പോൾ സദ്യ കഴിക്കുവാൻ പോയി. സദ്യയ്ക്ക് പലതരം കറികൾ ഉണ്ടായിരുന്നു. ഉപ്പേരി, തോരൻ, അവിയൽ സാമ്പാർ, പച്ചടി. പിന്നെ പായസവും ഉണ്ടായിരുന്നു.അങ്ങനെ സദ്യ കഴിച്ചു. ചിന്നുവിന്റെ പൂക്കളത്തിനാണ് ഫസ്റ്റ്.അവൾക്ക് സമ്മാനം ലഭിച്ചു. പിന്നെ അവൾ തിരിച്ചു വീട്ടിലേക്ക് മടങ്ങി. ഇനി പത്ത് ദിവസം അവധിയാണ്. ഇനി വീട്ടിലെ ഓണം ആഘോഷിക്കണം......

വീട്ടിലെ ഓണാഘോഷം അടിച്ചു പൊളിക്കണം.

Arzu theresa
8c.



## സമയത്തിന്റെ പ്രാധാന്യം

# നമസ്കാരം,

നാം വളരെ നിസ്സാരമായ കാണുന്നതും എന്നാൽ വളരെ പ്രധാനപ്പെട്ട ഒന്നാണ് സമയം. ഒരിക്കൽ ഒരു ഗുരു തന്റെ ശിഷ്യന്മാരോട് ചോദിക്കുകയുണ്ടായി, ലോകത്തിലെ ഏറ്റവും വിലപ്പിടിപ്പുള്ളതെന്താണ്?
ഒന്നാമന്റെ ഉത്തരം സ്വർണം എന്നായിരുന്നു. രണ്ടാമന്റെ ഉത്തരം രത്നങ്ങൾ എന്നായിരുന്നു എന്നാൽ ഇതൊന്നും ശെരിയല്ലെന്ന് ഗുരു. ശിഷ്യന്മാർ അമ്പരന്ന് പോയി അപ്പോൾ ഗുരു അവരോട്ട പറഞ്ഞു സമയം ആണ് ഏറ്റവും വിലവിടിപ്പുള്ളതെന്നു. സമയം വേണ്ടവിതം ഉപയോഗിക്കുന്നവനാണ്  ഏറ്റവും വലിയ സംബന്നൻ. മഹാൻമാരിൽ പലരും സമയത്തിന്റെ വില അറിഞ്ഞു പ്രവർത്തിച്ചവരാണ്. സമയം തെറ്റിക്കുന്നവൻ മറ്റുള്ളവരുടെ സമയം നഷ്ടപ്പെടുത്തുന്നവനാണെന്ന് മഹാന്മാർ വിശ്വസിച്ചിരുന്നു. ഗാന്ധിജിക്ക് ഒട്ടേറെ ചെറുതും വലുതുമായ കാര്യങ്ങൾ ചെയ്യാൻ സാധിച്ചത് സമയത്തെ ആദരിച്ചിരുന്നത് കൊണ്ടാണ്. സമയവും ആനന്തമായി കണക്കാക്കി പ്രവർത്തിക്കുന്നവനാണ് വിജയവും സമ്മാനവും ലഭിക്കുന്നത്. മടിയൻ മല ചുമക്കുമെന്നാണ് നാം കേട്ടിട്ടുള്ളത് . മല ചുമക്കാൻ ശ്രമിക്കുന്നവന്റെ അവസ്ഥ നമ്മുക്ക് ഊഹിക്കാം. എന്നാൽ സമയം വേണ്ടവിധത്തിൽ ഉപയോഗിക്കുന്നവനാണെങ്കിൽ ആ ആപത്തും വന്നുചേരില്ല. സമയവും തിരയും ആർക്കുവേണ്ടിയും കാത്തുനിൽകുകയില്ല. എന്നാൽ പ്രശസ്ഥമായ പഴെൻജൊല്ലുണ്ട് ' സമയത്തെ നിയന്ത്രിക്കുവാൻ നമ്മുക്കാവില്ല എന്നാൽ സമയത്തെ അനുസൃതമായി നമ്മളെ നിയന്ത്രിക്കുവാൻ കഴിയണം '. കുട്ടികളായ നമ്മൾ ചെറുപ്പം മുതലേ സമയത്തിന്റെ വില അറിഞ്ഞു പ്രവർത്തിക്കണം. ക്ലാസിൽ ഒരു ടൈംടേബിൾ നമ്മുക്കെല്ലാമുണ്ട് വീട്ടിലും ഒരു ടൈംടേബിൾ ഉള്ളത് നല്ലതാണ്. നന്നായി പഠിക്കാനും ജോലികൾ ചെയ്യാനും വിനോദങ്ങളിൽ ഏർപെടുവാനും അത് നമ്മെ സഹായിക്കുന്നതാണ്. ചിലർ നല്ലൊരു ടൈംടേബിൾ ഉണ്ടാക്കിവെക്കും എന്നാൽ അതനുസരിച്ച പ്രവർത്തിക്കുകയില്ല അങ്ങനെയായാൽ പ്രയോജനമില്ല. ഓരോ നിമിഷവും ശ്രദ്ധയോടെ ഉപയോഗിച്ചാൽ അത് പ്രയോജനം പ്രദമാവും. സമയത്തിന്റെ അമൂല്യത മനസ്സിലാക്കി പ്രവർത്തിക്കുമ്പോൾ ജീവിത വിജയം നേടാൻ കഴിയും. പറഞ്ഞവാക്കും എറിഞ്ഞ കല്ലും പോയ സമയവും നമ്മുക്ക് തിരിച്ചെടുക്കുവാനാവില്ല. ഒരു ഫ്രഞ്ച് പഴമൊഴി ' ലോകത്തിലെ മുഴുവൻ സമ്പത്തും കൊണ്ട് ശ്രമിച്ചാലും നഷ്ടപെട്ട ഒരു നിമിഷത്തെ തിരിച്ചെടുക്കുവാൻ സാധിക്കുകയില്ല

നന്ദി

Vrindha krishnan
IX A



നഷ്ടങ്ങൾ ബാക്കിയാക്കുന്ന ലഹരി..

നമസ്കാരം,

മതാത്മകമായ അന്തരീക്ഷം കേരളത്തിന്റ മുഖമുദ്രയാണ്. സ്വതന്ത്രമായ ആത്മീയ പ്രസ്ഥാനങ്ങൾക്കും ഇന്നാട്ടിൽ കുറവില്ല.എന്നാൽ മതങ്ങളും വിവിധ ആത്മീയമുന്നേറ്റങ്ങളും യുവജനങ്ങളെ ഇക്കാലത്ത് എന്തുമാത്രം അഭിസംബോധന ചെയ്യുന്നുണ്ട് എന്നത് ഉന്നയിക്കപ്പെടേണ്ട ചോദ്യമാണ്.അവർക്ക് ഉന്നതമായ ലക്ഷ്യബോധം കൊടുക്കാനും അവരുടെ ആത്മീയ ആവശ്യങ്ങൾ തൃപ്തിപ്പെടുത്താനും മൂല്യബോധം പകരാനും സാധിക്കാതെ പോകുന്നു.മതങ്ങൾ വേഷം മാറി രാഷ്ട്രീയത്തിലേക്കും അധികാരകേന്ദ്രങ്ങളിലേക്കും ഇഴഞ്ഞുകയറുന്ന കാലമാണിത്. പ്രസംഗവും പ്രവൃത്തിയും തമ്മിലുള്ള അന്തരം മതപ്രഭാഷണങ്ങളുടെ ആകർഷണമൂല്യം ഹരിച്ചുകളയുന്നുണ്ട്. മതാത്മകതയെ ആത്മീയതയായി പരിവർത്തനപ്പെടുത്തുന്നതിൽ മതങ്ങൾ പലപ്പോഴും ഏറ്റക്കുറച്ചിലുകളോടെ പരാജയപ്പെടുന്നു.
ലഹരിക്കെതിരെ പ്രതിരോധ പ്രവർത്തനങ്ങൾ നടക്കണം...ലഹരി വിരുദ്ധ പ്രാദേശിക കൂട്ടായ്മകൾ വിദ്യാഭ്യാസസ്ഥാപന പരിസരത്തു രൂപപ്പെടേണ്ടതുണ്ട്... കർശനമായ ഇടപെടലുകൾ സർക്കാർ തലത്തിൽ ഉടനടി ആവശ്യമുണ്ട്...ലഹരി വ്യാപകമാകുന്ന നാട്ടിൽ സമാന്തര സമ്പദ് വ്യവസ്ഥ ഉണ്ടാകും. അത് തകർക്കാൻ സർക്കാരിനെ കഴിയൂ...ലഹരി വിരുദ്ധ പ്രചാരണങ്ങൾ നടക്കട്ടെ... അതോടൊപ്പം ലഹരിക്കെതിരെയുള്ള പോരാട്ടത്തെ ഫലപ്രദമാക്കാനുള്ള സംവിധാനവും അന്തരീക്ഷവും നമുക്ക് ആവശ്യമാണ്.

വേലികെട്ടാത്ത തോട്ടത്തിൽ കളപറിച്ച് തോൽക്കുന്ന പണിക്കാരാകരുത് ലഹരി വിരുദ്ധ പ്രവർത്തകർ.. ഉന്മത്തരുടെ സ്വന്തം നാടെന്ന പേരുദോഷം നാം അർഹിക്കുന്നില്ല... എന്ന് ഓർമിപ്പിച്ചു കൊണ്ട് നിർത്തുന്നു.

നന്ദി..

ANNLIYA 1X A



# I WILL FLY

*I am born with potential*
*I am born with goodness and trust*
*I am born with ideas and dreams*
*I am born with greatness*
*I am born with confidenc*
*I am born with wings*
*So, I am not meant for crawling*
*I have wings, I will fly*
*I will fly and fly*

*Abin G Binoy*


ix a



# ലഹരിp

"നാം ആദ്യം ശീലങ്ങൾ ഉണ്ടാക്കുന്നു പിന്നീട്
ശീലങ്ങൾ നമ്മെ രൂപപ്പെടുത്തുന്നു".
വിഖ്യാതമായ ഈ വാക്കുകൾ
ചട്ടമ്പിസ്വാമികളുടെതാണ്.
ജീവിതവിജയത്തിന് സ്വന്തമായ
ചട്ടങ്ങളും ശീലങ്ങളും വേണമെന്ന് വിശ്വസിച്ച
മഹത് ജന്മം ശീലങ്ങളെ പറ്റിയുള്ള
പരിചിന്തനത്തിന് നമ്മെ പ്രേരിപ്പിക്കുന്നുണ്ട്.
നമ്മുടെ യഥാർത്ഥ സ്വഭാവത്തെ
വെളിപ്പെടുത്തുന്ന പെരുമാറ്റ ശൈലിയാണ്
ശീലങ്ങൾ.
നല്ല ശീലങ്ങൾ തമ്മിൽ നല്ല വ്യക്തിത്വം
രൂപപ്പെടുത്തുമ്പോൾ ദുശ്ശീലങ്ങൾ നമ്മളിൽ
നിന്ന്
കാർന്നു തിന്നുകയാണ് ചെയ്യുന്നത്.
വിദ്യാർത്ഥി ലോകത്തിൽ ഗ്രസിച്ചിരിക്കുന്ന
മാരകമായ
ദുശ്ശീലമാണ് ലഹരി. പുകവലി, മദ്യപാനം,
മയക്കുമരുന്ന്, ഉപയോഗം ഇവയെല്ലാം
വിദ്യാർത്ഥികളിൽ പകർച്ചവ്യാധി പോലെ
പടരുകയാണ്.
ഒരു മലവെള്ളപ്പാച്ചിലിന്റെ രൗദ്ര
താളത്തോടെ ആധുനിക സംസ്കാരം കൗമാര
മനസ്സിൽ
കുലം കുത്തി ഒഴുകിവരുകയാണ്.
പാരമ്പര്യവും വിശ്വാസങ്ങളും മനസ്സിൽ
പതിപ്പിച്ച സനാതന
മൂലകങ്ങളുടെ അടരുകളെല്ലാം ഇവിടെ
അടർന്നു വീഴുകയാണ്. കൗമാരത്തിന്റെ
കൗതുകങ്ങൾ
വിടർന്ന കണ്ണുകൾ കേറി പിടിക്കുന്ന
ലഹരിയുടെ കമ്പിളി കെട്ടിനുള്ളിൽ
പതിയിരിക്കുന്ന
കൗശലങ്ങൾ പിടിമുറുക്കി കഴിഞ്ഞാലും
പലരും തിരിച്ചറിയുന്നില്ല. ഇവിടെയാണ്
നമ്മളുടെ
ഉണരേണ്ടത് ആകാശത്തിന്റെ
അനന്തതയും ആഴക്കടലിന്റെ ഗഹനതയും
സലീനമാക്കുന്ന
ദൈവ സൃഷ്ടിയാണ് മനുഷ്യൻ. കാലത്തിന്റെ
നെഞ്ചിൽ ജീവിതമാകുന്ന
എഴുത്താണ്കൊണ്ട്
തന്റെ ജന്മനിയോഗം രചിക്കുന്നു ഈ ദേവ
നിയോഗം തിരുത്തി എഴുതിക്കാൻ തെറ്റിന്റെ
വഴികാട്ടികൾ നമുക്ക് ചുറ്റും പതിയിരിക്കുന്നത്

വിദ്യാർഥികളായ നാം തിരിച്ചറിയണം.
ഇവിടെ പുകവലി പുതിയ യുഗത്തിന്റെ
ഫാഷനായി അവതരിപ്പിക്കാൻ പ്രശസ്ത
മോഡലുകളുടെ പരസ്യങ്ങൾ ഉണ്ട്.വളരുന്ന
മസാല കമ്പനികളുടെ വിശക്കുട്ടുകളുടെ
വിപണനത്തിനും കോടികൾ മുടക്കുന്ന
പരസ്യങ്ങളുണ്ട്. മദ്യപാനം കുലീനതയുടെ
ചിഹ്നമായി മത്സരിക്കുകയാണ്. ഇന്ന്
നമ്മെഅവതരിപ്പിക്കാൻ ഇവിടെ സിനിമ
താരങ്ങൾ അടിമകളാക്കാൻ മയക്കുമരുന്ന്
മാഫിയ വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച്
പ്രവർത്തിക്കുകയാണ്.പല വിദ്യാർത്ഥികളും
അതിൽ പ്രവർത്തിക്കുന്നുണ്ട് എന്നത്
ഒരു ദുരന്ത സത്യമാണ്.ഇവിടെ നമ്മൾ
നമ്മുടെ കൂട്ടുകാരെ തിരിച്ചറിയേണ്ടതുണ്ട്
ചീത്ത
ശീലങ്ങളിലേക്കുള്ള വലിച്ചുവയ്ക്കുന്നവരെ
തുരത്തിയോടിക്കാം. പ്രശസ്തമായ ഈ വാക്യം
പ്രസക്തമാണ് " നിന്റെ കൂട്ടുകാരൻ
ആരാണെന്ന് നീ പറയുക നീ ആരാണെന്ന്
ഞാൻ
പറയാം"
അതിനാൽ കൗതുകങ്ങളിൽ
ഒളിഞ്ഞിരിക്കുന്ന കൗശലങ്ങളെ
തിരിച്ചറിയാം നമ്മുടെ
ജീവിതവിജയം മറ്റാരുടെയും ലക്ഷ്യമല്ല
എന്നോർക്കാം. ജീവിതത്തിന്റെ അർത്ഥം
തിരിച്ചറിഞ്ഞ് വിജയിച്ച മഹത്തുക്കളെ
ചരിത്രത്തിന്റെ ചവിട്ടുപടി ആക്കുന്നത്
കാലത്തിന്റെ
ശീലമാണ് അത്തരം മഹാന്മാരുടെ വഴിയേ
നടന്ന് നല്ല ശീലങ്ങളിൽ വളർന്ന് സ്വഭാവ
ശുദ്ധിയുള്ള ഒരു പുതിയ തലമുറയുടെ
പുനർനിർമ തിക്ക് അടുക്കുകല്ലുകൾ ആകാൻ
ജഗദീശ്വരൻ നമ്മെ അനുഗ്രഹിക്കട്ടെ
.
നന്ദി, നമസ്കാരം






# സ്കൂൾ(school)

മോളേ   എഴുന്നേൽക്ക് നിനക്ക് സ്കൂളിൽ പ്പോകേണ്ടേ. അമ്മ വിളിക്കുന്നത് കേട്ട് മാളു എഴുന്നേറ്റു. മാളുവിന്റെ പുതിയ സ്കൂൾ ആണ്. അവൾ എഴുന്നേറ്റ് സ്കൂളിൽ പോകാൻ വേണ്ടി ഒരുങ്ങി. അവൾ ഈ വർഷം 8–ാം ക്ലാസ്സിൽ ആണ്. അവളുടെ അമ്മ അവിടത്തെ ടീച്ചർ ആണ് അവർ രണ്ടു പേരും കൂടി ബസ്സ് കയറാൻ വേണ്ടി ബസ്റ്റോപ്പിലേക്ക് നടന്നു. പക്ഷേ ബസ്സ് കുറച്ച് താമസിച്ചാണ് വന്നത്. അവർ ബസ്സിൽ കയറി സ്കൂളിൽ ചെന്ന് ഇറങ്ങി. അവർ രണ്ടു പേരും കൂടി സ്കൂളിലേക്ക് നടന്നു. മാളുവിന്റെ അമ്മ അവളെ ക്ലാസ്സിൽ ക്കൊണ്ടു പ്പോയി വിട്ടു. അവൾ അവളുടെ അടുത്ത് ഇരുന്നവരെ പെട്ടന്നു തന്നെ പരിചയപ്പെട്ടു. പുതിയതായി വന്ന കുട്ടികളെ സ്വാഗതം ചെയ്യാൻ വേണ്ടി അസംബ്ലി വിളിച്ചു. അങ്ങനെ സ്വാഗതം കഴിഞ്ഞു. അവർ ക്ലാസ്സിലേക്ക് പോയി. ടീച്ചർ വന്നു ടീച്ചർ എല്ലാവരെയും പരിചയപ്പെട്ടു. ഒടുവിൽ മാളുവിനോട് ചോദിച്ചു  പേര് എന്താ ? മാളു മാളുവിന്റെ യഥാർത്ഥ പേര് പറഞ്ഞു അനുശ്രീ എന്ന് പറഞ്ഞു. പിന്നീട് ഭക്ഷണം കഴിക്കാൻ ബെല്ല് അടിച്ചു. അവർ കയ്യ് കഴുകാൻ വേണ്ടി പോയി ബാഗിൽ നിന്ന് ഭക്ഷണം കഴിച്ചു അങ്ങനെ വൈകുന്നേരം ആയി. മാളു അമ്മയുടെ കൂടെ ബസ്സിൽ കയറി വീട്ടിലെത്തി. അപ്പോൾ മാളുവിന്റെ അഛൻ ജെർമിനിയിൽ നിന്ന് ഫോൺ വിളിച്ചു സ്കൂളിലത്തെ കാ
ര്യങ്ങൾതിരക്കി. അവൾ എല്ലാം പറഞ്ഞു.

Anupama.E.G.
class : 8 c



# .ഓണക്കോടി

മോളെ നീ എഴുന്നേൽക്കുന്നില്ലേ  വിളി കേട്ടാണ് അമ്മു ഉറക്കമുണർന്നത്. അവൾ എഴുന്നേറ്റ് മുറ്റത്ത് വന്നു. അടുത്ത വീട്ടിലെ കുട്ടികൾ പൂ പരിക്കുവാനായി പോകുന്നു. ഇന്ന് തിരുവോണമാണ്. തലേ ദിവസം ഉറക്കത്തിൽ കണ്ട സ്വപ്നത്തിൽ താൻ ധരിച്ച മഞ്ഞയിൽ ചുവന്ന പൊട്ടുകളുള്ള ഉടുപ്പിനെ പറ്റി അവൾ ഓർത്തു. തങ്ങൾക്ക് ഓണം ആഘോഷിക്കുവാനൊന്നും പണമില്ല. അമ്മുവിന് അമ്മ മാത്രമേയുള്ളൂ. അമ്മയ്ക്ക് സുഖമില്ലാത്തതിനാൽ ജോലിക്ക് പോകുവാൻ കഴിഞ്ഞിരുന്നില്ല. മറ്റു കുട്ടികൾ ഓണക്കോടി ഉടുത്തു കൊണ്ട് സന്തോഷത്തോടെ നടക്കുന്നത് കണ്ടപ്പോൾ അമ്മുവിന് തന്റെ അവസ്ഥ ഓർത്ത്  സങ്കടം വന്നു. അമ്മുവിന്റെ സങ്കടം കണ്ട് അമ്മ പറഞ്ഞു,  സാരമില്ല മോളെ അടുത്ത വർഷം നമുക്ക് ഓണാക്കോടി വാങ്ങാം. ഇപ്പോൾ കുളിച്ചു വന്ന് ആഹാരം കഴിക്ക്. അവർ അകത്തേക്ക് പോയി ഭക്ഷണം കഴിച്ചു കൊണ്ടിരുന്ന അവൾ കൂട്ടുകാരി മീരയുടെ വിളികേട്ടാണ് മുറ്റത്തേക്ക് വന്നത്. മുറ്റത്ത് കയ്യിൽ ഒരു സഞ്ചിയും തൂക്കി നിൽക്കുന്ന മീരയെയാണ് അവൾ കണ്ടത്. മീര പറഞ്ഞു, അമ്മൂ, ഇത് നിനക്കുള്ള ഓണാക്കോടിയാണ് അമ്മു സഞ്ചിയും വാങ്ങി മീരയെയും വിളിച്ചു കൊണ്ട് അകത്തേക്ക് പോയി. സഞ്ചി തുറന്ന അവൾ ഓണാക്കോടി കണ്ട് അത്ഭുതപ്പെട്ടു പോയി. അവൾ സ്വപ്നത്തിൽ കണ്ട അതേ ഉടുപ്പ്. അവൾ മീരയെ കെട്ടിപ്പിടിച്ചു. അവളുടെ സന്തോഷം കണ്ട് അമ്മയുടെ കണ്ണുനിറഞ്ഞു



# വിശക്കുന്നവന്റെ മാണിക്യം

ഒരു  പൂവൻകോഴി മുറ്റത്ത് കൊത്തി പെറുക്കി നിൽക്കുകയായിരുന്നു തിന്നാൻ എന്തെങ്കിലും കിട്ടുമോ? അതായിരുന്നു പൂവൻകോഴിയുടെ വിചാരം. അതെന്താ തിളങ്ങുന്നത് ഒരു കല്ല് കണ്ടു കോഴി അങ്ങോട്ട് ചെന്നു.

വലിയ വിലയുള്ള  മാണിക്യക്കല്ലായിരുന്നു അത് പൂവൻകോഴി അതിൽ ഒന്നു രണ്ടു തവണ കുത്തി നോക്കി. കൊക്കരക്കോ..... ഇത് തിന്നാൻ കൊള്ളില്ല കോഴി മാണിക്യം ഉപേക്ഷിച്ച് വീണ്ടും കരിയിലകൾക്കിടയിൽ   ചികയാൻ തുടങ്ങി. അത് കണ്ടു ഒരു കാക്ക പറഞ്ഞു" മണ്ടൻ കോഴി വലിയ വിലയുള്ള മാണിക്യമാണ് നീ ഉപേക്ഷിച്ചു പോയത് അറിയാമോ? അപ്പോൾ കോഴി പറഞ്ഞു "ആയിരിക്കാം അതുകൊണ്ട് എന്ത്? വിശന്നു പൊരിഞ്ഞ എനിക്ക് വേണ്ടത് ആഹാരമാണ്. വിശക്കുന്നവന്റെ മുമ്പിൽ ഭക്ഷണത്തിലാണ് ഏറ്റവും വില. മനുഷ്യർക്ക് വിലപ്പെട്ട ആ കല്ലുകൊണ്ട് എനിക്കെന്തു ഗുണം'' കരിയിലകൾക്കിടയിൽ ചികഞ്ഞ് ഒരു മണ്ണിര യെ പിടികൂടി തിന്നു കോഴി തൃപ്തിയോടെ നടന്നുപോയി.

Angrace shijo
Class:8c



# ഒരു ഉൽസവ കാഴ്ച്ച

ചിന്നു മോൾ വളരെ സന്തോഷത്തിലാണ്.
നാളെ അവരുടെ നാട്ടിലെ പ്രധാന ഉൽസവംമാണ്.
അവൾ നേരം വെളുക്കാൻ കാത്തിരിക്കുകയാണ്.
അങ്ങനെ പിറ്റേ ദിവസം രാവിലെ ചിന്നുവും അവളുടെ
അച്ഛനും അമ്മയും കൂടെ ഉൽസവം കാണാൻ പോയി.
അവിടെഎത്തിയപ്പോൾ തന്നെ ചിന്നുവിന്റെ
കണ്ണ് അവിടുത്തെ കളിപ്പാട്ടത്തിലെ ക്കാണ് പോയത്
പല പല നിറത്തിലും രൂപത്തിലും കുറെ കളിപ്പാട്ടം.
അവൾ അച്ഛനോട് ചോദിച്ചു അച്ഛാ എനിക്കൊരു
കളിപ്പാട്ടം വാങ്ങി തരുമോ? അച്ഛൻ അവളെയും കൂട്ടി
കളിപ്പാട്ടത്തിന്റെ അടുത്തേക്ക് പോയി അവൾക്ക്
ഇഷ്ടമുള്ള ഒരു കളിപ്പാട്ടം മേടിച്ചു കൊടുത്തു. ചിന്നുമോൾക്ക്
വളരെയധികം സന്തോഷമായി. അങ്ങനെ അവർ അവിടെയെല്ലാം
നടന്നു കണ്ടു കുറെ റൈഡുകളിലും കയറി സന്തോഷത്തോടെ വീട്ടിലേക്ക് മടങ്ങി.


jinsha joy 8A

# അവധി കാലം



മോളേ  എഴുന്നേകുന്നില്ലേ എന്ന
വിളി കേട്ടാണ് ദേവു
എഴുന്നേൽക്കുന്നത്  ഇന്ന് മുതൽ
അവധി കാലം
ആരംഭിക്കുകയല്ലേ  നമ്മുക്ക്
മുത്തശ്ശനെയും മുത്തശ്ശിയെയും
കാണാൻ പോവണ്ടേ രാവിലെ
പത്തുമണിയ്ക്കാണ്    ബസ്
ഇപ്പോൾ എഴുന്നേറ്റാലേ
പോകാൻ കഴിയുള്ളു  അമ്മയ്ക്ക്
പിടിപ്പത് പണി ഉണ്ട് അത്
ചെയ്തു തീർക്കണം മോളെ
എണീറ്റു പല്ലും മുഖവും കഴുക്
പെട്ടന്ന് തന്നെ ദേവു പല്ലും
മുഖവും കഴുകി മേശയ്ക്ക് അരികിൽ
എത്തി അവിടെ അമ്മ എടുത്ത്
വച്ച ചൂട് പാലും ദോശയും
അവൾ കഴിച്ചു  അതിനു ശേഷം
അവളുടെ അച്ഛൻ
വാങ്ങിനൽകിയ പുതിയ ഉടുപ്പ്
ധരിച്ചുഅവൾ വന്നു
അപ്പോഴേക്കും അമ്മയും ഒരുങ്ങി
വന്നു അമ്മ അവൾക്ക് മുടി കെട്ടി
നൽകി  പിന്നെ അവർ ബസ്
സ്റ്റോപ്പ്ലേക്ക് നടന്നു അവർ
എത്തി കുറച്ചു
കഴിഞ്ഞപോഴേക്കും  ബസ്
വന്നു

ദേവു ബസിൽചാടി കയറി  ദേവു
ബസിൽ ഇരുന്നു കാഴ്ചകൾ
കാണാൻ തുടങ്ങി  അവൾ
മനോഹരമായ കാഴ്ചകൾ
ആസ്വദിച്ചു അവൾ വലിയ
സന്തോഷത്തിൽ
ആയിരുന്നു അങ്ങനെ അവൾ
മുത്തച്ഛന്റെയും മുത്തശ്ശിടെയും
വീട്ടിൽ  എത്തി അവൾ ബസിൽ
വരുമ്പോൾ  കണ്ട കാഴ്ചകൾ
അവൾ മുത്തശ്ശനോടും
മുത്തശ്ശിയോടും വായിതോരാതെ
പറഞ്ഞു കൊണ്ടിരുന്നു



# ഓണാഘോഷം

ഓണത്തിന് സ്കൂളിൽ
നാളെയാണ് ഓണാഘോഷം.
ചിന്നു നാളത്തെ സ്കൂളിലെ
ഓണാഘോഷത്തിനായി
കാത്തിരിക്കുകയാണ്. നാളെ
സ്കൂളിൽ പല പല
മത്സരങ്ങൾ ഉണ്ട്.
പൂക്കളമത്സരം, വടം വലി,
കുപ്പിയിൽ വെള്ളം നിറക്കൽ,
ഉറി ഉടയ്ക്കൽ, സൈക്കിൾ
സ്ലോ റേസ്.
അങ്ങനെ പല പല
മത്സരങ്ങൾ.പിന്നെ പല
പല പരിപാടികൾ
ഉണ്ടായിരുന്നു.അമ്മമാരുടെ
മെഗാ തിരുവാതിര
അങ്ങനെ വളരെ എറെ
പരിപാടികൾ.ചിന്നു
പൂക്കളത്തിനായി പൂവ്
പറിക്കുകയാണ്.
ചിന്നു നാളത്തെ
ദിവസത്തിനായി
കാത്തിരിക്കുകയാണ്.
അങ്ങനെ
രാവിലെയായി.ചിന്നു അന്ന്
രാവിലെ നേരത്തെ
ഉണർന്നു. ചിന്നുവിന് പുതിയ
ഉടുപ്പ് അച്ഛൻ വാങ്ങി
കൊടുത്തിരുന്നു. ചിന്നു
പുതിയ ഉടുപ്പാണ് ഇടുന്നത്.
ചിന്നു സ്കൂളിലേക്ക്
യാത്രയായി. അങ്ങനെ
അവൾ സ്കൂളിൽ എത്തി.
അവൾ തന്റെ
കൂട്ടുകാരോടുകൂടെ പൂക്കളം
തയ്യാറാക്കുവാൻ തുടങ്ങി.
സ്കൂളിലെ പല
മത്സരങ്ങൾക്കും അവൾ
പങ്കെടുത്തു.ഉച്ചയായപ്പോൾ
സദ്യ കഴിക്കുവാൻ പോയി.
സദ്യയ്ക്ക് പലതരം കറികൾ
ഉണ്ടായിരുന്നു. ഉപ്പേരി,
തോരൻ, അവിയൽ
സാമ്പാർ, പച്ചടി. പിന്നെ
പായസവും
ഉണ്ടായിരുന്നു.അങ്ങനെ
സദ്യ കഴിച്ചു. ചിന്നുവിന്റെ
പൂക്കളത്തിനാണ്
ഫസ്റ്റ്.അവൾക്ക് സമ്മാനം
ലഭിച്ചു. പിന്നെ അവൾ
തിരിച്ചു വീട്ടിലേക്ക് മടങ്ങി.
ഇനി പത്ത് ദിവസം
അവധിയാണ്. ഇനി
വീട്ടിലെ ഓണം
ആഘോഷിക്കണം......
വീട്ടിലെ ഓണാഘോഷം
അടിച്ചു പൊളിക്കണം.

# നഷ്ടങ്ങൾ ബാക്കിയാക്കുന്ന ലഹരി...

ANNLIYA IX A

മതാത്മകമായ അന്തരീക്ഷം കേരളത്തിൻ്റ മുഖമുദ്രയാണ്. സ്വതന്ത്രമായ ആത്മീയ പ്രസ്ഥാനങ്ങൾക്കും ഇന്നാട്ടിൽ കുറവില്ല.എന്നാൽ മതങ്ങളും വിവിധ ആത്മീയമുന്നേറ്റങ്ങളും യുവജനങ്ങളെ ഇക്കാലത്ത് എന്തുമാത്രം അഭിസംബോധന ചെയ്യുന്നുണ്ട് എന്നത് ഉന്നയിക്കപ്പെടേണ്ട ചോദ്യമാണ്.അവർക്ക് ഉന്നതമായ ലക്ഷ്യബോധം കൊടുക്കാനും അവരുടെ ആത്മീയ ആവശ്യങ്ങൾ തൃപ്തിപ്പെടുത്താനും മൂല്യബോധം പകരാനും സാധിക്കാതെ പോകുന്നു.മതങ്ങൾ വേഷം മാറി രാഷ്ട്രീയത്തിലേക്കും അധികാരകേന്ദ്രങ്ങളിലേക്കും ഇഴഞ്ഞുകയറുന്ന കാലമാണിത്. പ്രസംഗവും പ്രവൃത്തിയും തമ്മിലുള്ള അന്തരം മതപ്രഭാഷണങ്ങളുടെ ആകർഷണമൂല്യം ഹരിച്ചുകളയുന്നുണ്ട്. മതാത്മകതയെ ആത്മീയതയായി പരിവർത്തനപ്പെടുത്തുന്നതിൽ മതങ്ങൾ പലപ്പോഴും ഏറ്റക്കുറച്ചിലുകളോടെ പരാജയപ്പെടുന്നു.



ലഹരിക്കെതിരെ പ്രതിരോധ പ്രവർത്തനങ്ങൾ നടക്കണം...ലഹരി വിരുദ്ധ പ്രാദേശിക കൂട്ടായ്മകൾ വിദ്യാഭ്യാസസ്ഥാപന പരിസരത്തു രൂപപ്പെടേണ്ടതുണ്ട്... കർശനമായ ഇടപെടലുകൾ സർക്കാർ തലത്തിൽ ഉടനടി ആവശ്യമുണ്ട്...ലഹരി വ്യാപകമാകുന്ന നാട്ടിൽ സമാന്തര സമ്പദ് വ്യവസ്ഥ ഉണ്ടാകും അത് തകർക്കാൻ സർക്കാരിനെ കഴിയൂ...ലഹരി വിരുദ്ധ പ്രചാരണങ്ങൾ നടക്കട്ടെ... അതോടൊപ്പം ലഹരിക്കെതിരെയുള്ള പോരാട്ടത്തെ ഫലപ്രദമാക്കാനുള്ള സംവിധാനവും അന്തരീക്ഷവും നമുക്ക് ആവശ്യമാണ്.

വേലികെട്ടാത്ത തോട്ടത്തിൽ കളപറിച്ച് തോൽക്കുന്ന പണിക്കാരാകരുത് ലഹരി വിരുദ്ധ പ്രവർത്തകർ.. ഉന്മത്തരുടെ സ്വന്തം നാടെന്ന പേരുദോഷം നാം അർഹിക്കുന്നില്ല... എന്ന് ഓർമിപ്പിച്ചു കൊണ്ട് നിർത്തുന്നു.

നന്ദി..

## വിദ്യാർത്ഥികളിലുണ്ടാകേണ്ട അച്ചടക്കം

ഇന്നത്തെ വിദ്യാർത്ഥികൾ നാളെയുടെ വാഗ്ദാനങ്ങളാകണം അതുകൊണ്ട് വിദ്യാർത്ഥികളായിരിക്കുമ്പോൾതന്നെ ഓരോരുത്തരും ആർജ്ജി ക്കേണ്ട ഒരുഗുണമാണ് അച്ചടക്കം. ലക്ഷ്യബോധമുള്ള ഒരു ജീവിതം കെട്ടി പ്പടുക്കുന്നതിനും ഒരുത്തമ പൗരനായി ജീവിക്കുന്നതിനും അച്ചടക്കം നമ്മെ സഹായിക്കുന്നു.

അച്ചടക്കമെന്നുപറഞ്ഞാൽ ഒന്നും മിണ്ടാതെ കയ്യുംകെട്ടി ഇരിക്കണ മെന്നല്ല അർത്ഥം. ഏകാഗ്രത, സത്യസന്ധത, നീതിബോധം, സാഹോദര്യം എന്നിവയെല്ലാം അച്ചടക്കത്തിന്റെ ഭാഗമാണ്. മുതിർന്നവരെ ആദരിക്കുകയും അവരുടെ വാക്കുകളനുസരിച്ച് പ്രവർത്തിക്കുകയും വേണം. ഗുരുജനങ്ങളേയും മാതാപിതാക്കളേയും ബഹുമാനിക്കുകയും അനുസരിക്കുകയും വേണം. അച്ചടക്കംകൊണ്ട് ജീവിതത്തിൽ വിജയം കൈവരിക്കാനാകൂ. എടു ത്തുചാട്ടം അപകടമാണ്. സാഹോദര്യത്തോടുകൂടി പെരുമാറണം. അച്ച ടക്കം അഭ്യസിക്കാൻ പറ്റിയത് വിദ്യാഭ്യാസകാലത്താണ്.



മനുഷ്യൻ സമൂ ഹത്തിൽ പ്രവർത്തിക്കേണ്ടതെങ്ങനെയെന്ന് അവിടെവച്ച് ഓരോ കുട്ടിയും തിരിച്ചറിയും. അച്ചടക്കബോധമുള്ള ഒരു സമൂഹമാണ് നമുക്കാവശ്യം.

വിദ്യാർത്ഥികളിലിന്ന് അച്ചടക്കംകുറയുകയും അക്രമവാസന കൂടു കയുമാണ് ചെയ്യുന്നത്. നിസ്സാരകാര്യങ്ങൾക്കുപോലും കുട്ടികൾ സംഘ ടിതരായി അക്രമങ്ങൾക്ക് കൂട്ടുനിൽക്കുന്നതാണ് കാണുന്നത്. പല രാഷ്ട്രീയപാർട്ടികൾക്കും വിദ്യാർത്ഥി സംഘടനകളുണ്ട്. രാഷ്ട്രീയ പാർട്ടികളുടെ താല്പര്യം സംരക്ഷിക്കാനായി വിദ്യാർത്ഥികൾ അച്ചട ക്കരാഹിത്യം കാണിക്കുന്നത് ന്യായീകരിക്കാവുന്നതല്ല. വിദ്യാർത്ഥിസമ രങ്ങളുടെ പേരിൽ കാട്ടിക്കൂട്ടുന്ന അതിക്രമങ്ങൾക്ക് കൈയ്യും കണക്കു മില്ല. അതിന്റെ പേരിലുണ്ടാകുന്ന നാശനഷ്ടങ്ങളും കുറവല്ല. അസം തൃപ്തമായ ഒരു സമൂഹത്തെ സൃഷ്ടിക്കുവാനേ അച്ചടക്കരാഹിത്യം ഉപ കരിക്കൂ.

ജാതിമതചിന്തകളോ രാഷ്ട്രീയവൈരാഗ്യമോ ഇല്ലാതെ വിദ്യാർ ത്ഥികൾ ഒറ്റക്കെട്ടായി നിലകൊള്ളണം.

ഏതുകാര്യത്തിനിറങ്ങിത്തിരി ച്ചാലും അത് അച്ചടക്കത്തിന്റെ മാർഗ്ഗത്തിലൂടെയായിരിക്കണം. ഗാന്ധിജി കാട്ടിത്തന്ന അച്ചടക്കത്തിന്റെ മാതൃക വിസ്മരിക്കാനാവില്ല.

***Once upon a time, there was a young man named Alex who lived a monotonous life. He was unhappy with his routine and yearned for adventure. One day, he stumbled upon a picture of a majestic mountain and was immediately drawn to it. He knew that he had to climb it.***


***He trained for months, learning everything he could about mountain climbing and preparing himself physically and mentally for the challenge ahead. And finally, the day arrived. Alex set off on his journey, determined to reach the summit.***

***The climb was difficult and dangerous, but Alex was fueled by his passion for adventure. He faced many obstacles along the way, but he persevered, always putting one foot in front of the other.***

***As he neared the summit, Alex realized that the journey was just as important as the destination. He had learned so much about himself along the way, and he had discovered a sense of purpose that he had never known before.***

***When he finally reached the summit, Alex was filled with a sense of accomplishment and joy. He gazed out at the breathtaking view, feeling grateful for the journey that had brought him to this moment.***

***From that day forward, Alex lived his life with a newfound sense of purpose. He continued to seek out new adventures, always pushing himself to new heights and discovering the beauty and wonder of the world around him. And he never forgot the lessons he had learned on the climb, and the sense of fulfillment that came from facing his fears and pursuing his dreams.***



[illegible]





# മാതൃത്വം അവഗണിക്കപ്പെടുമ്പോൾ

വളർത്തി വലുതാക്കിയ സ്വന്തം മാതാപിതാക്കളെ തിരിഞ്ഞു നോക്കാതെ വൃദ്ധസദനങ്ങളിൽ കൊണ്ടാക്കുന്ന ഒരുപാട് സംഭവങ്ങൾ നിത്യേന കേൾക്കുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. ഏതാനും നാൾ മുമ്പ് ഒരു വാർത്ത വന്നു. എഴുപത് വയസ്സ് കഴിഞ്ഞ വിധവയായ അമ്മയെ സംരക്ഷിക്കാത്തതിന് അഞ്ച് മക്കൾക്കെതിരെ പോലീസ് കേസെടുത്തു. അമ്പത് വയസ്സായ മൂത്ത മകനെ പോലീസ് അറസ്റ്റ് ചെയ്തു. വയസ്സായ മാതാപിതാക്കളെ താമസിപ്പിക്കാൻ നാടുനീളെ വൃദ്ധസദനങ്ങൾ നിർമ്മിക്കുന്ന മലയാളിയെ സംബന്ധിച്ചിടത്തോളം പുതമയില്ലാത്ത വാർത്തയാണിത്. ധനസമ്പാദത്തിനായുള്ള കുടിയേറ്റം ഒരു സാമൂഹിക തിന്മയായി ഈ നാട്ടിൽ വേരുറപ്പിച്ചപ്പോൾ മുളച്ചു പൊന്തിയത് വൃദ്ധസദനങ്ങൾ ആണ്. വൃദ്ധരായ മാതാപിതാക്കൾ പലർക്കും ഒരു ബാധ്യതയാകുന്ന കേരളത്തിൽ നൂറിലേറെയുണ്ട് അംഗീകൃത വൃദ്ധസദനങ്ങൾ. പലതും അമ്പതു മുതൽ നൂറു വരെ അന്തേവാസികളെ പാർപ്പിക്കുന്നവയാണ്. കൂട്ടുകുടുംബ വ്യവസ്ഥകൾ അണു കുടുംബങ്ങളിലേക്ക് മാറിക്കൊണ്ടിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ ജീവിതം ഏറ്റവും ക്ലേശകരമായി തീർന്നിരിക്കുന്നത് വൃദ്ധജനങ്ങൾക്കാണ്. ഇന്ന് കേരളത്തിലെ അനാഥ വൃദ്ധ പരിചരണ കേന്ദ്രങ്ങളിൽ ഉപേക്ഷിക്കപ്പെട്ടു കഴിയുന്നവരിൽ നാലും അഞ്ചും മക്കളുടെ അച്ഛൻ അമ്മമാർ ഒട്ടേറെയുണ്ട്. ഇത് കൂടാതെ സ്വന്തം വീടുകളിൽ മക്കളുടെ സ്നേഹമോ സാമീപ്യമോ ഇല്ലാതെ അനാഥരെപ്പോലെ ഒറ്റപ്പെട്ടു കഴിയേണ്ടി വരുന്നവരുടെ എണ്ണം ഇതിലും എത്രയോ കൂടുതലായിരിക്കും. കഴിക്കാൻ ഭക്ഷണവും ആവശ്യമായ മരുന്നും നോക്കാൻ ഒരു ഹോം നേഴ്സും ഉണ്ടെങ്കിൽ പിന്നെ മാതാപിതാക്കളെ തിരിഞ്ഞു നോക്കേണ്ട കാര്യമില്ല എന്ന ചിന്താഗതിക്കാരാണ് ഏറെ പേരും. ഇതിനെല്ലാം അപ്പുറം മക്കളുടെ സ്നേഹവും സാമീപ്യവും അവർ എത്രമാത്രം ആഗ്രഹിക്കുന്നുണ്ടെന്നു മക്കൾ തിരിച്ചറിയുന്നില്ല. ഒരു പഴഞ്ചൊല്ല് ഈ അവസരത്തിൽ നാം ഓർക്കുന്നു ' പഴുത്ത പ്ലാവില വീഴുമ്പോൾ പച്ച പ്ലാവില ചിരിക്കേണ്ട' എന്ന പഴഞ്ചൊല്ല് മാതാപിതാക്കളെ അവഗണിക്കുന്ന മക്കൾക്ക് ഉള്ളതാണ്. നാളെ തങ്ങളെയും ഇതേ വാർദ്ധക്യം കാത്തിരിക്കുന്നുണ്ടെന്ന സത്യം ഒരു നിമിഷത്തിൽ എങ്കിലും അവർ ഓർക്കണം 'മാമ്പൂ കണ്ടും മക്കളെ കണ്ടും കൊതിക്കരുത് ' എന്ന പഴഞ്ചൊല്ല് മക്കളെ ഏറെ സ്നേഹിക്കുന്ന, അവരിൽ ഒരുപാട് പ്രതീക്ഷകൾ അർപ്പിക്കുന്ന മാതാപിതാക്കൾക്കുള്ള ഒരു ഓർമ്മപ്പെടുത്തൽകൂടിയാണ്. അവർ നമ്മളെ എങ്ങനെ വളർത്തിയ അതുപോലെ നമ്മളും അവരെ സംരക്ഷിക്കുക.

നന്ദി.



# സെന്റ് അഗസ്റ്റിൻസ് ഹൈസ്കൂൾ നെല്ലിക്കുറ്റി

**സ്ഥാപിതം : 1983**

## വാർഷിക റിപ്പോർട്ട് 2023-24

തമസോമാ ജ്യോതിർഗമയാ




**സ്ഥാപക മാനേജർ : റവ. ഫാ. ജോർജ് തടത്തിൽ**

**ഇപ്പോഴത്തെ മാനേജർ : റവ. ഫാ. മാത്യു ഓലിക്കൽ**

| | | |
|---|---|---|
| റവന്യൂ ജില്ല - കണ്ണൂർ | ഉപജില്ല -ഇരിക്കൂർ | വിദ്യാഭ്യാസ ജില്ല - തളിപ്പറമ്പ് |
| പി ടി എ പ്രസിഡണ്ട്- സൈജു ഇലവുങ്കൽ | Ph :9446651988 | പ്രധാനാധ്യാപകൻ- സിബി ഫ്രാൻസിസ് |

E- mail: nellikuttyhs@gmail.com    School Blog: sahsnellikutty.blogspot.com

# സ്ഥിതി വിവരക്കണക്ക്

| | | | | | | |
|---|---|---|---|---|---|---|
| കുട്ടികൾ | ആൺ | 112 | പെൺ | 91 | ആകെ | 203 |
| കത്തോലിക്കാ കുട്ടികൾ | ആൺ | 76 | പെൺ | 58 | ആകെ | 134 |
| അധ്യാപകർ | ആൺ | 6 | പെൺ | 6 | ആകെ | 12 |
| അനധ്യാപകർ | ആൺ | 2 | പെൺ | 2 | ആകെ | 4 |

## I) പാഠ്യപുരോഗതി

□□1 കഴിഞ്ഞ പരീക്ഷയിൽ ആകെ പരീക്ഷ എഴുതിയ കുട്ടികളുടെ എണ്ണം 65
2 വിജയിച്ചവരുടെ എണ്ണം 65 ശതമാനം 100
3 എല്ലാ വിഷയങ്ങൾക്കും□+ ലഭിച്ചവരുടെ എണ്ണം 15 ശതമാനം 23
4 9□+ ലഭിച്ചവരുടെ എണ്ണം 2 ശതമാനം 3
5 വിവിധ വിഷയങ്ങളിൽ □+ ലഭിച്ചവരുടെ എണ്ണം

| MAL I | | MAL II | | ENG | | HIN | | SS | | PHY | | CHE | | BIO | | MATHS | | IT | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| No | % | No | % | No | % | No | % | No | % | No | % | No | % | No | % | No | % | No | % |
| 53 | 82 | 59 | 91 | 26 | 40 | 44 | 68 | 16 | 25 | 31 | 48 | 48 | 74 | 42 | 65 | 23 | 35 | 57 | 88 |

b) കുട്ടികളുടെ പുരോഗതി വിലയിരുത്താൻ ടേംലി പരീക്ഷകൾ കൂടാതെ സ്വീകരിച്ചിട്ടുള്ള മാർഗങ്ങൾ ഏവ ?

സ്ലിപ് ടെസ്റ്റുകൾ - അതാത് പീരിയഡുകളിൽ 5 മിനുട്ട്
യൂണിറ്റ് ടെസ്റ്റ് -എല്ലാ യൂണിറ്റിന്റെയും അവസാനം
മന്ത്‌ലി ടെസ്റ്റുകൾ
മിഡ് ടെം ടെസ്റ്റുകൾ
സെമിനാറുകൾ
അസൈൻമെന്റുകൾ

c) പരീക്ഷകൾ, ടെസ്റ്റ് പേപ്പറുകൾ തുടങ്ങിയവക്ക് വർഷാരംഭത്തിൽ സമയ വിവരപ്പട്ടിക നൽകിയിട്ടുണ്ടോ?

ഉണ്ട്. സ്കൂൾ ഡയറിയിൽ പരീക്ഷാ ദിനങ്ങൾ, പ്രധാനപ്പെട്ട ആഘോഷങ്ങൾ, വിവിധ ക്ലബ്ബ്കളുടെ ക്യാമ്പ് , അസൈന്മെന്റുകൾ സമർപ്പിക്കേണ്ട തീയതികൾ തുടങ്ങി പ്രധാനപ്പെട്ട എല്ലാ വിവരങ്ങളും നൽകിയിട്ടുണ്ട്.

d) സ്കൂൾ ഡെവലപ്മെന്റ് പ്രോഗ്രാം തയ്യാറാക്കിയിട്ടുണ്ടോ?

ഉണ്ട്. എല്ലാ വർഷവും മെയ് മാസത്തിൽ തയ്യാറാക്കുന്നു.

e) 1 സസജ്ജീകൃതമായ കമ്പ്യൂട്ടർ ലാബ് ഉണ്ടോ ? ഉണ്ട്

2.സ്മാർട്ട് ക്ലാസ്സ്റൂം ഉണ്ടോ? പ്രവർത്തനങ്ങൾ എന്തെല്ലാം?

ഉണ്ട് . വിവിധ ട്രെയിനിങ് പ്രോഗ്രാമുകൾ, ലൈവ് വീഡിയോ ക്ലാസുകൾ, ആനിമേഷൻ, പ്രോഗ്രാമിങ് ക്ലാസുകൾ തുടങ്ങിയവ നടത്തുന്നു. ഐ ടി ക്ലബ്ബ്, ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങൾ. നമ്മുടെ രണ്ട് കുട്ടികൾ ഈ വർഷം ജില്ലാ ആനിമേഷൻ, പ്രോഗ്രാമിങ് ക്യാമ്പുകളിലേക്ക് തെരെഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. ഫെബ്രുവരി 17 ,18 തീയതികളിൽ കണ്ണൂർ എൻജിനീയറിങ് കോളേജിൽ ആണ് ക്യാമ്പ്. നമ്മുടെ കുട്ടികൾക്ക് മാഗസിൻ DTP ചെയ്യാനുള്ള ട്രെയിനിങ് നൽകിക്കഴിഞ്ഞു.

3.സ്കൂളിന് സ്വന്തം വെബ്സൈറ്റ് ഉണ്ടോ? ഫലപ്രദമായി ഉപയോഗിക്കുന്നുണ്ടോ?
സ്വന്തമായി ബ്ലോഗ് ഉണ്ട്.സ്കൂളിൽ നടക്കുന്ന എല്ലാ പ്രോഗ്രാമുകളുടെയും ഫോട്ടോ, വീഡിയോ എന്നിവ തത്സമയം ബ്ലോഗിൽ ലഭ്യമാക്കുന്നുണ്ട്.
https://sahsnellikutty.blogspot.com/ സ്വന്തമായി യൂട്യൂബ് ചാനലും facebook അക്കൗണ്ടും ഉണ്ട്.വിവിധ പ്രോഗ്രാമുകൾ യുട്യൂബ് ചാനലിൽ ലഭ്യമാണ്.

4.വിവര സാങ്കേതിക വിദ്യ അദ്ധ്യാപന വേളയിൽ ഉപയോഗിക്കാറുണ്ടോ? ഉണ്ട്

f) സയൻസ് ലാബ് മികച്ച രീതിയിൽ പ്രവർത്തിക്കാറുണ്ടോ ? ഉണ്ട്
ലാബിൽ പ്രത്യേക ടൈം ടേബിൾ ഉണ്ടോ? ഉണ്ട്

g) ഹാജർനില, പഠനനിലവാരം, എന്നിവ വർദ്ധിപ്പിക്കാനായുള്ള പ്രോത്സാഹനം നൽകുന്നതിന് എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട്?

എല്ലാ ടേമിലും മുഴുവൻ കുട്ടികളുടെയും ഭാവന സന്ദർശനം നടത്തുന്നു. വിവിധ ക്യാമ്പുകൾ വർക്ക്ഷോപ്പുകൾ തുടങ്ങിയവ നടത്തുന്നു. എട്ടാം ക്ലാസ്സിലേക്ക് കുട്ടികളെ ആകർഷിക്കുന്നതിനായി 'സമ്മർ സിസിൽ' എന്നപേരിൽ എല്ലാ വർഷവും ക്യാമ്പുകൾ സംഘടിപ്പിക്കുന്നു.ചിത്രരചനാ, കര കൗശലം, മാജിക്, ക്രാഫ്റ്റ് വർക്ക്, ഗെയിമുകൾ, സൈക്ലിംഗ്, നീന്തൽ തുടങ്ങിയവ ഉൾപ്പെടുത്തിയുള്ള ഈ ക്യാമ്പിൽ പങ്കെടുക്കുന്ന കുട്ടികൾ ഇവിടുത്തെ അന്തരീക്ഷം, സൗകര്യങ്ങൾ തുടങ്ങിയവ മനസ്സിലാക്കുന്നു. മുഴുവൻ കുട്ടികൾക്കും, ഭക്ഷണം, സ്നാക്ക്സ് നൽകുകയും, രക്ഷിതാക്കളെക്കൂടി ഉൾപ്പെടുത്തിയ സമാപനത്തിൽ സർട്ടിഫിക്കറ്റുകളും ട്രോഫികളും നൽകുകയുംചെയ്യുന്നു.

h) പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ ഉന്നമനത്തിന് വേണ്ടി നടത്തിയ പ്രത്യേക പരിപാടികൾ എന്തെല്ലാം ?
ഭാഷാമൃതം - ഭാഷകൾക്ക് പ്രാധാന്യം നൽകിക്കൊണ്ട് എഴുത്തും വായനയും ഉറപ്പിക്കാനുള്ള പ്രോഗ്രാം
ഗണിതം മധുരം - ബേസിക് മാത്സ് നൽകുന്നതിനായി മുഴുവൻ കുട്ടികൾക്കും ആഴ്ചയിൽ രണ്ട് ദിവസം നൽകുന്ന പ്രത്യേക പരിശീലനം. ഗണിത പഠനം എളുപ്പമാക്കാൻ ഗണിത ആക്ടിവിറ്റികൾ

i) പഠനം കൂടുതൽ മികവുറ്റതാക്കാൻ വിദഗ്ധരായ വ്യക്തികളുടെ സേവനം പ്രയോജനപ്പെടുത്താറുണ്ടോ? ചെയ്ത കാര്യങ്ങൾ എന്തെല്ലാം?
ഉണ്ട് . വിവിധ ട്രെയിനിങ് പ്രോഗ്രാമുകൾ

j) NMMS സ്കോളർഷിപ്പ് ഈ വർഷം 3 കുട്ടികൾക്ക്
സംസ്കൃതം

k) എല്ലാ കുട്ടികളും എഴുത്തും വായനയും സ്വായത്തമാക്കിയിട്ടുണ്ടോ? ഉണ്ട് .

l) എസ് ആർ ജി മീറ്റിംഗുകളുടെ എണ്ണം 19 (റിപ്പോർട്ട് അറ്റാച്ച് ചെയ്തിട്ടുണ്ട് )

==================================================

## II) കായിക മേഖല

| സംസ്ഥാനതലം | ജില്ലാതലം | സബ്ജില്ലാതലം |
|---|---|---|
| നീന്തൽ മത്സരത്തിൽ പങ്കെടുത്തവർ=9 | പങ്കെടുത്ത കുട്ടികൾ=56 | പങ്കെടുത്തകുട്ടികൾ=107 |
| ഒരാൾക്ക് ഗ്രേസ് മാർക്ക് ലഭിക്കും | 1 st=7 | 1 st=30 |
| | 2st=6 | 2 st=25 |
| | 3rd=9 | 3 rd=17 |
| | റാങ്ക് | ചാമ്പ്യൻഷിപ്പ് =8 |
| | നീന്തൽ = ഓവറോൾ നാലാം സ്ഥാനം | റാങ്ക് |
| | | Game = 9 |
| | | Athletic =16 |
| | | Swimming =2 |















## 2023-24 വർഷത്തെ വിവിധ കായിക പരിശീലനവും നേട്ടങ്ങളും

മലയോര മേഖലയിലെ ഒരു കൊച്ചു ഗ്രാമമായ നെല്ലിക്കുറ്റി ഒരുകാലത്ത് വോളിബോളിനുംഅത്‌ലറ്റിക്സിനും നിരവധി കായിക താരങ്ങളെ സംഭാവന ചെയ്ത നാടാണ്. ഇപ്പോൾ ഉത്തരമലബാറിൽ 50മീറ്റർ നീന്തൽ കുളം നമ്മുടെ നാട്ടിന് അഭിമാനമാണ്. അതിനോടൊപ്പം നിരവധി കുട്ടികൾ, സ്ത്രീകൾ, പുരുഷന്മാർ എന്നിവർക്ക് വർഷംതോറും നീന്തൽ പരിശീലനം ലഭിക്കുന്നു. സബ്ജില്ലാ, ജില്ല സംസ്ഥാന തലത്തിൽ നിരവധി നീന്തൽ താരങ്ങളെ സംഭാവന ചെയ്യുന്നു ഈ വിദ്യാലയം.

ഫുട്ബോൾ, ഹാൻഡ് ബോൾ, അത്‌ലറ്റിക്സ്, വോളിബോൾ, ബാഡ്മിന്റൺ, ചെസ്സ്, ടെനിക്കോയ്റ്റ്, ടെന്നീസ്, ഖോ -ഖോ, ക്രിക്കറ്റ് തുടങ്ങിയ ഗെയിമുകൾക്ക് സ്കൂളിൽനിന്ന് കുട്ടികൾ മത്സരങ്ങളിൽ പങ്കെടുക്കുന്നു. കായിക പരിശീലനം കൊടുക്കുവാൻ വേണ്ടി പൂർവ വിദ്യാർത്ഥികൾ, സാവിയോസാർ , ബെന്നിസാർ , രാജുസാർ , ഷൈജു സാർ തുടങ്ങിയവയുടെ സേവനവും ലഭിക്കുന്നു ഇവരുടെ സേവനം ഈ വിദ്യാലയത്തിന്റെ കായിക മികവിന് വളരെ പ്രയോജനം ആകുന്നു

എല്ലാവർഷവും പൂർവ്വ വിദ്യാർത്ഥികൾ കായിക ഉപകരണങ്ങളും, ജേഴ്സി മറ്റുകാര്യങ്ങൾ ചെയ്യുവാൻ വേണ്ടി സ്പോൺസർ സംഭാവനകൾ നൽകാറുണ്ട് ഇപ്പോൾ ഈ വിദ്യാലയത്തിന് 50000 രൂപയുടെ മുകളിൽ ഉപകരണങ്ങൾ അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ലഭിച്ചു. നെസ്സാ എന്ന സ്പോർട്സ് അക്കാദമിയുടെ കീഴിലാണ് ഇതെല്ലാം പ്രവർത്തിക്കുന്നത്.



## സബ് ജില്ലാതല കായികമേള 2023-24

1. അണ്ടർ 14 (ബോയ്സ് ) ബോളിബോൾ ചാമ്പ്യൻഷിപ്പിൽ രണ്ടാം സ്ഥാനം
2.അണ്ടർ 14 (ബോയ്സ് )ഹാൻഡ്ബാൾ മൂന്നാം സ്ഥാനം
3.അണ്ടർ 17 (ബോയ്സ് )ഹാൻഡ്ബാൾ രണ്ടാം സ്ഥാനം.
4.അണ്ടർ 14 (ബോയ്സ് ) ബാഡ്മിന്റൺ മൂന്നാം സ്ഥാനം.
5..അണ്ടർ 14 ( ഗേൾസ് ) ബാഡ്മിന്റൺ രണ്ടാം സ്ഥാനം.
6.അണ്ടർ 14 ( ഗേൾസ് )ടെന്നീസ് ഒന്നാം സ്ഥാനം.
7.അണ്ടർ 17 ( ഗേൾസ് )ടെന്നീസ് ഒന്നാം സ്ഥാനം.
8. ടെന്നി ക്കോറ്റ് .അണ്ടർ 19 ( ഗേൾസ്) രണ്ടാം സ്ഥാനം.
9.ടെന്നി ക്കോറ്റ് .അണ്ടർ 19 ( ബോയ്സ്) രണ്ടാം സ്ഥാനം.
10. ഇരിക്കൂർ സബ്ജില്ലാ അത്ലറ്റിക്സ് ചാമ്പ്യൻഷിപ്പിൽ 2 രണ്ടാം സ്ഥാനവും, 3മൂന്നാം സ്ഥാനവും ഓവറോൾ പൊസിഷനിൽ പതിനാറാം സ്ഥാനവും.
11 ഇരിക്കൂർ സബ്ജില്ലാ നീന്തൽ ചാമ്പ്യൻഷിപ്പിൽ 28 കുട്ടികൾ പങ്കെടുക്കുകയും ഓവറോൾ രണ്ടാം സ്ഥാനം നേടുകയും ചെയ്തു. സബ് ജൂനിയർ, ജൂനിയർ വിഭാഗങ്ങളിൽ ചാമ്പ്യൻഷിപ്പും കരസ്ഥമാക്കി.

## ജില്ലാതല കായികമേള 2023-24

1 വോളിബോൾ അണ്ടർ 14 ബോയ്സ് വിഭാഗത്തിൽ രണ്ടു കുട്ടികൾ ജില്ലാതല മത്സരത്തിൽ പങ്കെടുത്തു.
അണ്ടർ 17 വിഭാഗത്തിൽ ഒരു കുട്ടി പങ്കെടുക്കുകയും ജില്ലയിൽ മൂന്നാം സ്ഥാനം നേടുകയും ചെയ്തു.

2.ഹാൻഡ് ബോൾ
അണ്ടർ 14 വിഭാഗത്തിൽ ഒരു കുട്ടി ജില്ലാതല മത്സരത്തിൽ യോഗ്യത നേടി.
അണ്ടർ 17 വിഭാഗത്തിൽ നാല് കുട്ടികൾ ജില്ലാതല മത്സരത്തിന് യോഗ്യത നേടി

3.ബാഡ്മിന്റൺ
അണ്ടർ 14വിഭാഗത്തിൽ രണ്ടു കുട്ടികൾ ജില്ലാതല മത്സരത്തിന് യോഗ്യത നേടി

4. ക്രിക്കറ്റ്
അണ്ടർ 14വിഭാഗത്തിൽ നാല് കുട്ടികൾ ജില്ലാതല മത്സരത്തിന് യോഗ്യത നേടി.

5.ടെന്നീസ്
അണ്ടർ 14 വിഭാഗത്തിൽ ആറ് കുട്ടികൾ ജില്ലാതല മത്സരത്തിൽ യോഗ്യത നേടി
അണ്ടർ 17 വിഭാഗത്തിൽ അഞ്ചു കുട്ടികൾ യോഗ്യത നേടി

6. നീന്തൽ ചാമ്പ്യൻഷിപ്പ്
കണ്ണൂർ ജില്ല നീന്തൽ ചാമ്പ്യൻഷിപ്പിൽ 20 കുട്ടികൾ പങ്കെടുക്കുകയും ഏഴ് ഫെസ്റ്റും, 6 രണ്ടാം സ്ഥാനവും,8 മൂന്നാം സ്ഥാനവും ഓവറോൾ നാലാം സ്ഥാനവും നേടി

തിരുവനന്തപുരത്ത് വച്ച് നടന്ന സംസ്ഥാനതല നീന്തൽ ചാമ്പ്യൻഷിപ്പിൽ 9 കുട്ടികൾ പങ്കെടുക്കുകയും ഒരു കുട്ടി 7 ആം സ്ഥാനം നേടുകയും ചെയ്തു.

## III) കലാ സാഹിത്യരംഗം

നെല്ലികുറ്റി St Augustine's ഹൈ സ്കൂളിൽ നടന്ന സബ് ജില്ലാ കലോത്സവത്തിൽ 24 ഇനങ്ങളിൽ കുട്ടികൾ പങ്കെടുത്തു . ഇതിൽ ഉപന്യാസം ഹിന്ദി,കഥ രചന ഹിന്ദി, കവിത രചന ഹിന്ദി,വയലിൻ, ഗിത്താർ എന്നീ ഇനങ്ങളിൽ first A grade നേടി ജില്ലാ മത്സരത്തിന് യോഗ്യത നേടി.

# IV) വിവിധ മേളകൾ

## ശാസ്ത്ര മേള (സയൻസ് വിഭാഗം)

ഉപജില്ലയിൽ പങ്കെടുത്തവർ - 8+8 സയൻസ് ക്വിസ് ഒന്നാം സ്ഥാനം
ഇംപ്രോവൈസ്ഡ് എക്സ്പെരി മെൻറ് ഒന്നാം സ്ഥാനം
വർക്കിംഗ് മോഡൽ - നാലാം സ്ഥാനം സ്റ്റിൽ മോഡൽ - മൂന്നാം സ്ഥാനം സയൻസ് പ്രോജക്ട് - രണ്ടാം സ്ഥാനം ശാസ്ത്ര നാടകം...
എല്ലാത്തിനും എ ഗ്രേഡ് ഉപജില്ലയിൽ ഓവറോൾ രണ്ടാം സ്ഥാനം..
ജില്ലയിൽ പങ്കെടുത്തവർ 4..
സയൻസ് ക്വിസ് - മൂന്നാം സ്ഥാനം എ ഗ്രേഡ്
ഇംപ്രോവൈസ്ഡ് എക്സ്പെരി മെൻറ് - എ
സയൻസ് പ്രോജക്ട്-B ഗ്രേഡ്
ജില്ലയിൽ സയൻസ് വിഭാഗത്തിൽ പതിനാലാം സ്ഥാനം...



ടീച്ചർ ഇൻ ചാർജ് സനീഷ് ജോസഫ്

## പ്രവർത്തിപരിചയ മേള

പ്രവർത്തിപരിചയ മേളയുമായി ബന്ധപ്പെട്ട് കുട്ടികൾക്ക് ശില്പശാല നടത്തുകയുണ്ടായി. കുട്ടികൾ ഉണ്ടാക്കിയ സാധനങ്ങൾ സ്കൂളിൽ പ്രദർശിപ്പിക്കുകയും ചെയ്തു തലം ഇരിക്കൂർ സബ്ജില്ലാ പ്രവർത്തി പരിചയ മേളയിൽ 20 കുട്ടികളെ പങ്കെടുപ്പിക്കുകയും സെൻ്റ് അഗസ്റ്റിൻ ഹൈസ്കൂളിന് സബ്ജില്ലാ തലത്തിൽ ഓവറോൾ രണ്ടാം സ്ഥാനം നേടിയെടുക്കാനും കഴിഞ്ഞു.
**ജില്ലാ തലം.** എട്ട് കുട്ടികൾക്ക് ജില്ലാതല പ്രവർത്തിപരിചയമേളയിൽ പങ്കെടുക്കാൻ അവസരം ലഭിച്ചു. ഇതിൽ ഒരു കുട്ടിക്ക് സെക്കൻ്റ് എ ഗ്രേഡും ബാക്കിയുള്ള കുട്ടികൾക്ക് A ഗ്രേഡ് കരസ്ഥമാക്കാനും സാധിച്ചു.

**സംസ്ഥാന തലം**
സംസ്ഥാന തല പ്രവർത്തി പരിചയ മേളയിൽ ഒരു കുട്ടി പങ്കെടുക്കുകയും എ ഗ്രേഡ് കരസ്ഥമാക്കുകയും ചെയ്തു.



ടീച്ചർ ഇൻ ചാർജ് സുമിത

## ഗണിത ശാസ്ത്രമേള

ഉപജില്ലാ മേളയിൽ 8 കുട്ടികൾ പങ്കെടുത്ത് മികച്ച വിജയം നേടി ഗണിതമാസിക വിഭാഗത്തിൽ ഉപജില്ലയിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി. ടീച്ചിങ് എയ്ഡ് വിഭാഗത്തിലും ഉപജില്ലയിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി. ഉപജില്ലാ ക്വിസ് മത്സരത്തിൽ മാസ്റ്റർ റീഥ്വിക് ജയേഷ് രണ്ടാം സ്ഥാനം നേടി. ഉപജില്ലാ ടാലെൻ്റ് സെർച്ച്, സെമിനാർ മത്സരങ്ങളിൽ പങ്കെടുത്ത് യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി. ഉപജില്ലാ ശാസ്ത്ര ക്യാമ്പിൽ പങ്കെടുത്ത മാസ്റ്റർ റീഥ്വിക് ജയേഷ് ഉപജില്ലയിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കി.



ടീച്ചർ ഇൻ ചാർജ് രമ്യ ജോർജ്

## ഐ ടി മേള

ആനിമേഷൻ വിഭാഗത്തിൽ മാസ്റ്റർ ഐഡൻ സെബാസ്റ്റ്യൻ ജില്ലയിലേക്ക്
പ്രോഗ്രാമിങ് , ഡിജിറ്റൽ പെയിന്റിംഗ്, മലയാളം കമ്പ്യൂട്ടിങ്,പ്രസന്റേഷൻ എന്നിവയിൽ ഉപജില്ലയിൽ എ ഗ്രേഡ്
ഐ ടി മേള ഉപജില്ലാ ഓവറോൾ രണ്ടാം സ്ഥാനം
സ്കൂൾ വിക്കി അവാർഡ് നോമിനേഷൻ ജില്ലയിൽനിന്നും.




## ഫ്രീഡം ഫെസ്റ്റ്

ഉപജില്ലയിൽ ഒന്നാം സ്ഥാനം.

**ലിറ്റിൽ കൈറ്റ്സ് ക്യാമ്പ്**

ആനിമേഷനിൽ ഉപജില്ലയിൽ ഒന്നാം സ്ഥാനം , ജില്ലാ ക്യാമ്പിൽ പങ്കെടുക്കും പ്രോഗ്രാമിംഗിൽ ഉപജില്ലയിൽ ഒന്നാം സ്ഥാനം ജില്ലാ ക്യാമ്പിൽ പങ്കെടുക്കും.

ടീച്ചർ ഇൻ ചാർജ് ജോയ്സ് സഖറിയാസ്

## V) വിദ്യാരംഗം കലാസാഹിത്യ വേദി

2023 ജൂൺ19 മുതൽ ജൂലൈ18 വരെ വായന മാസാചരണം നടത്താൻ തീരുമാനമായി.

ജൂൺ 19 തിങ്കളാഴ്ച വായനദിനം വിപുലമായി ആഘോഷിച്ചു. ഹെഡ്മാസ്റ്റർ സിബി ഫ്രാൻസിസ് വായനമാസാചരണം ഉദ്ഘാടനം ചെയ്തു.

വായനാദിന സന്ദേശം
പുസ്തക പരിചയം
കവിത
പോസ്റ്റർ പ്രകാശനം

എന്നിവയും നടത്തപ്പെടുകയുണ്ടായി.

ടീച്ചർ ഇൻ ചാർജ്
സുമിത മാത്യു

**വിദ്യാരംഗം ഉദ്ഘാടനം**

26/06/2023 ന് വിദ്യാരംഗം കലാസാഹിത്യവേദിയുടെയും വിവിധ ക്ലബുകളുടെയും ഉദ്ഘാടനം നടത്തി. പ്രശസ്ത ചിത്രകല അധ്യാപകനായ ശ്രീ തോമസ് കാളിയാനി സർ ഈ ചടങ്ങിന് അധ്യക്ഷത വഹിച്ചു. കാളിയാനിസാറിൻ്റെ പെയിൻ്റിംഗുകളുടെ പ്രദർശനവും നടത്തി. പ്രസംഗം കവിത നാടൻ പാട്ട് തുടങ്ങിയവ കുട്ടികൾ അവതരിപ്പിച്ചു.

ബഷീർ ദിനാചരണം, ബഷീർ അനുസ്മരണം
ബഷീർ കൃതികളുടെ പ്രദർശനം
ബഷീർ ദിന സന്ദേശം, പോസ്റ്റർ പ്രകാശനം
പുസ്തക നിരൂപണം, തുടങ്ങിയവ കുട്ടികൾ അവതരിപ്പിച്ചു.

**കേരളപിറവി**

നവംബർ ഒന്ന് കേരള പിറവിദിനമായി ആചരച്ചു. ശ്രീമതി മിനി ഷൈബി( വാർഡ് മെംബർ) ശ്രീ സോജൻകാരാ മയിൽ( ജില്ല പഞ്ചായത്ത്) Fr. മാത്യ ഓലിക്കൽ എന്നിവരുടെ സാന്നിധ്യത്തിൽ കേരള പിറവി ആഘോഷമാക്കി. കുട്ടികൾ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു.

വാങ് മയം ഭാഷാ പ്രതിഭനിർണ്ണ പരീക്ഷ സ്കൂൾ തലം
1 അർപ്പിത അൽഫോൻസ _ ഫസ്റ്റ്
2 അനുകൃഷ്ണ എസ് - സെക്കൻ്റ്
വാങ്മയം സബ് ജില്ലാ തല പരീക്ഷയിൽ രണ്ട് കുട്ടികളെ പങ്കെടുപ്പിച്ചു.

**ശില്പശാല**

വിദ്യാരംഗം ഉപജില്ല സർഗ്ഗോത്സവം നവംബർ 4-ാം തിയ്യതി ഇരിക്കൂർ ഹയർ സെക്കൻഡറി സ്കൂളിൽ നടത്തപ്പെടുകയുണ്ടായി കഥാരചന, കാവ്യാലാപനം എന്നി ഇനങ്ങളിലായി രണ്ട് കുട്ടികളെ പങ്കെടുപ്പിച്ചു.

'പുസ്തക പ്രസിദ്ധീകരണം
വിദ്യാരംഗം കൺവീനറുടെയും കുട്ടികളുടെയും നേതൃത്വത്തിൽ 'നാട്ടു പെരുമ ' പുസ്തകം ഇറക്കി.

## VI) കോർപ്പറേറ്റ്തല പ്രവർത്തനങ്ങൾ

### വേദപാഠം സന്മാർഗം റിപ്പോർട്ട്

മതബോധന വേദപാഠ ക്ലാസുകൾ ജൂലൈ മാസം മുതൽ ആരംഭിച്ചു. ആഴ്ചയിൽ ബുധൻ, വെള്ളി ദിവസങ്ങളിൽ ഓരോ പീരിയഡുകൾ ഇതിനായി മാറ്റിവയ്ക്കുന്നു.75 ശതമാനം കുട്ടികൾക്കും പുസ്തകങ്ങൾ ഉണ്ട്. കൃത്യമായ സമയങ്ങളിൽ സിലബസ് അനുസരിച്ച് പാഠങ്ങൾ തീർക്കുന്നു. കുട്ടികളുടെ മാർക്കുകൾ രേഖപ്പെടുത്തുവാൻ പ്രത്യേക രജിസ്റ്ററുകൾ സൂക്ഷിക്കുന്നു. കുട്ടികളുടെ ആധ്യാത്മിക, ധാർമിക അവബോധം വളർത്തുന്നതിന് ക്ലാസുകൾ ഉപകരിക്കുന്നുണ്ട്.




കോർപറേറ്റ് തല മികവ്, സ്കോളർഷിപ്പ്, അക്കാദമിക സ്കോളർഷിപ്പ്, സന്മാർഗ, വേദപാഠ സ്കോളർഷിപ്പുകൾ, പി ടി ചാക്കോ പ്രസംഗ മത്സരം തുടങ്ങിയവയിൽ ഈ സ്കൂളിലെ കുട്ടികൾ .പങ്കെടുക്കുന്നുണ്ട്. കോർപ്പറേറ്റ അദ്ധ്യാപക സംഗമം "സ്നേഹജ്വാല" യിൽ മുഴുവൻ സ്റ്റാഫും പങ്കെടുത്തു.

# VII) മറ്റ് പാഠ്യേതര പ്രവർത്തനങ്ങൾ

## ലിറ്റിൽ കൈറ്റ്സ്

മൂന്ന് ബാച്ചുകളായി 84 കുട്ടികൾ ലിറ്റിൽ കൈറ്റ്സിൽ പരിശീലനം നേടുന്നു. ആനിമേഷൻ,ഗ്രാഫിക്സ് ഡിസൈനിങ്, റോബോട്ടിക്സ് , പ്രോഗ്രാമിംഗ് , മൊബൈൽ ആപ്പ് നിർമാണം ,മലയാളം കമ്പ്യൂട്ടിങ്, DTP വർക്കുകൾ, സ്കൂൾ ബ്ലോഗ് മെയ്ന്റനെൻസ് , യൂട്യൂബ് ചാനൽ , സ്കൂൾ വിക്കി, ഫോട്ടോഗ്രാഫി ,ഡിജിറ്റൽ പെയിന്റിംഗ് തുടങ്ങിയ മേഖലകളിൽ ഈ കുട്ടികൾക്ക് പരിശീലനംനൽകുന്നു.



സ്കൂൾ ലൈബ്രറിയുടെ ഡാറ്റാബേസ് നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

സ്വാതന്ത്രത്തിന്റെ 75 വർഷാഘോഷ ഭാഗമായി നടത്തിയ ഫ്രീഡം ഫെസ്റ്റിൽ ഒരാഴ്ച നീണ്ടു നിൽക്കുന്ന പരിപാടികൾ. ഡിജിറ്റൽ പെയിന്റിംഗ്, രക്ഷിതാക്കൾക്കായി സൈബർ ബോധവൽക്കരണ ക്ലാസുകൾ, ഫ്രീഡം ഡിസ്പ്ലേ , AI ഗെയിമുകൾ,റോബോട്ടിക്സ് എക്സിബിഷൻ,തുടങ്ങിയവ സംഘടിപ്പിച്ചു.ജില്ലയിൽ തന്നെ മികച്ച എക്സിബിഷനായിരുന്നുഇത്.നമ്മുടെ 6 കുട്ടികൾ സബ്ജില്ലാ ക്യാമ്പിൽപങ്കെടുത്തു.ആനിമേഷൻവിഭാഗത്തിൽ മാസ്റ്റർ **അലൻ ബാബു** ജോണും, പ്രോഗ്രാമിംഗ് വിഭാഗത്തിൽ മാസ്റ്റർ **റിഥ്വിക് ജയേഷും** ജില്ലാ ക്യാമ്പിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു.കണ്ണൂർ ഗവ. എൻജിനീയറിങ് കോളേജിൽ ഈ മാസം മത്സരം നടക്കും.



### നേട്ടങ്ങൾ

ഇരിക്കൂർ ഉപജില്ലാ കലോത്സവത്തിന്റെ **മീഡിയറൂം** കൈകാര്യം ചെയ്തത് ലിറ്റിൽ കൈറ്റ്സ് കുട്ടികളാണ്. കലോത്സവ റിസൾട്ടുകൾ തത്സമയം യു ട്യൂബിലും ബ്ലോഗിലും മൊബൈൽ ആപ്പിലും നൽകിയത് ഈ കുട്ടികളാണ്. പ്രത്യേകം സജ്ജീകരിച്ച മീഡിയ റൂമിൽ മുഴുവൻ ഇന്റർവ്യൂം നടത്തിയത് ലിറ്റിൽ .കൈറ്റ്സ് ആണ്. ജില്ലയിൽ നിന്നുള്ള സ്കൂൾ വിക്കി നോമിനേഷനും ഈ സ്കൂളിന് ലഭിച്ചിട്ടുണ്ട്.



| സംഘടനയുടെ പേര് | കുട്ടികളുടെ എണ്ണം | അവാർഡ് / സർട്ടിഫിക്കറ്റ് ലഭിച്ചവരുടെ എണ്ണം |
|---|---|---|
| ലിറ്റിൽ കൈറ്റ്സ് | 84 (8,9,10 Batch) | **അലൻ ബാബു ജോൺ** ആനിമേഷൻ |
| | | **റിഥ്വിക് ജയേഷ്** പ്രോഗ്രാമിംഗ് |

കൈറ്റ് മാസ്റ്റർ : ജോയ്സ് സഖറിയാസ് HST Maths

കൈറ്റ് മിസ്ട്രസ് : മജി മാത്യു HST PS






മീഡിയ റൂം കൈകാര്യം ചെയ്ത കുട്ടികൾ

# Junior Red Cross

**കുട്ടികളുടെ എണ്ണം**
A level - 18
B level - 14
C level - 6
Total - 38

മികവ്
2022-23 - 52 കുട്ടികൾ
2023-24 -39 കുട്ടികൾ
ഈ വർഷത്തെ കോർപറേറ്റ്തല പരീക്ഷയ്ക്ക് യോഗ്യത നേടിയ കുട്ടികൾ - 5

സർട്ടിഫിക്കറ്റ് ലഭിച്ചവരുടെ എണ്ണം - 6

**പ്രധാനപ്രവർത്തനങ്ങൾ**

JRC കുട്ടികളുടെ നേതൃത്വത്തിൽ നിത്യോപയോഗ സാധനങ്ങൾ ശേഖരിച്ച് തെരേസാ ഭവന് കൈമാറി ലോക എയ്ഡ്സ് ദിനത്തോടനുബന്ധിച്ച് ഡിസംബർ 1 -ാം തീയതി ഏരുവേശി ഹെൽത്ത് ഡിപ്പാർട്ടുമെൻ്റിൻ്റെ നേതൃത്വത്തിൽ ബോധവൽക്കരണ ക്ലാസും റാലിയും സംഘടിപ്പിച്ചു.ഇരിക്കൂർ സബ്ജില്ല ക്യാമ്പിൽ പങ്കെടുത്തു



ടീച്ചർ ഇൻ ചാർജ് ജെന്നി ജോസഫ്



## സ്കൗട്ട് ആൻഡ് ഗൈഡ്

8, 9,10 ക്ലാസുകളിലായി 23 ആൺകുട്ടികൾ 26 പെൺ കുട്ടികൾ ഗൈഡ്സിലും അംഗങ്ങളായി പ്രവർത്തിച്ചുവരുന്നു. വെമ്പുവയിൽ പ്രവർത്തിച്ചുവരുന്ന തെരേസ ഭവൻ എന്ന അഗതി മന്ദിരത്തിലേക്ക് കുട്ടികൾ വ്യത്യസ്ത സാധനങ്ങൾ ശേഖരിക്കുകയും വിതരണം ചെയ്യുകയും ചെയ്തു. ഡിസംബർ 1 ലോക എയ്ഡ്സ് ദിനത്തോടനുബന്ധിച്ച് ഏരുവേശി ഗ്രാമ പഞ്ചായത്ത് ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ നെല്ലിക്കുറ്റി ടൗണിലേക്ക് സ്കൗട്ട് ആൻഡ് ഗൈഡ്സ് റാലി സംഘടിപ്പിക്കുകയും ബോധവൽക്കരണ ക്ലാസിൽ അംഗങ്ങളുടെ സജീവ പങ്കാളിത്തം ഉണ്ടാവുകയും ചെയ്തു. 2023-24 അധ്യയനവർഷത്തിൽ 11 സ്കൗട്ട്സും 3 ഗൈഡ്സും രാജപുരസ്കാർ ബഹുമതി നേടുകയുണ്ടായി. റിട്ടയേഡ് അധ്യാപകൻ ശ്രീ ടോമി മാത്യു സാർ സ്കൗട്ട് മാസ്റ്റർ ആയി നടത്തുന്ന ഓപ്പൺ ട്രൂപ്പിൽ സ്കൗട്ട്സ് അംഗങ്ങളാണ്.

ശ്രീമതി റീബ പി സെബാസ്റ്റ്യൻ ഗൈഡ് ക്യാപ്റ്റൻ ആയി പ്രവർത്തിച്ചുവരുന്നു. കുട്ടികളിൽ അച്ചടക്കം, അനുസരണം, സാമൂഹിക പ്രതിബദ്ധത തുടങ്ങിയവ ഉണ്ടാകുവാൻ ഈ സംഘടനയിലെ പ്രവർത്തനം സഹായിക്കുന്നു.

ടീച്ചർ ഇൻ ചാർജ് റീബ പി സെബാസ്റ്റ്യൻ

## നല്ല പാഠം ക്ലബ്
### പ്രവർത്തന റിപ്പോർട്ട്

ഈ അധ്യായന വർഷം സ്കൂൾ നല്ല പാഠം ക്ലബ് മികവാർന്ന പ്രവർത്തനങ്ങൾ കൊണ്ട് ശ്രദ്ധേയമായി...അഗതികൾക്ക് ഒരു കൈത്താങ്ങ് എന്ന പദ്ധതിയുടെ ഭാഗമായി കുട്ടികൾ അവരുടെ വീടുകളിൽ നിന്ന് കൊണ്ടുവന്ന നിത്യോപയോഗ സാധനങ്ങൾ ശേഖരിച്ച് വെമ്പു വാ തെരേസ ഭവനിലെ അഗതികൾക്ക് കൈമാറി. ഇരിക്കൂർ സബ്ജില്ലാ കലോത്സവത്തോടനുബന്ധിച്ച് നല്ലപാഠം ക്ലബ് പ്രവർത്തകരുടെ ആഭിമുഖ്യത്തിൽ തണ്ണീർപ്പന്തൽഒരുക്കി..






ടീച്ചർ ഇൻ ചാർജ് സനീഷ് ജോസഫ്

## ലൈബ്രറി & റീഡിങ് റൂം

1. പുസ്തകങ്ങളുടെ എണ്ണം 2334
2. പുസ്തകങ്ങൾ വാങ്ങാൻ ഉപയോഗിക്കുന്നു3. ക്ലാസ്സ് ലൈബ്രേറിയൻ വഴി എല്ലാ ക്ലാസുകളിലും ഈ അധ്യയന വർഷത്തെ പുസ്തകങ്ങൾ നൽകുന്നു. ക്ലാസ്സ് ലൈബ്രേറിയൻ മാസത്തിലൊന്ന് വെച്ച് പുസ്തകങ്ങൾ പരസ്പരം കൈമാറുന്നു. ക്ലാസ് ഇഷ്യൂ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നു.



6. രണ്ട് , മാതൃഭൂമി, ദീപിക
7.വിദ്യാരംഗം, ഗ്രന്ഥലോകം

കുട്ടികൾ വായിച്ച പുസ്തകത്തിൻറെ ആസ്വാദനക്കുറിപ്പ് തയ്യാറാക്കി വയ്ക്കുന്നു
4. കുട്ടികൾക്ക് പ്രത്യേകം വായന മുറി ഉണ്ട്
5. പത്ര മാസികകൾ വരുത്തുന്നുണ്ട്

8. ടി വി ഉണ്ട്
9. ഉണ്ട്.
10. നെല്ലിക്കുറ്റി സഹോദയ വായനശാല

ടീച്ചർ ഇൻ ചാർജ് ലിസ്സി കെ സി

## എസ് ആർ ജി

2023-24 അധ്യായന വർഷത്തെ പ്രവേശനോത്സവം ഗംഭീരമായി നടത്തി. നവാഗതരായ എട്ടാം തരം കുട്ടികളെ പൂക്കൾ നൽകിയും, പഠനോപകരണങ്ങൾ നൽകിയും സ്വീകരിച്ചു.
2022-23 അധ്യായന വർഷത്തെ എസ് എസ് എൽ സി പരീക്ഷയിൽ വിജയിച്ച മുഴുവൻ കുട്ടികളെ അനുമോദിച്ചു. കേന്ദ്ര സംസ്ഥാന സർക്കാർ ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച കിച്ചൻ കം സ്റ്റോറിൻറെ ഉദ്ഘാടന കർമ്മം ഇരിക്കൂർ എംഎൽഎ നിർവഹിച്ചു.
2023-24 അധ്യായന വർഷത്തെ പുതിയ എച്ച് എം ആയി ശ്രീ സിബി ഫ്രാൻസിസ് ചാർജ് ഏറ്റെടുത്തു സ്കൂൾ പ്രവർത്തനങ്ങൾ വിലയിരുത്തി ഭാവി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു പരിസ്ഥിതി ദിനാചരണം നടത്തി എല്ലാ കുട്ടികൾക്കും വൃക്ഷത്തൈകൾ നൽകി.
"മധുരം മലയാളം " പദ്ധതിയുടെ ഭാഗമായി മാതൃഭൂമി പത്രം ശ്രീ ബിജോ കോയിക്കൽ സ്കൂളിന് സ്പോൺസർ ചെയ്തു.
വായനദിനം വിപുലമായി ആചരിച്ചു "വായനയുടെ വഴികളിൽ" എന്ന വായന കൂട്ടായ്മ നടത്തി.
2023 -24 അധ്യായന വർഷത്തെ Littlekites കുട്ടികളുടെ സെലക്ഷൻ നടത്തി.
"ഇംപാക്ട് "2023 രക്ഷാകർതൃ ശാക്തീകരണ ക്ലാസുകൾ സംഘടിപ്പിച്ചു. തുടർന്ന് പിടിഎ ജനറൽ ബോഡിയും പിടിഎ എക്സിക്യൂട്ടീവ് അംഗങ്ങളും PTAപ്രസിഡണ്ടും,MPTA പ്രസിഡണ്ടിനെയും തിരഞ്ഞെടുത്തു.
വിദ്യാരംഗം കലാസാഹിത്യ വേദിയുടെയും വിവിധ ക്ലബ്ബുകളുടെയും ഉദ്ഘാടനം പ്രശസ്ത ചിത്രകാരൻ Rtdഅധ്യാപകൻ ശ്രീ തോമസ് കാളിയാനി നിർവഹിച്ചു. അന്താരാഷ്ട്ര ലഹരിവിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി YMCA ചെമ്പേരിയുടെ ആഭിമുഖ്യത്തിൽ ബോധവൽക്കരണ ക്ലാസ് നടത്തി. പ്രമുഖ ലഹരി വിരുദ്ധ പ്രവർത്തകനും തികഞ്ഞ ഗാന്ധിയനുമായ ശ്രീ അഡ്വക്കേറ്റ് മനോജ് കണ്ടത്തിൽ ക്ലാസ്സെടുത്തു.
ഫസ്റ്റ് മിഡ്ടേം എക്സാം നടത്തി 10,8,9, ക്ലാസ്സുകളുടെ,CPTA നടത്തി. കുട്ടികളുടെ പഠനനിലവാരം വിലയിരുത്തി.
# മാഡം ക്യൂറി ദിനാചരണം സയൻസ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ നടത്തി.
# .ബഷീർ ദിനാചരണത്തിന് ഭാഗമായി "ത്രിദിന ബഷീർ ആഘോഷ "പരിപാടിക്ക് തുടക്കം കുറിച്ചു.
#സയൻസ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ചാന്ദ്രദിനാ ചരണം സംഘടിപ്പിച്ചു.
# മണിപ്പൂരിലെ വേദനയനുഭവിക്കുന്ന മനുഷ്യർക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് പ്രതിഷേധ ജ്വാല സംഘടിപ്പിച്ചു.
# ലിറ്റിൽ കൈറ്റ്സ് റോബോട്ടിക് എക്സിബിഷൻ ഐടി ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ നിർമ്മിത ബുദ്ധി എക്സിബിഷൻ നടത്തി.
# സ്വാതന്ത്ര്യ ദിനാഘോഷ പരിപാടികൾ പരിപാടികൾ സംഘടിപ്പിച്ചു.
# ജില്ലാ അക്വാട്ടിക് അസോസിയേഷൻ സംഘടിപ്പിച്ച നീന്തൽ മത്സരംവിജയികളെആദരിച്ചു .
#ചിങ്ങം ഒന്ന് കർഷക ദിനമായി ആചരിച്ചു.
#സാമൂഹ്യ ശാസ്ത്രം ക്ലബ്ബിന്റെ മുഖത്തിൽ ഹിരോഷിമ നാഗസാക്കി ദിനാചരണം നടത്തി.
# ദീപികപത്രത്തിന്റെആഭിമുഖ്യത്തിൽ നടത്തിയ കളർ ഇന്ത്യ എന്ന് മത്സരത്തിൽ സ്കൂളിലെ മുഴുവൻ വിദ്യാർഥികളെയും പങ്കെടുപ്പിച്ചു
#ഓണാഘോഷം സ്കൂൾ മാനേജർ ഉദ്ഘാടനം ചെയ്തു വടംവലി പൂക്കളമത്സരം തുടങ്ങിയ ഇനങ്ങൾ നടത്തി
#PTA യുടെ നേതൃത്വത്തിൽ സ്കൂളിലെ അധ്യാപകരെയും മാനേജർ PTA സംയുക്തമായി പൊന്നാടയണിച്ചു ആദരിച്ചു.
# ഇരിക്കൂർ ഉപജില്ല കലോത്സവം സംഘാടന സമിതി രൂപീകരിച്ചു
# ഗാന്ധിജയന്തി ആഘോഷപൂർവ്വം നടത്തി.സ്കൂൾ പരിസരവും അധ്യാപകരും മുടി വൃത്തിയാക്കി.
# ഇരിക്കൂർ ഉപജില്ല നീന്തൽ മത്സരത്തിൽ 130 പോയിന്റോടെ സെക്കൻഡ് റണ്ണേഴ്സ് ആയി വിജയം നേടി
# ഇരിക്കൂർ ഉപജില്ല കലോത്സവം നെല്ലിക്കുറ്റി മനോഹരമായ നടത്തി
# ക്രിസ്മസ് പരിക്ഷ നല്ല രീതിയിൽ നടത്തി പേപ്പർ മൂല്യനിർണയം നടത്തി ഒരു ക്ലാസ്സിന്റെയും ക്ലാസ് പിടിഎയും നടത്തി
# പത്താം ക്ലാസ്സുകാരുടെ റിവിഷൻ ക്ലാസുകൾ സംഘടിപ്പിച്ചു .മോണിംഗ്, ഈവനിംഗ് ക്ലാസുകൾ നടത്തി.
# IT, model exam, SSLCexam എന്നിവയ്ക്ക് വേണ്ടി കുട്ടികളെ നല്ല രീതിയിൽ പരിശീലിപ്പിക്കുന്നു

ടീച്ചർ ഇൻ ചാർജ് ലിസ്സി കെ സി

# ക്യാമറ കണ്ണുകളിലൂടെ

















## ലിറ്റിൽ കൈറ്റ്സ് റോബോട്ടിക്സ് എക്സിബിഷൻ





സെന്റ് അഗസ്റ്റിൻസ് ഹൈസ്കൂളിൽ ഐടി ക്ലബിന്റെ എക്സിബിഷൻ ഏരുവേശി ഗ്രാമ പഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസ സ്ഥിരം സമിതി അധ്യക്ഷ മിനി ഷൈബി ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുന്നു.



ലഹരി വിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി വൈഎംസിഎ ചെമ്പേരിയും സെന്റ് അഗസ്റ്റിൻസ് ഹൈസ്കൂൾ നെല്ലിക്കുറ്റിയും ചേർന്ന് വിദ്യാർഥികൾക്കായി നടത്തിയ ബോധവത്കരണ ക്ലാസ് വൈഎംസിഎ കേരളാ റീജണൽ ചെയർമാൻ ജോസ് നെറ്റിക്കാടൻ ഉദ്ഘാടനം ചെയ്തു.

## ലഹരി വിരുദ്ധ ബോധവത്കരണ ക്ലാസ് നടത്തി

## കഥയായും കഥാപാത്രങ്ങ

നെല്ലിക്കുറ്റി: സെന്റ് അഗസ്റ്റിൻസ് ഹൈസ്കൂളിൽ ബഷീർ അനുസ്മരണം നടത്തി. ബഷീർ കൃതികളുടെ പ്രദർശനം, ബഷീർദിന സന്ദേശം, പോസ്റ്റർ പ്രകാശനം, ബഷീർദിന ക്വിസ് മത്സരം, പുസ്തക നിരൂപണം എന്നിവ സംഘടിപ്പിച്ചു. ത്രിദിന ബഷീർ ആഘോഷ പരിപാടി മുഖ്യാധ്യാപകൻ സിബി ഫ്രാൻസിസ് ഉദ്ഘാടനം ചെയ്തു. അർപ്പിത അൽഫോൻസ 'പാത്തുമ്മയുടെ ആട്' കാവ്യശില്പമായി അവതരിപ്പിച്ചു. അലൻ ബാബുവിന്റെ ബഷീർ കാരിക്കേച്ചർ പ്രദർശിപ്പിച്ചു. ബഷീറിന്റെ കൃതികൾ വായിച്ചു ആസ്വാദന കുറിപ്പ് തയാറാക്കൽ, 'ബാല്യകാലസഖി'യുടെ നാടകാവിഷ്കാരം തുടങ്ങിയവ നടക്കും. പരിപാടികൾക്ക് സുമി ത മാത്യു, കെ.സി. ലിസി തുടങ്ങിയവർ നേതൃത്വം നൽകി.



നെല്ലിക്കുറ്റി സെന്റ് അഗസ്റ്റിൻസ് ഹൈസ്കൂളിൽ നടന്ന ബഷീർ അനുസ്മരണത്തിൽ പോസ്റ്റർ പ്രകാശനം ചെയ്യുന്നു.









## ദീപിക കളർ ഇന്ത്യ: 'വി ആർ വൺ' ഡിസ്പ്ലേ നടത്തി

നെല്ലിക്കുറ്റി: ദീപിക കളർ ഇന്ത്യ പെയിന്റിംഗ് മത്സരത്തിന്റെ പ്രചാരണാർഥം നെല്ലിക്കുറ്റി സെന്റ് അഗസ്റ്റിൻസ് ഹൈസ്കൂളിലെ ഡിസിഎൽ ക്ലബിന്റെ ആഭിമുഖ്യത്തിൽ 'വി ആർ വൺ' ഡിസ്പ്ലേ നടത്തി.

മുഖ്യാധ്യാപകൻ സിബി ഫ്രാൻസിസ് ഫ്ലാഗ് ഓഫ് ചെയ്തു. ത്രിവർണ ബലൂണുകളുമായി അണിനിരന്ന വിദ്യാർഥികളുടെ പി ടി ഡിസ്പ്ലേയും നടന്നു. ബലൂണുകൾ വീശി നമ്മൾ ഒന്നാണ് എന്ന സന്ദേശം വിദ്യാർഥികൾ ഡിസ്പ്ലേ രൂപത്തിൽ അവതരിപ്പിച്ചു. ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ ഒരാഴ്ച നീളുന്ന ഫ്രീഡം ഫെസ്റ്റ് പരിപാടികളും ഉദ്ഘാടനം ചെയ്തു.



ദീപിക കളർ ഇന്ത്യ പെയിന്റിംഗ് മത്സരത്തിന്റെ പ്രചരണാർഥം നെല്ലിക്കുറ്റി സെന്റ് അഗസ്റ്റിൻസ് ഹൈസ്കൂൾ വിദ്യാർഥികൾ അവതരിപ്പിച്ച 'വി ആർ വൺ' ഡിസ്പ്ലേ.

ദീപിക സർക്കുലേഷൻ ഏരിയാ മാനേജർ സുനിൽ കെ. പീറ്റർ, ജോയ്സ് സഖറിയാസ്, ഡിസിഎൽ ആനിമേറ്റർ രമ്യ ജോർജ്, ഡിസിഎൽ ലീഡർമാരായ അർപ്പിത അൽഫോൻസ, ആർദ്ര മരിയ ഡാനിഷ്, ശ്രീനന്ദ സന്തോഷ്, ഗൗതം കൃഷ്ണ, എം.എസ്. അശ്വിൻ, അനു കൃഷ്ണ എന്നിവർ നേതൃത്വം നൽകി.

## ചാന്ദ്രദിനം















നെല്ലിക്കുറ്റി സെന്റ് അഗസ്റ്റിൻസ് ഹൈസ്കൂളിൽ ഓണാഘോഷം

പയ്യാവൂർ: നെല്ലിക്കുറ്റി സെന്റ് അഗസ്റ്റിൻസ് ഹൈസ്കൂളിൽ ഓണാഘോഷം സംഘടിപ്പിച്ചു. സ്കൂൾ മാനേജർ ഫാ. മാത്യു ഓലിക്കൽ ഉദ്ഘാടനം ചെയ്തു. വടംവലി മത്സരം പിടിഎ പ്രസിഡന്റ് സൈജു ഇലവുങ്കൽ ഉദ്ഘാടനം ചെയ്തു.

ഓണക്കളികളുടെ ഉദ്ഘാടനം മുഖ്യാധ്യാപകൻ സിബി ഫ്രാൻസിസ് നിർവഹിച്ചു. ഓണ സദ്യയും ഒരുക്കി.

സമാപന സമ്മേളനം ബ്ലോക്ക് പഞ്ചായത്ത് മെമ്പർ സോജൻ കാരാമയിൽ ഉദ്ഘാടനം ചെയ്തു.

വാർഡ് മെമ്പർ മിനി ഷൈബി വിജയികൾക്ക് സമ്മാനങ്ങൾ നൽകി മജി മാത്യു, കെ.സി, ലിസി സ ബിജു എം. ദേവസ്യ, സനീഷ് ജോസഫ്, ആൽബിൻ സ്കറിയ, സാവിയോ ഇടയാടിയിൽ, ബെന്നി പരിന്തിരിക്കൽ എന്നിവർ നേതൃത്വം നൽകി.

ചെറുപുഴ പഞ്ചായത്ത് ഭരണസമിതിയുടെയും ജീവനക്കാരുടെയും നേതൃത്വത്തിൽ നടന്ന ഓണാഘോഷത്തിൽനിന്ന്.

നെല്ലിക്കുറ്റി സെന്റ് അഗസ്റ്റിൻസ് ഹൈസ്കൂളിൽ ഓണാഘോഷത്തോടനുബന്ധിച്ച് നടന്ന വടംവലിയിൽനിന്ന്.
















നെല്ലിക്കുറ്റി ഹൈസ്കൂളിൽ നാഷണൽ സേവിംഗ്സ് സ്കീം

നെല്ലിക്കുറ്റി: സെന്റ് അഗസ്റ്റിൻസ് ഹൈസ്കൂളിൽ നാഷണൽ സേവിംഗ്സ് സ്കീം പദ്ധതി ആരംഭിച്ചു. ഏരുവേശി പഞ്ചായത്ത് പ്രസിഡന്റ് മിനി ഷൈബി ഉദ്ഘാടനം ചെയ്തു.

ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് മെംബർ സോജൻ കാരാമയിൽ അധ്യക്ഷത വഹിച്ചു. സ്കൂൾ മാനേജരും നെല്ലിക്കുറ്റി ഇടവക വികാരിയുമായ ഫാ. മാത്യു ഓലിയ്ക്കൽ അനുഗ്രഹ പ്രഭാഷണം നടത്തി.

വിദ്യാർഥി പ്രതിനിധി ബെൻ മാത്യു സന്തോഷിൽ നിന്ന് ആദ്യ നിക്ഷേപം സ്വീകരിച്ചു. മുഖ്യാധ്യാപകൻ സിബി ഫ്രാൻസിസ്, പിടിഎ പ്രസിഡന്റ് സൈജു ഇലവുങ്കൽ, സീനിയർ അസിസ്റ്റന്റ് മജി മാത്യു, സനീഷ് ജോസഫ്, സുമിത മാത്യു എന്നിവർ പ്രസംഗിച്ചു. വിവിധ വിഭാഗങ്ങളിൽ വിജയികളായവർക്കുള്ള സമ്മാന വിതരണവും നടന്നു.

നെല്ലിക്കുറ്റി സെന്റ് അഗസ്റ്റിൻസ് ഹൈസ്കൂളിൽ പ്രവർത്തനമാരംഭിച്ച നാഷണൽ സേവിംഗ്സ് സ്കീം പദ്ധതിയുടെ ഉദ്ഘാടനം നിർവഹിച്ച് ഏരുവേശി പഞ്ചായത്ത് പ്രസിഡന്റ് മിനി ഷൈബി പ്രസംഗിക്കുന്നു.



## വിദ്യാലയവും പരിസരവും

1. സ്ക്രൂളിന് പൂന്തോട്ടം ഉണ്ട് . പൂന്തോട്ട പരിചരണം ഏക്കോ ക്ലബ് നേതൃത്വത്തിൽ നടക്കുന്നുണ്ട്.
2. പരിസര ശുചീകരണ പ്രവർത്തനങ്ങൾ
   ദിവസവും രാവിലെയും വൈകിട്ടും ക്ലാസ് മുറികൾ വൃത്തിയാക്കാനായി ബെല്ലടിക്കുകയും ഈ ബെല്ല് തിരിച്ചറിഞ്ഞു കുട്ടികൾ അപ്പോൾ തന്നെ ക്ലാസും പരിസരവും വൃത്തിയാക്കുകയും ചെയ്യുന്നു.
   തിങ്കൾ വെള്ളി ദിവസങ്ങളിൽ പരിസര ശുചീകരണം നടത്താനായി സ്പെഷ്യൽ അസ്സെംബ്ലി ചേരുന്നു.
   എല്ലാ വെള്ളിയാഴ്ച്ചയും ഏഴാം പീരീഡ് ഡ്രൈ ഡേ ആയി നൽകുന്നു.
3. ഈ വര്ഷം സ്ക്രൂൾ പരിസരത്ത് 4 തൈകൾ നട്ടു . അവ പരിപാലിക്കുന്നു.
4. എല്ലാ കുട്ടികൾക്കും തൈകൾ നൽകി. അവയുടെ വളർച്ചാ ഘട്ടങ്ങൾ ഡയറി ആയി സൂക്ഷിക്കുന്നവർക്ക് സമ്മാനങ്ങൾ നൽകും
5. പച്ചക്കറിത്തോട്ടം നന്നായി പരിപാലിക്കുന്നുണ്ട്
6. ശുദ്ധജലം കിണറിൽ നിന്നാണ് നൽകുന്നത്. കൂടാതെ ജൽ ജീവൻ മിഷൻ പൈപ്പ് സ്ക്രൂളിൽ ഉണ്ട്.
7. സ്ക്രൂൾ കെട്ടിടം യഥാസമയം പരിപാലിക്കുകയും, റിപ്പെയർ ചെയ്യുകയും വൃത്തിയായി സംരക്ഷിക്കുകയും ചെയ്യുന്നു.
8. സ്ക്രൂളിനാവശ്യമായ ഫർണിച്ചറുകൾ ഉണ്ട്
9. സിക്ക് റൂം, സ്പോർട്സ് റൂം, മാത്സ് ലാബ്, വായനാമൂല തുടങ്ങിയവ സ്ക്രൂളിന്റെ വിവിധ റൂമുകളും ലഭ്യമായ സ്ഥലവും ഉപയോഗിക്കുന്നു.
10. സ്ക്രൂളിൽ ഗവ നിർദ്ദേശിച്ചിരിക്കുന്ന അനുപാതത്തിൽ ശൗചാലയങ്ങൾ ഉണ്ട്.

## ആദ്ധ്യാത്മിക തലം

**കുട്ടികൾക്ക് ഏകദിന ഓറിയന്റേഷൻ നൽകി.**
**ആദ്യ വെള്ളിയാഴ്ചകളിൽ കുർബാന ഉണ്ട്.**
**ജപമാല ആചരണം എല്ലാവർഷവും നടത്തുന്നു.**
**ലൈഫ് ഗൈഡൻസ് കോഴ്സ് എല്ലാ വർഷവും നടത്തുന്നുണ്ട്.**
**കുട്ടികളിൽ ബോധവൽക്കരണത്തിനായി താഴെപ്പറയുന്ന പരിപാടികൾ നടത്തി**

- **ലഹരിമുക്ത ബോധവൽക്കരണം.ഏകദിന പരിശീലനം**
- **സൈബർ സേഫ്റ്റി**
- **എയ്ഡ്സ് ബോധവൽക്കരണം**
- **ജീവിത ശൈലീ രോഗങ്ങളെക്കുറിച്ച് വിദഗ്ധ ക്ലാസ്**
- **കൗമാര പ്രശ്നങ്ങൾ**
- **പഠനം എങ്ങനെ മാർക്കിലെത്തിക്കാം**
- **പരിസ്ഥിതി സംരക്ഷണം**








## ADSU

ADSU ന്റെ നേതൃത്വത്തിൽ കുട്ടികളിൽ ബോധവൽക്കരണത്തിനായി താഴെപ്പറയുന്ന പരിപാടികൾ നടത്തി

- ലഹരിമുക്ത ബോധവൽക്കരണം.ഏകദിന പരിശീലനം
- ലഹരി വിരുദ്ധ റാലി എക്സൈസ് ഉദ്യോഗസ്ഥർ നൽകിയ ക്ലാസ്
- ലഹരി വിരുദ്ധ മുദ്രാവാക്യ രചനാ മത്സരം
- ലഹരി വിരുദ്ധ കവിതാലാപന മത്സരം



ലഹരി വിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി വൈഎംസിഎ ചെമ്പേരിയും സെന്റ് അഗസ്റ്റിൻസ് ഹൈസ്കൂൾ നെല്ലിക്കുറ്റിയും ചേർന്ന് വിദ്യാർഥികൾക്കായി നടത്തിയ ബോധവത്കരണ ക്ലാസ് വൈഎംസിഎ കേരളാ റീജണൽ ചെയർമാൻ ജോസ് നെറ്റിക്കാടൻ ഉദ്ഘാടനം ചെയ്തു.

### ലഹരി വിരുദ്ധ ബോധവത്കരണ ക്ലാസ് നടത്തി

**പയ്യാവൂർ:** അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി വൈഎംസിഎ ചെമ്പേരിയും സെന്റ് അഗസ്റ്റിൻസ് ഹൈസ്കൂൾ നെല്ലിക്കുറ്റിയും ചേർന്ന് വിദ്യാർഥികൾക്കായി നടത്തിയ ബോധവത്കരണ ക്ലാസ് വൈഎംസിഎ കേരളാ റീജണൽ ചെയർമാൻ ജോസ് നെറ്റിക്കാടൻ ഉദ്ഘാടനം ചെയ്തു.

ചെമ്പേരി വൈഎംസിഎ പ്രസിഡന്റ് ജോസ് ഫിലിപ്പ് തയ്യിൽ അധ്യക്ഷത വഹിച്ചു. ഫാ. മാത്യു ഓലിക്കൽ അനുഗ്രഹ പ്രഭാഷണം നടത്തി. മനോജ് എം. കണ്ടത്തിൽ ക്ലാസുകൾക്ക് നേതൃത്വം നൽകി. നെല്ലിക്കുറ്റി സെന്റ് അഗസ്റ്റിൻസ് ഹൈസ്കൂൾ മുഖ്യാധ്യാപകൻ സിബി ഫ്രാൻസിസ്, ജോയ്സ് സഖറിയാസ്, ടോമി ചാമക്കാലാ, ഇമ്മാനുവൽ ജോർജ് എന്നിവർ പ്രസംഗിച്ചു.

## അച്ചടക്കം

സ്കൂളിൽ കുട്ടികളെ നാലു ഹൗസ്സ്കളായി തിരിച്ചാണ് വിവിധ മത്സരങ്ങളിൽ പങ്കെടുപ്പിക്കുന്നത്. ഇത് ആരോഗ്യകരമായ മത്സരം ഉറപ്പാക്കുന്നു.

ഓരോ ക്ലാസ്സിനെയും അഞ്ചു ഗ്രൂപ്പുകളായി തിരിച്ചാണ് ക്ലീനിങ് നടത്തുന്നത്.

എല്ലാ തിങ്കളാഴ്ചയും ഓരോ ക്ലാസ്സിന്റെ നേതൃത്വത്തിൽ അസ്സംബ്ലി നടത്തുന്നു.ഇംഗ്ലീഷും മലയാളവും.

കുട്ടികൾക്ക് ഇന്റർവെൽ സമയത്ത് ഒഴികെ പുറത്തു പോകുവാൻ എക്സിറ്റ് കാർഡ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ട്. ഇത് അച്ചടക്കം ഉറപ്പാക്കാനും കുട്ടികൾ അനാവശ്യമായി പുറത്തു പോകുന്നത് തടയുവാനും സഹായിക്കുന്നു. ഓരോ അധ്യാപകനും ഒരു എക്സിറ്റ് കാർഡ് ഉണ്ട്. ഈ കാർഡ് ലഭിക്കുന്ന കുട്ടിക്ക് മാത്രമാണ് പുറത്തുപോകുവാൻ അനുമതി.

സ്കൂളിൽ നേരത്തെ എത്തുകയും താമസിച്ചു പോവുകയും ചെയുന്ന കുട്ടികളെ ഗ്രൂപ്പുകളായി തിരിച്ചു അവർക്ക് റീഡിങ് റൂം, സ്മാർട്ട് റൂം, ഗെയിം ,മാത്സ് കോർണർ, ക്രാഫ്റ്റ് കോർണർ ആക്ടിവിറ്റികൾ നൽകുന്നു.

സ്റ്റുഡന്റ് കൗൺസിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നു.

മാസ്സ് ഡ്രിൽ പി ടി ഡിസ്പ്ലേ എന്നിവ സ്വതന്ത്ര ദിനം, സ്പോർട്സ് ഡേ തുടങ്ങിയവയോടനുബന്ധിച്ച് നടത്തുന്നു.

അദ്ധ്യാപകർക്ക് രാവിലെയും വൈകിട്ടും ഡിസ്സിപ്ലിൻ ഡ്യൂട്ടി ഉണ്ട്.

## ദിനാചരണങ്ങൾ

എല്ലാ ദിനാചരണങ്ങളും സംഘടിപ്പിച്ചു. വിശദമായ റിപ്പോർട്ട് അറ്റാച്ച് ചെയ്തിട്ടുണ്ട് .

ഈ വർഷത്തെ സ്കൂൾ വാർഷികം ഫെബ്രുവരി 26 നാണ് .

എല്ലാ വർഷവും 9 ലെ കുട്ടികൾക്ക് പഠനയാത്ര സംഘടിപ്പിക്കുന്നു.

ഫെബ്രുവരി 13 ,14 തിയ്യതികളിലാണ് ഈ വർഷത്തെ പഠന യാത്ര.

പാദനയാത്രയുടെ യാത്രാ വിവരണം കുട്ടികൾ തയ്യാറാക്കും.

ഏറ്റവും നല്ല യാത്രാവിവരണം എഴുതുന്ന കുട്ടിക്ക്

2500 രൂപ ആണ് ക്യാഷ് പ്രൈസ്

---

## PTA MPTA

ശക്തമായ പി.ടി.എ സ്കൂൾ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു.ജൂൺ മാസത്തിൽ തന്നെ ജനറൽ ബോഡി ചേരുകയും പുതിയ എക്സിക്യൂട്ടീവിനെ തെരഞ്ഞെടുക്കുകയും ചെയ്തു. എല്ലാ മാസവും എക്സിക്യൂട്ടീവ് ചേരുന്നു. 60 % ത്തിന മേൽ രക്ഷിതാക്കളുടെ സാന്നിധ്യം എല്ലാ മീറ്റിംഗുകളിലും ഉണ്ട്.

## നേട്ടങ്ങൾ

ഈ വർഷത്തെ ഇരിക്കൂർ ഉപജില്ലാ കലോത്സവം വിജയകരമായി ഏറ്റെടുത്തു നടത്താൻ താങ്ങായത് പി ടി എ ആണ്.

പച്ചക്കറി തോട്ട  നിർമ്മാണം , നീന്തൽക്കുളം സജ്ജീകരിക്കൽ ,തുടങ്ങിയവ പി ടി എ യുടെ നേതൃത്വത്തിലാണ് നടക്കുന്നത്.

രക്ഷിതാക്കളുടെ നിർദേശ പ്രകാരം  ആണ് സ്കൂൾ ഡയറി, സ്റ്റുഡന്റ് ഐഡി കാർഡ് തുടങ്ങിയവ ഏർപ്പെടുത്തിയത്.

ഈ വര്ഷം 2 ജനറൽ ബോഡികൾ ചേർന്നു

ഈ വർഷം ഇതുവരെ 10 എക്സിക്യൂട്ടീവ് മീറ്റിംഗുകൾ ചേർന്നു

10 ലെ കുട്ടികൾക്ക് എല്ലാ മാസവും , 8 , 9 ക്ലാസ്സുകൾക്ക് 3 വീതവും ക്ലാസ് പി ടി എ നടത്തി.

വിവിധ ഭാഗങ്ങളിലായി 3 കോർണർ പി ടി എ യും ചേർന്നു

# സാമൂഹ്യ സേവനം

അഗതികൾക്ക് ഒരു കൈത്താങ്ങ് എന്ന പദ്ധതിയുടെ ഭാഗമായി കുട്ടികൾ അവരുടെ വീടുകളിൽ നിന്ന് കൊണ്ടുവന്ന നിത്യോപയോഗ സാധനങ്ങൾ ശേഖരിച്ച് വെമ്പു വാ തെരേസ ഭവനിലെ അഗതികൾക്ക് കൈമാറി..

കാരുണ്യ നിധി ക്ലാസ് കളക്ഷൻ പാവപ്പെട്ടവരെ സഹായിക്കാൻ ഉപയോഗിക്കുന്നു.

ടീച്ചേർസ് വെൽഫേർ ഫണ്ടിൽ സഹായം നൽകുന്നു.

കോർപ്പറേറ്റ് തല ചികിത്സ ഫണ്ടിൽ അധ്യാപകർ സംഭാവന ചെയ്യുന്നു.

കോർപ്പറേറ്റ് തല ഭാവന നിർമ്മാണ ഫണ്ടിൽ സഹകരിക്കുന്നു.

ഈ വർഷം 22 കുട്ടികൾക്ക് രണ്ട് സെറ്റ് വീതം യൂണിഫോം, കുട, സ്കൂൾബാഗ്, നോട്ട് ബുക്കുകൾ, ഇൻസ്റ്റ്റുമെന്റ് ബോക്സ്, മറ്റു പഠന സഹായികൾ എന്നിവ നൽകി

22 കുട്ടികളുടെ സ്കൂൾ ബസ് ഫീസ് എല്ലാ മാസവും നൽകുന്നു.

പഠന യാത്രക്ക് പോകാൻ പണമില്ലാത്ത കുട്ടികൾക്ക് പണം നൽകുന്നു.

നെല്ലിക്കുറ്റി കേരളോദയ വായനശാലയുടെ ലൈബ്രറി ഡാറ്റാബേസ് ഈ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് കുട്ടികൾ തയ്യാറാക്കി നൽകും.

## ലൈബ്രറി & റീഡിങ് റൂം

1. പുസ്തകങ്ങളുടെ എണ്ണം 2334
2. പുസ്തകങ്ങൾ വാങ്ങാൻ ഉപയോഗിക്കുന്നു3. ക്ലാസ്സ് ലൈബ്രേറിയൻ വഴി എല്ലാ ക്ലാസുകളിലും ഈ അധ്യയന വർഷത്തെ പുസ്തകങ്ങൾ നൽകുന്നു. ക്ലാസ്സ് ലൈബ്രേറിയൻ മാസത്തിലൊന്ന് വെച്ച് പുസ്തകങ്ങൾ പരസ്പരം കൈമാറുന്നു. ക്ലാസ് ഇഷ്യൂ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നു.

കുട്ടികൾ വായിച്ച പുസ്തകത്തിൻറെ ആസ്വാദനക്കുറിപ്പ് തയ്യാറാക്കി വയ്ക്കുന്നു

4. കുട്ടികൾക്ക് പ്രത്യേകം വായന മുറി ഉണ്ട്
5. പത്ര മാസികകൾ വരുത്തുന്നുണ്ട്


6. രണ്ട് , മാതൃഭൂമി, ദീപിക
7.വിദ്യാരംഗം, ഗ്രന്ഥലോകം

8. ടി വി ഉണ്ട്
9. ക്ലാസ്സ്റ്റും ലൈബ്രറി ഉണ്ട്.
10. നെല്ലിക്കുറ്റി സഹോദയ വായനശാല



ടീച്ചർ ഇൻ ചാർജ് ലിസ്സി കെ സി

# പിന്നിൽ പ്രവർത്തിച്ചവർ







നന്ദി......

സ്ക്രൈബസ് എന്ന അനന്ത സാധ്യതകളുടെ അക്ഷയപാത്രം കാണിച്ച് തന്ന ശ്രീ സുരേന്ദ്രൻ അടുത്തിലക്ക് ...

പബ്ലിഷിംഗ് ലോകത്തേക്ക് വഴിനടത്തിയ അജിത് മാഷിന്.....

പുതു വഴികളിൽ ആവേശത്തോടെ നടന്ന എന്റെ പ്രിയ ലിറ്റിൽ കൈറ്റ്സ്'ന്

ഇനിയും നടക്കാനുണ്ട് ഏറെ എന്ന ബോധ്യം പകരുന്ന ഡിജിറ്റൽ ലോകത്തിന്....

നന്ദി.......

ജോയ്സ് സഖറിയാസ്












ഇരിക്കൂർ ഉപജില്ല കേരളസ്കൂൾ
കലോത്സവം
2023-24
13 14 15 16 തിയതികളിൽ
നെല്ലിക്കുറ്റിയിൽ
സ്നേഹസ്വാഗതം








സെന്റ് അഗസ്റ്റിൻസ് ടാലന്റ്
അക്കാദമി
'സമ്മർ സിസിൽ'
Teen's Meet
A Holistic Development Training Program by SATA




കേരള സ്കൂൾ
കലോത്സവം
13,14,15,16
ഉദ്ഘാടന സമ്മേളനം
2023 നവംബർ 13
തിങ്കളാഴ്ച
രാവിലെ 10.00 മണിക്ക്



